ടി കെ എം കോളേജ് ഓഫ് ആർട്സ് & സയൻസ്
ഹസാര കലാലയ യൂണിയൻ മാഗസിൻ 2025- 26

# ഒലക്ക




25 YEARS OF EXCELLENCE · RECOGNITION · TRUST
INDIA EDUCATION AWARD - 2017
DESHABHIMANI അക്ഷരമുറ്റം AWARD - 2019
ENTE SAMRAMBHAM AWARD - 2019
BUSINESS EXCELLENCE AWARD - 2022
BRAND STORIES AWARD - 2026
EDU WORLD INTERNATIONAL
25 YEARS
ഇന്ത്യയിലോ വിദേശത്തോ...
നിങ്ങളുടെ പഠന സ്വപ്നങ്ങൾക്ക്
EDUWORLD കൂടെയുണ്ട്!
STUDY IN INDIA
Karnataka & Tamilnadu
YENEPOYA
RAMAIAH UNIVERSITY OF APPLIED SCIENCES
KRISTU JAYANTI (DEEMED TO BE UNIVERSITY)
EAST POINT GROUP OF INSTITUTIONS
CHRIST
SRM
HINDUSTAN INSTITUTE OF TECHNOLOGY & SCIENCE (DEEMED TO BE UNIVERSITY)
STUDY ABROAD
UK | AUSTRIA | LATVIA | MALTA | SLOVENIA | ALBANIA
GEORGIA | RUSSIA | BOSNIA AND MANY MORE
For More Information & Admissions
Eduworld International Pvt Ltd | 6th Floor | RP Mall Kollam
Head Office : Mangalore | Regional Offices Across Kerala
+91 8943 8943 27
www.eduworldgroup.com




# സമർപ്പണം

പാലസ്തീനിൽ മരണപെട്ട നിഷ്കളങ്കരായ മനുഷ്യർക്ക്,
ലോകത്തെമ്പാടും നടക്കുന്ന അനീതിക്കെതിരെ യുള്ള
പ്രതിരോധങ്ങൾക്ക്, യുദ്ധങ്ങളിൽ കൊല്ലപ്പെടുന്ന
മനുഷ്യർക്ക്, നേപ്പാളിലും കേരളത്തിലും പ്രളയത്തിൽ
മരണപെട്ട മനുഷ്യർക്ക്, വിവിധ തൊഴിലാളി വർഗ്ഗങ്ങൾക്ക്,
അവരുടെ സമരങ്ങൾക്ക് അടിച്ചമർത്തപ്പെട്ടവർക്ക്,
അവകാശങ്ങൾക്കു വേണ്ടി പോരാട്ടം നടത്തുന്ന
യുവജനങ്ങൾക്ക്, പൗരത്വം തെളിയിക്കാൻ
പോരാടുന്നവർക്ക്, നഷ്ടപ്പെട്ട വോട്ടവകാശത്തിന് വേണ്ടി
ശബ്ദമുയർത്തുന്നവർക്ക്
സമർപ്പിക്കുന്നു



JANAB A. THANGAL KUNJU MUSALIAR
(1897- 1966)



T. K SHAHAL HASSAN MUSALIAR
PRESIDENT, TKM COLLEGE TRUST



T.K. KAMALUDDIN MUSALIAR



T.K. JALALUDDIN MUSALIAR



T.K. USMAN MUSALIAR



T.K. ABDUL KARIM MUSALIAR



AKBAR HYDER MUSALIAR



T.K. JAMALUDDIN MUSALIAR



T.K. BADARUDDIN MUSALIAR



SADIQ. S. THAHA



M.A. MAHABOOB



KHALID MUSALIAR



TARIQ S. MUSALIAR



MOHAMED HAROON



AFZAL MUSALIAR .J



MOHAMMED ANWAR MUSALIAR



# Principal's Note

**TKM College of Arts and Science has, for over five decades, played a pivotal role in advancing higher education and research, particularly for socially and economically marginalized sections of society.As we aspire to reach the pinnacle of excellence in both academic and co-curricular spheres, we at TKM remain committed to the holistic development of our students. Our endeavour is to help them realise their fullest potential in the fields that inspire them and to equip them with the competencies required to face future challenges with confidence.**

**We cherish the ideals of our revered founder, who envisioned an institution firmly anchored in the social milieu from which it emerged.Guided by this vision, we strive to think globally while acting responsively within our local context.I am pleased to note that TKM College of Arts and Science continues to progress steadily on the path of success through exemplary dedication and commitment, having secured the highest NAAC grade of A++ in the third cycle of accreditation.The countless alumni who have passed through these hallowed portals and now serve in various spheres of public life bear testimony to the distinctive niche the college has carved out in the field of education. This recognition is a fitting tribute to an institution that proudly carries the name of Janab Thangal Kunju Musaliar, a visionary who accepted nothing short of excellence.**

**In this issue of our college magazine, titled "Yelahanka," I am delighted to present a rich assortment of writings by our gifted students, showcasing the passion, intellect, and creativity that characterise our learner community. I believe that you will enjoy the emerging voices in this magazine, and appreciate the innovative perspectives gathered within these pages.**

**Prof. (Dr.) M. J. Sheeba**
*Principal*

മണ്ണിൽ നിന്നും അതിന്റെ ഭാഗമായ വേരുകളെ പിഴുതെറിയുക; അങ്ങനെ മണ്ണിലുണ്ടാകുന്ന മുറിവുകളെ 'പുരോഗതി' എന്നു വിളിക്കുക – കർണാടകയിലെ യെലഹങ്കയിൽ സംഭവിച്ചതിന്റെ ചുരുക്കമിതാണ് .

ബുൾഡോസറുകളുടെ പ്രഹരമേറ്റ് തങ്ങളുടെ വീടുകൾ നിലം പൊത്തുമ്പോൾ, കൊടുങ്കാറ്റ് കയറിയാൽ മാത്രം സംസാരിക്കുന്ന മരച്ചില്ലകളെ പോലെ ആയിരക്കണക്കിനു മനുഷ്യർ, കൃത്യമായി പറഞ്ഞാൽ ദളിതരും മുസ്‌ലിങ്ങളും പിടഞ്ഞുനില വിളിക്കുകയായിരുന്നു.

അധികാര ശാസനകളുടെ ഭ്രാന്തമായ വേട്ടയിൽ മനുഷ്യരല്ലാതാക്കപ്പെട്ടവരുടെ , അദൃശ്യരാക്കപ്പെട്ടവരുടെ നിലക്കാത്ത വേദന. തകർന്നു വീഴുന്ന കുടിലുകൾ, പ്രാണനു വേണ്ടി ഓടുന്ന ഉടലുകൾ, അവയ്ക്കിടയിൽ മറയ്ക്കപ്പെടുന്ന ഓർമ്മകൾ, ചരിത്രത്തിന്റെ ഏടുകൾ. ഇവിടെയും പ്രതിക്കൂട്ടിൽ നിൽക്കുന്നത് ഭരണകൂട ഭീകരതതന്നെ.

പൊള്ളയായ ദൈവങ്ങൾ കുടികൊള്ളുന്ന ബലിപീഠങ്ങളുമായി നിൽക്കുന്ന മണിമാളികകളുടെ ഇന്ത്യയിൽ, 'യെലഹങ്ക' ഒരു പ്രതീകമാണ്. കരയിലും കടലിലും ഇടമില്ലാത്ത 'തിര' കളാ ക്കപ്പെട്ട ലോകത്തെമ്പാടുമുള്ള അനേകം മനുഷ്യജന്മങ്ങളുടെ പ്രതീകം. അവരുടെ ആശങ്കകളും ആശയങ്ങളും വിഹ്വലതകളും പ്രതിരോധവും വിപ്ലവവും ഈ മാഗസിനിൽ നിങ്ങൾക്കു വായിക്കാം. 'യെലഹങ്ക' നിങ്ങളുടെ വായനകൾക്കും വിമർശനങ്ങൾക്കുമായി സമർപ്പിക്കുന്നു.

**നിയാസ് എസ്.എം.**
*സ്റ്റാഫ് എഡിറ്റർ*





കാലങ്ങൾക്ക് ശേഷം നാളെയുടെ തലമുറ ഇന്ത്യൻ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ നിർധരരായ ഒരു കൂട്ടം ജനസമൂഹം അവകാശങ്ങൾ നിഷേധിക്കപ്പെട്ട് ജീവിച്ചു എന്ന് അറിയേണ്ടി വരും. ആ ഒരു സമൂഹം ഉണ്ടാവാതിരിക്കാൻ ശ്രമിക്കേണ്ടത് നമ്മുടെ ഈ തലമുറയുടെ കടമയാണ്.

ഒരു മാഗസിൻ എന്നാൽ അടുക്കിച്ചേർത്ത കടലാസുകൂട്ടങ്ങൾ അല്ല, അത് വിദ്യാർത്ഥികളുടെ സമൂഹത്തോടും വ്യവസ്ഥിതിയോടുമുള്ള കാഴ്ചപ്പാടുകളും വ്യക്തിപരമായ ആശയങ്ങളുമാണ്.

'യെലഹങ്ക' എന്ന് നമ്മുടെ മാഗസിന് നാമകരണം ചെയ്യാനുള്ള കാരണവും ഇതുതന്നെയാണ്. യെലഹങ്ക എന്നാൽ വെറുമൊരു പേര് മാത്രമല്ല; ജനിച്ച മണ്ണിൽ നിന്ന് ആട്ടിയകറ്റപ്പെട്ട നിസ്സഹായരായ ഒരു കൂട്ടം മനുഷ്യരുടെ അതിജീവനത്തിന്റെ സമരഭൂമികയാണ്. ഇന്ത്യൻ ജനാധിപത്യ മൂല്യങ്ങൾ ഇപ്പോഴും നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിനുള്ള ഉത്തമ ഉദാഹരണം കൂടിയാണത്.

ഭരണകൂട അടിച്ചമർത്തലുകളുടെ ഭാഗമായി ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തെ പ്രതിരോധിക്കാനുള്ള പ്രചോദനമാക്കാനും, വിശകലനം നടത്തി വിമർശിക്കാനും ഈ സൃഷ്ടി നിങ്ങളിലേക്ക് സമർപ്പിക്കുന്നു.

**അനന്ദു ഡി. രാജ്**
*മാഗസിൻ എഡിറ്റർ*

ഒരു മാഗസിൻ എന്നത് വെറും സാഹിത്യസൃഷ്ടികളുടെ സമാഹാരമല്ല, ഒരു കാലഘട്ടത്തിന്റെ ചിന്തകളും, ഒരു ക്യാമ്പസിന്റെ ആത്മാവും, ഒരു തലമുറയുടെ സ്വപ്നങ്ങളും രേഖപ്പെടുത്തുന്ന ജീവിക്കുന്ന ചരിത്രമാണ്. ആ അർത്ഥത്തിൽ, 'യെലഹങ്ക' നമ്മുടെ കോളേജ് യൂണിയന്റെ ഔദ്യോഗിക മാഗസിൻ മാത്രമല്ല, ഈ ക്യാമ്പസിലെ ഓരോ വിദ്യാർത്ഥിയുടെയും ശബ്ദവും അനുഭവവും പ്രതിരോധവും ചേർന്നൊരുങ്ങിയ കൂട്ടായ ആവിഷ്കാരമാണ്.

'യെലഹങ്ക' എന്ന പേര് ഒരു സ്ഥലത്തെ മാത്രം സൂചിപ്പിക്കുന്നതല്ല. അധികാരത്തിന് മുന്നിൽ ശബ്ദം നഷ്ടപ്പെടുന്ന സാധാരണ മനുഷ്യരുടെ ജീവിതത്തെയും, മൗലികാവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന കാലത്തെയും, അനീതിക്കെതിരെ മൗനം പാലിക്കാതെ നിലകൊള്ളേണ്ട സാമൂഹിക ഉത്തരവാദിത്തത്തെയും അത് ഓർമ്മിപ്പിക്കുന്നു.

ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും മനുഷ്യന്റെ അന്തസ്സും ചോദ്യം ചെയ്യപ്പെടുന്ന ഓരോ ഘട്ടത്തിലും ശബ്ദമുയർത്തുക എന്നത് വിദ്യാർത്ഥികളുടെ കടമയാണ്. ആവിഷ്കാരസ്വാതന്ത്ര്യത്തിന് മേൽ നിയന്ത്രണങ്ങൾ ഉയരുമ്പോഴെല്ലാം അതിന് ശക്തമായ മറുപടി നൽകാൻ നമ്മുടെ ക്യാമ്പസുകൾക്ക് കഴിയണം.

കഴിഞ്ഞ ഒരു വർഷക്കാലം ഹസാര കോളേജ് യൂണിയന് അക്കാദമിക, കലാ, കായിക മേഖലകളിൽ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. വിജയങ്ങളേക്കാൾ കൂടുതൽ ഞങ്ങളെ പഠിപ്പിച്ചത് വെല്ലുവിളികളായിരുന്നു. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ കേൾക്കാനും, അവകാശങ്ങൾക്കും അവസരങ്ങൾക്കും വേണ്ടി ഒപ്പം നിൽക്കാനും ഈ യൂണിയന് സാധിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ കാലയളവിൽ ഞങ്ങളെ വിശ്വസിക്കുകയും ഓരോ ചുവടിലും ഒപ്പം നിൽക്കുകയും ചെയ്ത എല്ലാ വിദ്യാർത്ഥികളോടും നന്ദി രേഖപ്പെടുത്തുന്നു.

ഈ മാഗസിന്റെ ഓരോ താളിലും നമ്മുടെ ക്യാമ്പസിന്റെ ആത്മാവും വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും പ്രതിഫലിക്കുന്നുണ്ട്. 'യെലഹങ്ക' വായനക്കാർക്ക് പുതിയ ചിന്തകളും ചോദ്യങ്ങളും പ്രചോദനവും സമ്മാനിക്കട്ടെ. മനുഷ്യസ്നേഹവും ജനാധിപത്യബോധവും കലയുടെ സൗന്ദര്യവും ഒരുപോലെ ഉൾക്കൊള്ളുന്ന ഈ മാഗസിൻ, നമ്മുടെ ക്യാമ്പസിന്റെ ശബ്ദമായും ഈ കാലഘട്ടത്തിന്റെ സാക്ഷ്യമായും എന്നും നിലനിൽക്കട്ടെ.



**രാജാ സേതുപതി**
*യൂണിയൻ ചെയർമാൻ*



വിദ്യാർത്ഥികളുടെ സർഗാത്മകതയും ചിന്താശേഷിയും കലാപ്രതിഭയും സാമൂഹിക പ്രതിബദ്ധതയും ഒരുമിച്ച് പ്രതിഫലിപ്പിക്കുന്ന 2025 -26 അധ്യയന വർഷത്തെ കോളേജ് യൂണിയൻ മാഗസിൻ വായനക്കാർക്ക് സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

കഴിഞ്ഞ ഒരു വർഷക്കാലം അക്കാദമിക, കലാ, സാഹിത്യ, സാംസ്കാരിക, കായിക, സാമൂഹിക മേഖലകളിൽ കോളേജ് യൂണിയൻ നടത്തിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനും നേതൃത്വപാടവത്തിനും കൂട്ടായ പ്രവർത്തന മനോഭാവത്തിനും ശക്തമായ അടിത്തറ പാകി. ഈ മാഗസിൻ ആ പ്രവർത്തനങ്ങളുടെയും അനുഭവങ്ങളുടെയും സൃഷ്ടിപരമായ ആവിഷ്കാരമാണ്.

ഒരു മാഗസിൻ വെറും രചനകളുടെ സമാഹാരമല്ല; ഒരു ക്യാമ്പസിന്റെ ഹൃദയമിടിപ്പും ഒരു തലമുറയുടെ സ്വപ്നങ്ങളും ചിന്തകളും ഓർമ്മകളും രേഖപ്പെടുത്തുന്ന ചരിത്രരേഖ കൂടിയാണ്. ഈ പതിപ്പിലെ ഓരോ സൃഷ്ടിയും നമ്മുടെ വിദ്യാർത്ഥികളുടെ കഴിവിന്റെയും ആത്മവിശ്വാസത്തിന്റെയും സാക്ഷ്യപത്രമാണ്.

ഈ മാഗസിന്റെ പ്രസിദ്ധീകരണത്തിനായി അക്ഷീണം പരിശ്രമിച്ച കോളേജ് യൂണിയൻ ഭാരവാഹികൾക്കും എഡിറ്റോറിയൽ ബോർഡിനും വിദ്യാർത്ഥി എഴുത്തുകാർക്കും അധ്യാപകർക്കും സാങ്കേതിക പ്രവർത്തകർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

ഈ മാഗസിൻ വായനക്കാർക്ക് വിജ്ഞാനവും ചിന്തയും പ്രചോദനവും നൽകട്ടെയെന്നും, നമ്മുടെ വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ യാത്രയ്ക്ക് പുതിയ ദിശാബോധം നൽകട്ടെയെന്നും ആത്മാർത്ഥമായി ആശംസിക്കുന്നു.

**ഡോ. ഫിറോസ് ഖാൻ എ.**
*സ്റ്റാഫ് അഡ്വൈസർ, കോളേജ് യൂണിയൻ*

# അന്ന് പുലർച്ചെ യെലഹങ്കയിൽ സംഭവിച്ചത്

APARNA
II MA English



ഡിസംബർ 20 ശനിയാഴ്ച. ബംഗളൂരുവിൽ നിന്നും 19 കിലോമീറ്റർ അകലെ യെലഹങ്കയിലെ കൂകിലു ഗ്രാമം. അന്നവിടെ കൊടും തണുപ്പാണ്. അവിടെ പാർശ്വവത്കരിക്കപ്പെട്ട ഒരു കോളനിയുണ്ട്. മുസ്ലിം ഫക്കീർ വിഭാഗങ്ങളും അന്നന്നത്തെ അന്നത്തിനു വേണ്ടി കഷ്ടപ്പെടുന്ന ദളിതരും മറ്റു പാവങ്ങളും അടക്കമുള്ള 250 ലേറെ കുടുംബങ്ങളാണ് ഇവിടെ കഷ്ടപ്പെട്ടു കഴിയുന്നത്. അതായത് ആയിരത്തിലേറെ മനുഷ്യർ. എന്താണ് ഡിസംബർ 20 ന് പുലർച്ചെ യെലഹങ്കയിൽ നടന്നത്?

മൂന്നു ദിവസമായിട്ട് അവിടെ കറന്റ് കട്ടായിരുന്നു. ജലവിതരണവും മുടങ്ങി.കൊടുംതണുപ്പത്ത് ചെറിയകൂരക്കുള്ളിൽതണുത്തു വിറച്ചുറങ്ങുകയായിരുന്നു ആ മനുഷ്യർ. പുലർച്ച നാലുമണി. അനേകം വണ്ടികളുടെ ഇരമ്പൽ കേട്ടാണ് അവരുണരുന്നത്. പുറത്തു നിറയെ വാഹനങ്ങൾ. അതിൽ നിന്ന് കുറേ പേർ പുറത്തേക്കിറങ്ങുന്നു. ഗ്രേറ്റർ ബംഗളൂരു അതോറിറ്റിയുടെ കീഴിലുള്ള ബംഗളൂരു സോളിഡ് വേസ്റ്റ് മാനേജ്മെൻറ് ലിമിറ്റഡിലെ 70 ഉദ്യോഗസ്ഥർ, പോലീസുകാർ, ഫയർ ഫോഴ്സുകാർ. അവർക്കൊപ്പം ഒൻപത്ട്രാക്ടറുകൾ, ഒൻപത് ജെസിബികൾ, ആംബുലൻസുകൾ, പോലീസ് വാനുകൾ. ചോദ്യവും പറച്ചിലും ഒന്നും ഉണ്ടായില്ല. പോലീസുകാർ ആളുകളെ വീടുകളിൽ നിന്നും ബലമായി വലിച്ചിറക്കാൻ തുടങ്ങി. ഉദ്യോഗസ്ഥർ ആ കൂരകളിലേക്ക് പാഞ്ഞു കയറിക്കൊണ്ട് ഗ്യാസ് സിലിണ്ടറുകളും സ്റ്റാവും



തീപിടിക്കാൻ സാധ്യതയുള്ള മറ്റു വസ്തുക്കൾ എന്ന് തോന്നിയ എല്ലാം വലിച്ചു പുറത്തേക്കെ റിഞ്ഞു. എന്നാൽ അവരുടെ വസ്ത്രങ്ങൾ പുസ്തകങ്ങൾ ആഭരണങ്ങൾ പ്രധാനപ്പെട്ട രേഖകൾ ഒന്നും അവരെ കൈകൊണ്ട് തൊടാൻ സമ്മതിച്ചില്ല. അടുത്ത നിമിഷം നിറ തോക്കുമായി നിന്ന പോലീസുകാരുടെ കാവലിൽ ജെസിബികൾ ആ കൂരക ളിലേക്ക് ഇരമ്പികയറി. ഗർഭിണികൾ, സ്ത്രീകൾ, പിഞ്ചുകുട്ടികൾ, മാറാരോ ഗികൾ, വൃദ്ധരടക്കം മനുഷ്യർ കയ്യിൽ കിട്ടിയതെല്ലാമെടുത്തു പുറത്തേക്കോടി. കുടിലുകൾക്ക് മുകളിലൂടെ ജെസിബി കൾ തച്ചുടച്ചു മുന്നോട്ടു നീങ്ങി.ബാക്കി യുള്ളവ ഇടിച്ചുനിരത്തി. ആ വീടുകൾ മൺകൂനകളായി മാറി.

കൂട്ടകരച്ചിലുകൾ ആയിരുന്നു അവിടെ. പ്രതിഷേധവുമായി വന്നവരെ പോലീ സ് തല്ലിച്ചതച്ച് പുറത്തുള്ള പോലീസ് വാനുകളിലേക്ക് ഉന്തികയറ്റി. ഏതാണ്ട് മൂന്നു മണിക്കൂർ. ആ സമയം കൊണ്ട് ആ വീടുകളെല്ലാം മൺകൂനകളായി മാറി. സ്ത്രീകളും വൃദ്ധരും കുട്ടികളും അടക്കമുള്ളവർ കൊടും തണുപ്പത്ത് വിറച്ചു വിറങ്ങലിച്ചു നിന്നു. അത്രകാ ലം ജീവിച്ച വീടുകളിൽ നിന്ന് കുടി യൊഴിക്കപ്പെട്ടവർ നിരാലംബരായി പുതപ്പില്ലാതെ കീടുകിടാവിറക്കുന്ന തണുപ്പത്ത് കുത്തിയിരുന്നു.

ഗ്രേറ്റർ ബാംഗ്ലൂരു അതോറിറ്റിയുടെ കീ ഴിൽ ബാംഗ്ലൂരു സോളിഡ് വേസ്റ്റ് മാനേ ജ്മെന്റ് ലിമിറ്റഡ് ആണ് ഈ വീടുകൾ പൊളിച്ചു നിരത്തിക്കളഞ്ഞത്. അവിടെ ഒരു ഘരമാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിക്കണം എന്ന് പറഞ്ഞുകൊ ണ്ടാണ് ഈ നടപടി ഉണ്ടായത്.വർഷ ങ്ങൾക്കു മുന്പ് സർക്കാർ തങ്ങൾക്ക് നൽകിയ 14 ഏക്കർ ഭൂമിയുടെ ഭാഗമായ അഞ്ച് ഏക്കർ കയ്യേറ്റ ഭൂമിയാണ് ഒഴി പ്പിച്ചത് എന്നാണ് ഗ്രേറ്റർ ബംഗളൂരു അതോറിറ്റി വിശദീകരിച്ചത്.

ഇവിടെ 150 കുടുംബങ്ങൾ താമസിക്കു ന്നു എന്നാണ് സർക്കാരിന്റെ കണക്ക്. എന്നാൽ 250 ലേറെകുടുംബങ്ങളിലാ യി ആയിരത്തിലേറെ മനുഷ്യർ ഇവി ടെ താമസിക്കുന്നതായിട്ടാണ് സന്നദ്ധ സംഘടനകൾ പറയുന്നത്. ഒഴിഞ്ഞു പോകണമെന്ന് ആവശ്യപ്പെട്ട് മൂന്നു തവണ നോട്ടീസ് നൽകിയശേഷമാണ് ജെസിബി ഉരുട്ടി ഇറക്കിയത് എന്നാണ്



സിദ്ധരാമയ്യയും ഡി കെ ശിവകുമാറും പറഞ്ഞത്.എന്നാൽ ഇത് പച്ചകള്ളമാണെന്നും സർക്കാർ വക ഒരു നോട്ടീസും തങ്ങൾക്ക് കിട്ടിയിട്ടില്ല എന്നാണ് ഇവിടുത്തെ താമസക്കാർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്.

ഇത്രയും പരിശോധിച്ചാൽ മനസ്സിലാകുന്ന ചില കാര്യങ്ങളുണ്ട്. ഇത് ബുൾഡോസർ രാജ് തന്നെയാണ്. മനുഷ്യരെ, നിരാലംബരായ ആയിരത്തോളം മനുഷ്യരെ ഒരു മനുഷ്യ പറ്റില്ലാതെ സർക്കാർ വഴിയാധാരമാക്കി. ഉത്തരേന്ത്യൻ മുസ്ലിങ്ങൾക്കെതിരെയും ദളിതുകൾക്കെതിരെയും പ്രയോഗിക്കുന്ന ബുൾഡോസർ രാജ് തന്നെയാണ് അതേ വിഭാഗക്കാർക്കെതിരെ ഇവിടെയും നടപ്പാക്കിയത്. പാവപ്പെട്ട മനുഷ്യർക്ക് ചോദിക്കാനും പറയാനും ആരുമില്ലെന്ന തോന്നലിൽ തന്നെയാണ് ഈ ക്രൂരത നടത്തിയത്.

ബംഗളൂരു വളരുകയാണ്. നഗരവാസികളുടെ മാലിന്യങ്ങൾ സംസ്കരിക്കാൻ സ്ഥലം വേണം .അങ്ങനെയാണ് അവർ യെലഹങ്ക എന്ന ഈ സ്ഥലം കണ്ടെത്തുന്നത്. അവിടെയുള്ള മനുഷ്യരെ പുഴുക്കളെ പോലെ കണ്ടതിനാൽ പോലീസിനെ ഉപയോഗിച്ച് ഒറ്റയടിക്ക് ഒഴിപ്പിച്ചെടുക്കുകയാണ് ചെയ്തത്.

പിന്നീട് നിരവധി സന്നദ്ധ സംഘടനകൾ ഈ മനുഷ്യരുടെ സഹായത്തിന് എത്തി. അവർ ഭക്ഷണവും വെള്ളവും മറ്റ് അവശ്യസാധനങ്ങളും നൽകി. സർക്കാർ പുതിയ താമസസൗകര്യങ്ങൾ ഒരുക്കുമെന്ന് വാഗ്ദാനം ചെയ്തു. എങ്കിലും വീടുകൾ നഷ്ടപ്പെട്ടവരുടെ വേദന അതുകൊണ്ട് മാത്രം അവസാനിച്ചില്ല. അവർക്ക് വീണ്ടും സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാൻ സമയവും ആവശ്യമായിരുന്നു.

യെലഹങ്ക മനുഷ്യരുടെ അവകാശങ്ങളെക്കുറിച്ച് നമ്മെ ചിന്തിപ്പിക്കുന്നു. വികസന പദ്ധതികൾ ആവശ്യമാണ്. എന്നാൽ അതിന്റെ പേരിൽ പാവപ്പെട്ട മനുഷ്യരുടെ ജീവിതം തകർക്കാൻ പാടില്ല. ആളുകളെ മാന്യമായി പുനരധിവസിപ്പിക്കുകയും അവരുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്ത ശേഷമേ ഇത്തരം നടപടികൾ സ്വീകരിക്കാവൂ. മനുഷ്യകാരുണ്യവും നീതിയും ഒരുപോലെ സംരക്ഷിക്കപ്പെടുമ്പോഴാണ് യഥാർഥ പുരോഗതി സാധ്യമാകുന്നത്.

# ഭരണകൂടത്തെ തിരുത്തുന്ന ന്യൂജെൻ ആധിപത്യം

ABHIJITH S. R.
III BA English

രണ്ടുമാസം നീണ്ട രൂക്ഷമായ യുവജനപ്രക്ഷോഭത്തിനോടുവിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ രാജി വെയ്ക്കുകയുണ്ടായി. പോലീസിനെ ഉപയോഗിച്ച്  ഭരണകൂടം നടത്തിയ നിർദയമായ അടിച്ചമർത്തലുകൾക്കും ചോര ചിന്തിയിട്ടും നേർക്കുനേർ തളരാതെ നിന്ന യുവജനപ്രതിരോധത്തിനും രാജ്യം സാക്ഷിയായി. നീറ്റ് യൂജി ചോദ്യ ചോർച്ചയുടെ ഉത്തരവാദിത്വം വാക്കാൽ ഏറ്റെടുത്ത മന്ത്രിയെ  പുറത്താക്കാൻ ഭരണ നേതൃത്വം നിർബന്ധിതരാവുകയായിരുന്നു. നീറ്റ് യൂജിക്കൊപ്പം സി ബി എസ് ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ നടത്തിപ്പിലും വലിയ പിഴവുകൾ സംഭവിച്ചിരുന്നു. പരീക്ഷാ ക്രമക്കേടുകൾ ഏൽപ്പിച്ച മാനസിക ആഘാതത്തിൽ ഇരുപതിലേറെ കുട്ടികൾ ജീവിതം അവസാനിപ്പിച്ചു. എന്നിട്ടും നാമമാത്ര നടപടികളിലൂടെ പ്രതിസന്ധിയെ നേരിടുക എന്നതായിരുന്നു സർക്കാരിന്റെ തന്ത്രം.  എന്നാൽ ഇത്തരം പഴഞ്ചൻ രീതികളെ കോക്രോച് ജനതാ പാർട്ടിയുടെ നേതൃത്വത്തിലുള്ള യുവജനം തള്ളിക്കളഞ്ഞു.

കോക്രോച് ജനത പാർടി (സി ജെ പി.) യെ നിശബ്ദരാക്കാൻ ദേശവിരുദ്ധരെന്ന ആരോപണ ഉൾപ്പെടെയുള്ള പതിവ് ആയുധ ശേഖരമാണ്  സർക്കാർ






ഉപയോഗിച്ചത്. അടിച്ചമർത്തലിന് പോലീസിനെ നിയോഗിച്ചു. ആശയവിനിമയ സംവിധാനങ്ങൾ വിച്ഛേദിച്ചു. യാത്രാസൗകര്യങ്ങൾ തടസ്സപ്പെടുത്തി. പക്ഷേ ദൃഢനിശ്ചയത്തോടെ യുവജനത നടത്തിയ സമരത്തിനു മുന്നിൽ ഒടുവിൽ സർക്കാരിനു കീഴടങ്ങേണ്ടി വന്നു. ജനാധിപത്യത്തിന്റെ വിജയം എന്നാണ് മന്ത്രിയുടെ രാജിയെ സി ജെ പി നേതാവ് അഭിജിത്ത് ദീപ്കെ വിശേഷിപ്പിച്ചത്. ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ബാനറൊ സംഘടനാ സംവിധാനമോ ഇല്ലാതെ പുതുതലമുറയുടെ ജനാധിപത്യപരമായ സമരത്തിന്റെ മുഖ്യമുഖമായി അഭിജിത്ത് മാറിയത് ഏതാനും ദിവസങ്ങൾ കൊണ്ടാണ്.

ഒരു വിഷയത്തിൽ മാത്രമുള്ള പ്രതിഷേധമാണ് ഇപ്പോൾ സംഭവിച്ചതെന്ന് കരുതാനാവില്ല. നോട്ട് നിരോധനം, കർഷകരുടെ പ്രശ്നങ്ങൾ, പൗരത്വ നിയമത്തിലെ മാറ്റങ്ങൾ, എസ് ഐ ആറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ചരിത്ര പാഠപുസ്തകങ്ങളിൽ വരുത്തിയ തിരുത്തലുകൾ, വർഗീയ വിദ്വേഷത്തോടെയുള്ള അതിക്രമങ്ങൾ തുടങ്ങി പല നടപടികളോടുമുള്ള പ്രതിഷേധം സമൂഹത്തിന്റെ കോടതിയിൽ നീറി നിൽപ്പുണ്ടായിരുന്നു.

ഭരണകൂട വീഴ്ചയ്ക്കു മറുപടി നൽകാൻ തിരഞ്ഞെടുപ്പ് വരെ കാത്തിരിക്കാൻ പുതുതലമുറ കാത്തിരിക്കില്ലെന്ന് സർക്കാരും രാഷ്ട്രീയപാർട്ടികളും തിരിച്ചറിയേണ്ടതുണ്ട്. അവർക്ക് തങ്ങളുടെ വേദനകൾ ലോകത്തോട് പങ്കുവയ്ക്കാൻ തങ്ങളുടെതായ രീതികൾ ഉണ്ട്. പൊള്ളയായ വെറും വാക്കുകളിൽ യുവജനത തൃപ്തരാകില്ല. രാഷ്ട്രീയമായ തന്ത്രങ്ങളിലോ അടിച്ചമർത്തലുകളിലോ അവർ നിശബ്ദരാകില്ല. ഇന്ത്യൻ യുവത്വത്തിനു വേണ്ടത് ആത്മാർത്ഥത വ്യക്തമാക്കുന്ന പ്രവൃത്തികളാണ്. അതിനാൽ തന്നെ ജന്തർ മന്തറിൽ സമരക്കാർ പാടിയ 'ജനഗണമന' ഏകാധിപത്യ ഭരണകൂടങ്ങൾക്കുള്ള മുന്നറിയിപ്പ് തന്നെയാണ്.

ഭരണകൂട വീഴ്ചയ്ക്കു മറുപടി നൽകാൻ തിരഞ്ഞെടുപ്പ് വരെ കാത്തിരിക്കാൻ പുതുതലമുറ കാത്തിരിക്കില്ലെന്ന് സർക്കാരും രാഷ്ട്രീയ പാർട്ടികളും തിരിച്ചറിയേണ്ടതുണ്ട്. അവർക്ക് തങ്ങളുടെ വേദനകൾ ലോകത്തോട് പങ്കുവയ്ക്കാൻ തങ്ങളുടെതായ രീതികൾ ഉണ്ട്.

# ഇന്ത്യയിലെ ആറു സർക്കാർ വകുപ്പുകൾ

FATHIMA AFRAH S.R.
I MA English




**ഒന്നാം വകുപ്പ്**
ഭയമാണ്
രാജ്യത്തിന്റെ ഔദ്യോഗിക ഭാഷ.
ശബ്ദമുയർത്തുന്നവർ
രാജ്യദ്രോഹികളാകും.
മൗനം പാലിക്കുന്നവർ
മാതൃകാ പൗരന്മാരും.

**രണ്ടാം വകുപ്പ്**
സത്യത്തിന്
സാക്ഷികൾ വേണ്ട.
അത്
വാർത്തയാകുന്നതിന് മുമ്പ്
നുണയുടെ യൂണിഫോം
ധരിപ്പിച്ചാൽ മതി.

**മൂന്നാം വകുപ്പ്**
ചരിത്രം
വിജയിച്ചവരുടെ
കൈകളാൽ മാത്രം
എഴുതപ്പെടണം.
സത്യങ്ങൾ
കാലത്തിനനുസരിച്ച്
തിരുത്താവുന്നതുമാണ്.

**നാലാം വകുപ്പ്**
വിശപ്പിനെക്കുറിച്ച്
സംസാരിക്കരുത്.
പകരം
ദേശസ്നേഹത്തെക്കുറിച്ച്
ഉച്ചത്തിൽ സംസാരിക്കുക.

**അഞ്ചാം വകുപ്പ്**
മരങ്ങൾ മുറിക്കാം.
നദികളെ
ചങ്ങലയിൽ കെട്ടാം.
മലകളെ
ഉഴുതുമറിക്കാം.
പ്രകൃതി
വോട്ടർമാരല്ലല്ലോ.

**ആറാം വകുപ്പ്**
വെളിച്ചം
അപകടകരമായ
ആശയമാണ്.
ഇരുട്ടാണ്
ഔദ്യോഗിക സമാധാനം.

# GAZA, UNBURIED

HAJIRA SAJI
III BA English



I am the throat slit open,
foaming at the edge of this city of cages.
They fling their dead at me,
and I, obscene midwife,
wash them back in shrouds of salt.
My waves are teeth.
They gnash at the shore,
chewing the rubble, the toys,
the wristwatch stopped at 3:12.
I do not forget.
I cannot forget.
Once, figs blistered open on my tongue,
sweet rot of summer,
once, nets came home fat with silver.
Now the nets are coffins.
Now the air is a bruise that does not fade.
Do not call me beautiful.
I am not blue, I am black with their voices.
I am the throat of Gaza,
screaming under water,
a choir of names that slice the waves
like broken glass.
The world shuts its eyes.
But I am lidless.
I see everything.
I swallow everything.
And I spit it back,
again, again, again,
until even silence chokes.

# THE IMPACT OF ATTENTION ECONOMY
## IN CONTEMPORARY INDIAN POLITICS

ANAGHA V
I MSc Physics

We are immersed in a world that lives and breathes politics. Fortunately, it cannot be served on a platter, lest someone would have ingested that sickly black goo and demanded a Nobel Prize for peace and politics. None of this is to undermine the actual worth true politics would carry. But what we witness today in the sacred name of politics is an intruder—smeared and smudged with atrocities, crime and the blood of others.

Imagine a dark night. You are walking alone on the street. There's not even a lamp to light up the path. But you are familiar with all the nooks and corners. You don't mind the darkness. You are actually thriving in its comfort. That is how today's youth treads through politics. Dark and blissfully unaware. Now, if a distant source were to shine some light, you would notice it—perhaps stare so long and hard at it once your rods have adjusted themselves. A light is a light—whether it be of a lustrous star, a guiding torch, or even a bomb explosion. As mere primates, our tendency would be to walk towards this light.

Consider today's youth. Bored. Always bored. Always complaining about boredom. Munching on action and ready to jump off cliffs or lock themselves up in a glass enclosure full of snakes to escape this numb emptiness. This doom-scrolling deteriorating youth now becomes the perfect victim for a politician's manipulation. Politics is a master play of Machiavellianism. The youth continuously and perpetually falls prey to it. Sometimes, they think they are doing something grand and rightful. Little do they realise, it's all a part of a plan. The game plan. We have all been yanked into it as players had, in Squid Game—and this, in the long run is the battle of life and death.

Having achieved the perfect battleground for their massacre, politicians and political parties now begin their magnificent fiasco. The youth-of-the-day are plain, naïve consumers. Their sponge brains keep absorbing and absorbing and absorbing—until someone reaches in and gives it a hard and painful squeeze. Once they experience pain first-hand, they turn into nihilists and preach about their epiphany. Until then, they don't question. Until then, everyone is mum and everything is still.

The real question is how do the politicians, then, grab our attention and bend us to their will? Attention is a high-risk gamble and to wager on it is a high-stake game. Everywhere we move and turn, it is looming in on us, never losing us. Incentivisation targets attention. There is no doubt in how the politician's dictionary does not hold a place for selflessness—yet, all he "seems" to do for the people are apparently from the bottom of his heart, where lies "his best interest for his people."

Targeted incentivisation is a game changer. Truth be told, it does benefit society. Although, as does anything, this attention economy has its demerits. The attention is garnered by all the wrong people. This ADHD mess is hindering the youth and our nation's development. We are all unfortunately familiar with the name of Vijay Mallya. But several stories of looting go untold. In today's economy, where time is an absolutely invaluable facet, unacceptable transactions are taking place through more than just banks and ATMs. Why don't we look at this familiar example we all have heard of. The clock Strikes 00:00 and your bank account is blessed with 86,400/- rupees. An odd number, I know. Take it or leave it. You can use as much of it as you want but you can't take it to the next day. That's actually time. Now, how much of it are you willing to pay a politician every day? If it were actually money—how much? For them, victory begins even



before the election, even before all the votes. It begins the moment you look at them and don't look away. Attention is the spine without which the political economy is crippled. Let's just look at the generation alpha. They probably came across Shashi Tharoor through this 6-7 reel before anything else. He's grabbing the attention that way while some do so by looting gold from sacred temples. And all this while, Gujarat's state-of-the-art AI development, Haryana's women empowered drone projects and Uttar Pradesh's alliance with Japan for all of science and development don't make it to the books or reels. The attention transactions are at an ever-so-high rate facilitated by the rapid growth of internet & wide spread AI. But, how long will some of the masks stay on under such scrutiny?

Alas, their sponge brains have been squeezed—causing much grief and pain. While decades have passed with the potential of the Internet revolution remaining untapped, perhaps a not-so-subtle jerk was the much-needed catalyst to set off a chain reaction among the Gen-Z. Recent turbulence has sparked fury like never before because, for the first time, the youth and the future of our country has realized that politics is not just about the politicians. Politics is us and we are Politics. Politicians are mere facilitators. This absolute turn-around where the youth did not stay restricted or restrained to protests behind a 6.5-inch screen, unfortunately required an unimaginable tragedy to unfold–but now, there is no going back. The politicians have forever yearned for our attention, and they are going to be showered with it to the extent they find it a bane—while for the youth, a boon.

# ദേശീയ മൃഗമാകുമോ പശു?

THANZEEL N
II BCom BIS




പശുവിനെ ദേശീയ മൃഗമായി പ്രഖ്യാപിക്കണമെന്നും രാജ്യവ്യാപകമായി ഗോവധ നിരോധനം നടപ്പാക്കണമെന്നും ആവശ്യപ്പെട്ട് ചില മുസ്ലിം സംഘടനകൾ ഉത്തർപ്രദേശിൽ മുന്നോട്ടുവന്നതിനെ കുറിച്ച് നാം ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ ആവശ്യം പലരിലും അതിശയമുണ്ടാക്കിയിട്ടുണ്ട്. പശുവിനെ ചുറ്റിപ്പറ്റി രാജ്യത്ത് ഉണ്ടാകുന്ന സംഘർഷങ്ങളും ആക്രമണങ്ങളും കുറയ്ക്കാൻ ഇതിലൂടെ സാധിക്കുമെന്നാണ് ഈ സംഘടനകളുടെ നിലപാട്.

ഈ വിഷയത്തിന് മറുപടിയായി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പ്രതികരിച്ചത് പശു ദേശീയ മൃഗമാക്കേണ്ടതില്ലെന്നും അത് തങ്ങളുടെ മാതാവാണെന്നുമാണ്. ഈ സാഹചര്യത്തിൽ പശുവിനെ ചുറ്റിപ്പറ്റിയുള്ള രാഷ്ട്രീയത്തിന്റെ സ്വഭാവത്തെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും.

പശു ഇന്ത്യയിൽ മതപരവും സാംസ്കാരികവുമായ പ്രതീകമായി രൂപപ്പെട്ടത് സാവധാനമായിരുന്നു.ഇന്ത്യയിലെ കാർഷിക ജീവിതത്തിലും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലും പശുവിനുള്ള പ്രാധാന്യവും പാൽ, വളം, കൃഷിപ്പണി തുടങ്ങിയ മേഖലകളിൽ പശുവിന്റെ പങ്കും വളരെ വലുതാണ്. എന്നാൽ ഗോവധ നിരോധനം കർശനമായി നടപ്പാക്കിയാൽ പ്രായമായതോ ഉപയോഗശൂന്യമായതോ ആയ പശുക്കളെ സംരക്ഷിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകാമെന്നും ചിലർ അഭിപ്രായപ്പെടുന്നു.

അതേസമയം തന്നെ പശുവിനെ ചുറ്റിപ്പറ്റി നടക്കുന്ന ആക്രമണങ്ങളും സാമൂഹിക സംഘർഷങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. ചിലപ്പോൾ പശുവിന്റെ പേരിൽ മുസ്ലിംകളെയും ദളിതരെയും ലക്ഷ്യമാക്കി ആക്രമണങ്ങൾ നടക്കുന്നതായി വിമർശനങ്ങൾ ഉയരുന്നു. അതിനാൽ പശുവിനെ രാഷ്ട്രീയ ആയുധമാക്കാതെ ഇന്ത്യക്കാരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഒരു മൃഗമായി മാത്രം നോക്കിക്കണ്ടാലേ സമൂഹത്തിൽ സമാധാനവും പരസ്പര ബഹുമാനവും വളർത്താൻ കഴിയുകയുള്ളൂ.

പശുവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മതം, രാഷ്ട്രീയം, സമ്പദ്‌വ്യവസ്ഥ, സാമൂഹിക ബന്ധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സങ്കീർണമായ വ്യവഹാരങ്ങളാണ്. സമൂഹത്തിൽ ഐക്യവും സമാധാനവും നിലനിർത്താൻ എല്ലാ വിഭാഗങ്ങളുടെയും ആശങ്കകൾ കേൾക്കുകയും ജനാധിപത്യപരമായ രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും ഈ വിഷയത്തിലൂടെ മനസ്സിലാക്കാം.

# FIVE HAIKU

PRANAV
II MA English




**Haiku 1**
A new portrait wakes-
waves return with furious eyes,
dry earth learns to bloom.

**Haiku 2**
Cockroaches emerge;
hidden roots outlive decay,
silence gathers fire.

**Haiku 3**
Cockroaches gather-
the fallen crown feels the dust;
the throne spreads silence.

**Haiku 4**
Beneath the old crown,
cockroaches inherit the throne-
the king kisses earth.

**Haiku 5**
The cracked royal crown-
cockroaches write their empire;
the king meets the soil.



# ഒരുത്തരാധുനിക
# കടലാസിന്റെ ജനനം

PRANAV
I MA English

ഒരുന്മാദിയുടെ
അപരിചിതമായ ഓർമ്മകളുടെ ചുമരിൽ
രൂപമറ്റ നൃത്തങ്ങൾ;
ആ നൃത്തങ്ങളുടെ നിർവീര്യമായ മുഖമുദ്രകൾ
ജ്വലനത്തിൽ ശ്വസിക്കുന്ന മേഘങ്ങളാൽ
പ്രഹരമേറ്റ ആത്മഗാഥകൾ ചൊല്ലി .

സങ്കീർണ്ണതയുടെ
മിഴിനീരിൽ നിന്നും
പൊന്തി വരുന്ന അരണ്ട വെളിച്ചത്തിൽ
നീന്താൻ ശ്രമിക്കുന്ന ഒസ്റ്റിനാറ്റോയുടെ കണ്ണാടി ചിറകുകൾ;
അതിന്റെ തൂവലുകളിൽ നിന്നും
വ്യർത്ഥതയിലേക്ക് വരിഞ്ഞു  മുറുകിയ നിഴൽച്ചിത്രങ്ങൾ;
ആ നിഴലുകൾ കൊണ്ടുവരച്ച
ഞരമ്പുകളാൽ ആവരണം ചെയ്ത
ആകാശമാകാം,
മഞ്ഞുമൂടിയ  ഘടികാരത്തിൽ കുടുങ്ങിയ
ഭൂതങ്ങളായും
ഉന്മാദിയുടെ നിറമറ്റ നിർത്തങ്ങളായും
ഒരു കടലാസിന്റെ മൃദുലമായ കോണുകളിൽ വേരുറപ്പിച്ചിരുന്നത്.
അനന്തമായി നിറം മാറുന്ന
ഇതരമാർഗ്ഗങ്ങളുടെ പുസ്തകത്തിലാണ്
ഈ കടലാസിന്റെ ജനനം.



# When the State Becomes the Enemy: Parallels Between AFSPA and Israeli Occupation Laws

HAJIRA SAJI
III BA English

Laws are meant to protect. They embody the collective promise of a state to ensure justice, dignity, and safety for all. But when the law begins to segregate, silence, and suppress—when it becomes an instrument not of protection but of domination—it ceases to be just. It becomes violence clothed in legality. This is the reality faced by communities living under India's Armed Forces (Special Powers) Act (AFSPA) and Palestinians living under Israeli occupation. While these contexts are different in geography and history, they share an unsettling commonality: the use of extraordinary laws to normalize injustice.

## AFSPA

First passed in 1958 to combat separatist insurgency in the Northeast, and later extended to Jammu & Kashmir, AFSPA grants sweeping powers to Indian armed forces. It allows personnel to shoot on suspicion, arrest without warrant, and enter homes without permission—all with virtual immunity from prosecution.

Under AFSPA, the law becomes elastic, stretching itself to exclude entire regions from democratic accountability. What results is not simply a security strategy, but a regime of permanent emergency. In these "disturbed areas," normal civil protections vanish. The people are no longer citizens in the full sense—they become subjects of surveillance, suspicion, and silencing.

Despite repeated demands for repeal by human rights bodies, including






the United Nations, AFSPA continues to function as a tool of militarised governance. The language of law is deployed not to restore peace, but to suppress dissent—treating legitimate political grievances as threats to national security.

**Israel's Legal Occupation**

In occupied Palestinian territories, the legal system is no less harsh. Since 1967, Israel has enforced a dense web of military orders, emergency regulations, and discriminatory laws that govern nearly every aspect of Palestinian life.

Unlike Israeli settlers in the same geographical zones—who are governed by civilian law—Palestinians live under military rule. A Palestinian teenager arrested for throwing a stone may be tried in a military court with a conviction rate of over 95%, while an Israeli settler charged with the same act is tried in a civilian court with full legal rights.

The Israeli occupation's legal framework allows for administrative detention without charge, prolonged curfews, restrictions on movement, and home demolitions —often without due process. These measures, justified in the name of security, in practice operate as a system of collective punishment and control. Just like under AFSPA, the law becomes a barrier, not a bridge. It separates not just communities, but the very concept of justice from the people who need it most.

**Legalised Inequality and the Logic of Control**

Though emerging from different political contexts, AFSPA and Israeli occupation laws both rely on a common logic: the production of exception. These are not temporary measures designed to manage urgent crises—they are enduring legal structures meant to maintain dominance over populations seen as "other," "dangerous," or "untrustworthy."

They create zones of impunity, where the actions of security forces are shielded from scrutiny, and the victims are denied justice. These are not mere lapses in democratic practice— they are intentional designs to depoliticize oppression and legalize violence.

And both laws reinforce deep ethno-nationalist projects. In India, AFSPA is sustained in regions with distinct ethnic, linguistic, or religious identities—communities often imagined as not fully "Indian." In Israel, occupation laws are part of a broader strategy to marginalize and fragment the Palestinian identity and territory.




### Voices of Resistance and Resilience

In both contexts, the people have not remained silent. Irom Sharmila's 16-year fast against AFSPA became an international symbol of nonviolent resistance. Her body, starved but unbroken, challenged the might of the Indian state.

In Palestine, generations of activists, poets, mothers, and children have stood steadfast against the machinery of occupation. Their protests, though often met with tear gas and bullets, carry the moral weight of history.

These voices remind us that resistance is not born from chaos—it is born from the need for dignity. And when the law denies that dignity, resistance becomes a form of survival.

### Law as a Mirror of the State's Soul

What makes these legal regimes especially dangerous is not just the rights they take away—but the norms they create. They teach the military that they are above the law. They teach citizens that seeking justice is futile. They teach entire generations that violence can be legitimate if it wears a uniform.

More than anything, they corrode the very idea of the state as a protector. When laws like AFSPA or the Israeli military code exist for decades, the state is no longer seen as a guardian—it is seen as an enemy. And once that trust is lost, it takes more than policy change to repair it—it takes moral courage and political will.

### Conclusion: Reclaiming the Promise of Justice

Repealing AFSPA or dismantling occupation laws is not simply a legal demand—it is a call to restore humanity in governance. It is a recognition that no democracy can sustain itself on the backs of silenced people.

India must listen to the voices from Manipur, Nagaland, and Kashmir—not through rifles, but through reconciliation. Israel must end its occupation not merely to appease international law, but to affirm the universal principle that no people deserve to live under eternal siege.

Laws do not exist in a vacuum. They reflect who we are as a society—and who we are willing to become. If the law becomes the enemy of the people, then it is not just the law that must change, but the soul of the state itself.

# ഞങ്ങളുടെ വോട്ട് എവിടെപ്പോയി?

SHABARINATH
III BA English



ഒരു പ്രദേശത്തെ 90% ആളുകളും ഒരു പാർട്ടിക്ക് എതിരാണ്. പക്ഷേ ഇലക്ഷൻ റിസൾട്ട് വന്നപ്പോൾ നൂറിൽ 97 പേരും വോട്ട് ചെയ്തത് അതേ പാർട്ടിക്ക്. കേൾക്കുമ്പോൾ ഭ്രാന്തായിട്ട് തോന്നാം. പക്ഷേ ഇതൊരൊറ്റ ബൂത്തിലെ മാത്രം കഥയല്ല.. 2026ൽ ബംഗാളിൽ കൃത്യമായി നടന്ന കാര്യമാണ്. 'ഞങ്ങൾ ബിജെപിക്ക് വോട്ട് ചെയ്തിട്ടില്ല. പിന്നെ ഞങ്ങളുടെ വോട്ട് എവിടെ പോയി?' ബംഗാളിലെ തെരുവിൽ നിന്ന് സാധാരണക്കാരായ മനുഷ്യർ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനോട് ചോദിക്കുന്ന ചോദ്യമാണിത്. വെറും അഞ്ചു വോട്ടും ഒരു വോട്ടും ഒക്കെ പ്രതിപക്ഷത്തിന് കിട്ടിയ ഒരു ബൂത്തിന്റെ ഞെട്ടിക്കുന്ന യാഥാർത്ഥ്യം 'ആൾട്ട് ന്യൂസ്' പുറത്തുവിട്ടിരിക്കുകയാണ്. എന്താണ് യതാർത്ഥത്തിൽ അവിടെ സംഭവിച്ചത്? ഇവിഎം മെഷീൻ മാറ്റിമറിച്ചതാണോ? അതോ ജനാധിപത്യത്തെ വെറും പ്രഹസനമാക്കുകയാണോ?

രാജ്യത്ത് പടച്ചുവിടുന്ന വ്യാജവാർത്തകളെ പൊളിച്ചടുക്കുകയാണ് മുഹമ്മദ് സുബൈറിന്റെ നേതൃത്വത്തിലുള്ള ആൾട്ട് ന്യൂസ്. ഇതിൻറെ സ്ഥാപകനായ മുഹമ്മദ് സുബൈറിനെ ഭരണകൂടം അനധികൃതമായി ജയിലിൽ അടക്കുക വരെ ചെയ്തിട്ടുണ്ട്. അവർ ഈ 164 ആം ബൂത്തിലെ വോട്ടർമാരെ നേരിട്ട് കണ്ടു സംസാരിച്ച ദൃശ്യങ്ങൾ പുറത്തുവിട്ടിട്ടുണ്ട്. അവിടുത്തെ ജനങ്ങൾ തെരുവിൽ ഇറങ്ങി പരസ്യമായി ചോദിക്കുകയാണ് ഞങ്ങളുടെ വോട്ട് എവിടെ പോയി?

നമ്മളൊക്കെ എന്താ വിചാരിച്ചിരിക്കുന്നത്? ഈ ജനാധിപത്യം തിരഞ്ഞെടുപ്പ് എന്നൊക്കെ പറയുന്നത് ജനങ്ങളുടെ ഒരു വലിയ ഉത്സവമാണ്, നമ്മുടെയൊക്കെ അവകാശമാണ് എന്നാണ്. എന്നാൽ കാര്യങ്ങളുടെ കിടപ്പ് അങ്ങനെയല്ല. നമ്മളെ കൃത്യമായി പൊട്ടന്മാരാക്കുന്ന ഒരുത്സവമായി ഈ തിരഞ്ഞെടുപ്പുകൾ മാറിക്കൊണ്ടിരിക്കുകയാണോ എന്ന് സം



ശയിക്കേണ്ടിയിരിക്കുന്നു ഇതൊക്കെ കാണുമ്പോൾ ഇവിഎം മെഷീനുകൾ കൃത്യമായി ഹാക്ക് ചെയ്യപ്പെടുകയാണോ എന്ന് ആർക്കായാലും തോന്നിപ്പോകും. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനോടാണ് ഇതൊക്കെ ചോദിക്കേണ്ടത്.

നമ്മൾ ബീഹാറിൽ കണ്ട കാഴ്ച ഓർമ്മയുണ്ടോ? വോട്ടെടുപ്പ് കഴിഞ്ഞ് ഇവിഎം മെഷീ നുകളൊക്കെ സ്ട്രോങ്ങ് റൂമിൽ വെച്ച് പൂട്ടി സീൽ ചെയ്തതാണ്. പക്ഷേ നട്ടപ്പാതിരക്ക് മറ്റൊരു വാഹനത്തിൽ വേറെ മെഷീനുകൾ അങ്ങോട്ട് വരുന്നു. അവിടുത്തെ മെഷീനുകൾ മാറ്റികൊണ്ടുപോകുന്നു. ഇങ്ങനെയൊക്കെ പരസ്യമായി നടക്കുമ്പോൾപിന്നെ എന്ത് ജനാധിപത്യമാണ് ഇവിടെയുള്ളത്? ഈ അവസ്ഥ തുടർന്നാൽ നമ്മുടെ ജനാധിപത്യത്തിന്റെ ഭാവിഎന്താകുമെന്ന് നമ്മൾ ഓരോരുത്തരും ചിന്തിക്കേണ്ടിയിരിക്കുന്നു.

# ഡിജിറ്റൽ യുഗത്തിലെ പരിഹാസ രാഷ്ട്രീയത്തിന്റെ പാഠം

THANZEEL N
II BCom BIS

ജനാധിപത്യത്തിൽ പ്രതിഷേധം ഇന്ന്  സ്ക്രീനുകളിലും പിറക്കുന്നു. റാലികളും ധർണകളും കൂടെ, മീമുകളും പരിഹാസ പേജുകളും ഭരണകൂടത്തെയും ഭരണഘടനാസ്ഥാപനങ്ങളെയും ചോദ്യം ചെയ്യുന്ന ശക്തമായ ആയുധങ്ങളായി മാറിയിരിക്കുകയാണ്. ഇതിന് ഏറ്റവും പുതിയ ഉദാഹരണമായി ദേശീയ ശ്രദ്ധ നേടിയത് കോക്രോച്ച് ജനതാ പാർട്ടി (ഇഖജ) എന്ന ഡിജിറ്റൽ കൂട്ടായ്മയുടെ ഉദയമാണ്. ഒരു സുപ്രീംകോടതി വിധിവേദിയിൽ ഉയർന്ന ചില വാക്കുകൾ എങ്ങനെ വലിയൊരു സാമൂഹ്യരാഷ്ട്രീയ പ്രതിരോധമായി വളരുന്നത് എന്നതിന്റെ ഉദാഹരണമാണ് ഈ സംഭവം.

2026 മെയ് 15ന് സുപ്രീംകോടതിയിൽ വ്യാജ നിയമബിരുദങ്ങളെക്കുറിച്ചുള്ള ഹർജി പരിഗണിക്കുന്നതിനിടെയാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ വിവാദ പരാമർശം ഉയർന്നത്. തൊഴിൽ കിട്ടാതെ കഴിയുന്ന ഒരു വിഭാഗം യുവാക്കളെ പാറ്റകളോട് ഉപമിച്ചതായി മീഡിയ റിപ്പോർട്ടുകൾ വ്യക്തമാക്കിയതു വലിയ മുറിവേൽപ്പിച്ചു. മത്സരപരീക്ഷകൾ എഴുതി കഠിനാധ്വാനം ചെയ്ത് പോലും ഒരു ജോലി ലഭിക്കാതെ നിൽക്കുന്ന ലക്ഷക്കണക്കിന് യുവാക്കളുടെ യാഥാർത്ഥ്യത്തെ അവഹേളിക്കുന്നവയാണെന്നായിരുന്നു പ്രതിഷേധത്തിന്റെ മർമ്മം. പൗരന്റെ പ്രധാന ആയുധങ്ങളായ വിവരാവകാശ നിയമപ്രയോഗങ്ങളെയും, സോഷ്യൽ മീഡിയ ഇടപെടലുകളെയും ‘കീടങ്ങളുടെ പ്രവർത്തനം’ എന്ന രീതിയിൽ അവതരിപ്പിച്ചതാണ് അസ്വസ്ഥത ഇരട്ടിയാക്കിയത്.

ഈ അപമാനത്തെ  കോപത്തോടെയല്ല, പരിഹാസത്തോടെയാണ് യുവാക്കൾ നേരിട്ടത്. ചീഫ് ജസ്റ്റിസിന്റെ പ്രസ്താവന പുറത്തുവന്ന് കഴിഞ്ഞ് വെറും 24 മണിക്കൂറിനുള്ളിൽ തന്നെ ഡിജിറ്റൽ കണ്ടന്റ് ക്രിയേറ്ററും രാഷ്ട്രീയ നിരീക്ഷകനുമായ അഭിജിത് ദീപ്കെ ‘കോക്രോച്ച് ജനതാ പാർട്ടി’ എന്ന പേരിൽ ത പ്ലാറ്റ്ഫോമിൽ ഒരു ഔദ്യോഗിക പേജ് ആരംഭിച്ചു. ‘‘മടിയന്മാരുടെയും തൊഴിലില്ലാത്തവരുടെയും ശബ്ദം’’ എന്ന ടാഗ്ലൈനോടു കൂടിയ ഈ പേജ് പെട്ടെന്ന് തന്നെ വൈറലായി; ഒരു ദിവസത്തിനുള്ളിൽ ആയിരങ്ങൾ ഇതിനെ പിന്തുടർന്നു, നിരവധി പേർ അംഗത്വം രജിസ്റ്റർ ചെയ്തു. തങ്ങൾ ഒരു രാഷ്ട്രീയ പാർട്ടി അല്ല, പക്ഷേ വ്യവസ്ഥിതികൾ മറന്നുപോയ ഒരു വലിയ കൂട്ടായ്മയാണെന്ന് പ്രഖ്യാപിച്ച ഇവർ ഭരണഘടനയോട് പൂർണ ബഹുമാനമുണ്ടെന്നും, വ്യവസ്ഥിതികളെ ചോദ്യം ചെയ്യുന്ന പൗരന്മാരെ ‘സാമൂഹിക വിരുദ്ധർ’ എന്ന മുദ്രകുത്തലിനോടുള്ള മറുപടിയാണിതെന്നും വ്യക്തമാക്കി. കോക്രോച്ച് ജനതാ പാർട്ടിയുടെ അംഗത്വ വ്യവസ്ഥകൾ തമാശപോലെയെങ്കിലും ഇന്ത്യൻ ജെൻസി യുവാക്കളുടെ ദുരവസ്ഥ വെളിവാക്കുന്നതായിരുന്നു. തൊഴിലില്ലായ്മ, ദിവസത്തിൽ കുറഞ്ഞത് 11 മണിക്കൂർ ഓൺലൈനിൽ സജീവ സാന്നിധ്യം, ശാരീരികമായ മടിയും തലച്ചോറിലെ നിരന്തര ചിന്തയും, സാമൂഹിക വിഷയങ്ങളിൽ കടുത്ത ഭാഷയിൽ നിരന്തരം വിമർശനം ഉയർത്തുന്ന സ്വഭാവം  ഇവയെല്ലാം ഇന്നത്തെ ഡിജിറ്റൽ തലമുറയുടെ പൊതുസ്വഭാവമായി വായിക്കാം. ജാതി, മതം, ലിംഗം തുടങ്ങിയ ഭേദങ്ങളൊന്നും ഇല്ലാതെ ഏവർക്കും പ്രവേശനം നല്കുന്നതിലൂടെ നിലവിലുള്ള പാർട്ടി രാഷ്ട്രീയം ചെറുചട്ടകൂട്ടുകളാക്കി തന്മാത്രവൽക്കരിക്കുന്നതിനെതിരായ ബഹുരാഷ്ട്ര പ്രതികരണവുമായിരുന്നു ഈ പരിഹാസ പാർട്ടി.

സോഷ്യൽ മീഡിയയിലൊതുങ്ങാതെ ഈ ഡിജിറ്റൽ പ്രസ്ഥാനം മുഖ്യധാരാ രാഷ്ട്രീയത്തിന്റെ ശ്രദ്ധ പിടിച്ച് പറ്റുകയും ചെയ്തു. തൃണമൂൽ കോൺഗ്രസ് എംപിമാരായ മഹുവാ മോയ്ത്രയും കീർത്തി ആസാദും  പാർട്ടിയിൽ ചേരാനുള്ള ആഗ്രഹം പ്രകടിപ്പിച്ചതോടെ വിവാദം കൂടുതൽ വ്യാപിച്ചു.  സുപ്രീംകോടതി ചീഫ് ജസ്റ്റിസുമാരെ വിരമിച്ച ശേഷം രാജ്യസഭയിൽ നോമിനേറ്റ് ചെയ്യരുത്, വോട്ടർ പട്ടികയിൽ നിന്ന് ഒറ്റ വോട്ട് പോലും തെറ്റായി നീക്കം ചെയ്താൽ തിരഞ്ഞെടുപ്പ് കമ്മീഷണറെ  നിയമ

ങ്ങൾ പ്രകാരം ഉത്തരവാദിയാക്കണം, സ്ത്രീകൾക്ക് പാർലമെന്റിലും മന്ത്രി സഭയിലും 50 ശതമാനം പ്രാതിനിധ്യം, സ്വതന്ത്ര മാധ്യമ പ്രവർത്തനത്തിന് സ്വാതന്ത്ര്യം, രാഷ്ട്രീയ കക്ഷിമാറ്റത്തിന് കർശന വിലക്ക് തുടങ്ങിയ അഞ്ചു തത്വ ങ്ങളടങ്ങിയ ഒരു പ്രകടനപത്രികയും ഇവർ പുറത്തിറക്കി. പരിഹാസത്തിന്റെ മുഖംമൂടി ഉപയോഗിച്ചെങ്കിലും, ഉള്ളിൽ ഗൗരവതരമായ ജനാധിപത്യവിമർശ നങ്ങളാണിവ.

വിവാദം വ്യാപകമാകുമ്പോൾ ചീഫ് ജസ്റ്റിസ് തന്റെ വാക്കുകൾ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടതാണെന്നും, താൻ ഉദ്ദേശിച്ചത് വ്യാജബിരുദങ്ങളുമായി വ്യ വസ്ഥിതികളെ തകർക്കാൻ ശ്രമിക്കു ന്നവരെയാണെന്നും വിശദീകരിച്ചു. ഇന്ത്യൻ യുവാക്കളാണ് രാജ്യത്തിന്റെ ഭാവിതൂണുകളെന്നും അദ്ദേഹം കൂട്ടി ച്ചേർത്തു. എങ്കിലും ഈ വിശദീകരണം വന്നിട്ടും കോക്രോച്ച് ജനതാ പാർട്ടി തങ്ങളുടെ സമരം അവസാനിപ്പിച്ചില്ല; മറിച്ച് ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ കൂടുതൽ ശക്തമായി മുന്നോട്ട് നീങ്ങി. യുവാക്കൾ ''ഞാനൊരു പാറ്റയാണ്'' എന്നെഴുതിയ പ്ലക്കാർഡുകളുമായി തെ രുവിൽ ഇറങ്ങി നഗരങ്ങളിലെ മാലിന്യ ങ്ങൾ ശുചീകരിച്ചുകൊണ്ടുള്ള വിചിത്ര സമരരീതികളിലൂടെ പരിഹാസത്തെ ജനകീയപ്രവർത്തനമാക്കി.

കോക്രോച്ച് ജനതാ പാർട്ടി ഒരു രജിസ്റ്റർ ചെയ്ത രാഷ്ട്രീയ പാർട്ടി ആയി വളരു മോ എന്നതിൽ സംശയം ഉണ്ടാകാം. എന്നാൽ ഭരണാധികാരികൾ സാധാര ണക്കാരെ അപമാനിക്കുന്ന വാക്കുകൾ ഉപയോഗിക്കുമ്പോൾ, ആ വാക്കുകളെ തന്നെ എങ്ങനെ ജനങ്ങൾ ആയുധമാ ക്കുന്നു എന്നതിന്റെ ശക്തമായ പാഠം ഈ ഡിജിറ്റൽ കൂട്ടായ്മ നൽകി. അഭി പ്രായസ്വാതന്ത്ര്യം ഹനിച് പൗരന്മാരെ ചെറുതാക്കി കാണാൻ ശ്രമിച്ചാൽ, അവർ അത് പരിഹാസത്തിന്റെയും സൃഷ്ടിപരമായ പ്രതിഷേധത്തിന്റെയും വഴി വലിയ ജനകീയ മുന്നേറ്റങ്ങളാക്കി മാറ്റും എന്ന മുന്നറിയിപ്പാണ് 'പാറ്റകൾ' നൽകുന്നത്. പരിഹാസം ഒരു ചിരി യല്ല, മറിച്ച് ഭരണകൂടത്തിന്റെ കണ്ണു തുറപ്പിക്കുന്ന ഏറ്റവും മൂർച്ചയേറിയ ജനാധിപത്യോപാധിയാണെന്ന് ഈ സംഭവവികാസങ്ങൾ തെളിയിക്കുന്നു.

തങ്ങൾ ഒരു രാഷ്ട്രീയ പാർട്ടി അല്ല, പക്ഷേ വ്യവസ്ഥിതികൾ മറന്നുപോയ ഒരു വലിയ കൂട്ടായ്മയാണെന്ന് പ്രഖ്യാപിച്ച ഇവർ ഭരണ ഘടനയോട് പൂർണ ബഹുമാനമുണ്ടെന്നും, വ്യവസ്ഥിതികളെ ചോദ്യം ചെയ്യുന്ന പൗരന്മാ രെ 'സാമൂഹിക വിരുദ്ധർ' എന്ന മുദ്രകുത്ത ലിനോടുള്ള മറുപടിയാണിതെന്നും വ്യക്ത മാക്കി. കോക്രോച്ച് ജനതാ പാർട്ടിയുടെ അംഗത്വ വ്യവസ്ഥകൾ തമാശപോലയെങ്കിലും ഇന്ത്യൻ ജെൻസി യുവാക്കളുടെ ദുരവസ്ഥ വെളിവാക്കുന്നതായിരുന്നു.





# ഹൃദയതാളങ്ങളുടെ കാൽപ്പന്തുകളി

Mohammed Kaif
II BA Islamic History

കേവലമൊരു വിനോദമെന്നതിലുപരി, മനുഷ്യന്റെ കൂട്ടായ്മയുടെയും ആവേശത്തിന്റെയും അടയാളമായാണ് ഫുട്ബോൾ ജനിച്ചത്. പുരാതന ചൈനയിലെ 'സുജു' (Cuju) പോലുള്ള കളികളിൽ ഇതിന്റെ പ്രാഥമിക രൂപം കാണാമെങ്കിലും, ആധുനിക ഫുട്ബോളിന്റെ ഈറ്റില്ലം പത്തൊൻപതാം നൂറ്റാണ്ടിലെ ബ്രിട്ടൻ ആയിരുന്നു. വ്യവസായ വിപ്ലവത്തിന്റെ ഫലമായി നഗരങ്ങളിലേക്ക് കുടിയേറിയ സാധാരണ ജനങ്ങളുടെ വിരസത മാറ്റാനാണ് ഈ കളി നിയമബദ്ധമാക്കപ്പെടുന്നത്. 1863-ൽ ഇംഗ്ലണ്ടിൽ രൂപീകൃതമായ ഫുട്ബോൾ അസോസിയേഷൻ (FA) ഇതിന് കൃത്യമായ ചട്ടക്കൂട് നൽകി.മറ്റ് കായികവിനോദങ്ങളെപ്പോലെ ചെലവേറിയ സാമഗ്രികളോ വലിയ അടിസ്ഥാന സൗകര്യങ്ങളോ ഫുട്ബോളിന് ആവശ്യമില്ലായിരുന്നു. ഒരു പന്തും കു

റച്ചു സ്ഥലവും ഉണ്ടെങ്കിൽ ആർക്കും എവിടെയും കളിക്കാം എന്ന അതിന്റെ 'ലളിതമായ ജനാധിപത്യം' കളി വേഗത്തിൽ ജനകീയമാക്കി. ബ്രിട്ടീഷ് നാവികരിലൂടെയും തൊഴിലാളികളിലൂടെയും ഈ കളി ലോകത്തിന്റെ വിവിധ തുറമുഖങ്ങളിലേക്കും ലാറ്റിനമേരിക്കൻ തെരുവുകളിലേക്കും പടർന്നുപിടിച്ചു. ഫുട്ബോളിൽ ഗോളുകൾ കുറവാണ്. ആ കുറവാണ് കളിയുടെ ആകാംഷ വർദ്ധിപ്പിക്കുന്നത്. അവസാന സെക്കൻഡിൽ വീഴുന്ന ഒരു ഗോളിന് ഒരു പതിറ്റാണ്ടിന്റെ കാത്തിരിപ്പിനെ മാറ്റിമറിക്കാൻ കഴിയും.

പലർക്കും ഫുട്ബോൾ ക്ലബ്ബുകൾ എന്നത് തലമുറകളായി കൈമാറിവരുന്ന സ്വത്താണ്. ഒരു ക്ലബ്ബ് എന്നത് ഒരു പ്രദേശത്തിന്റെ, ഒരു സാമൂഹിക വർഗ്ഗത്തിന്റെ, അല്ലെങ്കിൽ ഒരു രാഷ്ട്രീയ നിലപാടിന്റെ പ്രതിഫലനമാണ്. സ്റ്റേഡിയത്തിൽ ഒന്നിച്ച് പാട്ടുപാടുമ്പോൾ മനുഷ്യൻ തന്റെ ഏകാന്തത മറന്ന് ഒരു വലിയ കൂട്ടായ്മയുടെ ഭാഗമാകുന്നു.പച്ചപ്പുൽ മൈതാനം ജീവിതത്തിന്റെ തന്നെ ഒരു പരിച്ഛേദമാണ്. അവിടെ വീഴ്ചകളുണ്ട്, കഠിനാധ്വാനത്തിലൂടെയുള്ള തിരിച്ചുവരവുകളുണ്ട്, വിയർപ്പും കണ്ണീരുമുണ്ട്. സാധാരണക്കാരായ മനുഷ്യർ തങ്ങളുടെ പ്രിയപ്പെട്ട കളിക്കാരിൽ തങ്ങളുടെ തന്നെ സ്വപ്നങ്ങളും പോരാട്ടങ്ങളും ദർശിക്കുന്നു.

സമകാലിക ഫുട്ബോൾ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വാണിജ്യവൽക്കരണത്തിലൂടെയാണ് കടന്നുപോകുന്നത്. പണ്ട് പ്രാദേശിക കൂട്ടായ്മകളും ആരാധകരും നിയന്ത്രിച്ചിരുന്ന യൂറോപ്യൻ ക്ലബ്ബുകൾ ഇന്ന് അമേരിക്കൻ വൻകിട കോർപ്പറേറ്റുകളുടെയും സ്വകാര്യ ഇക്വിറ്റി (Private Equity) സ്ഥാപനങ്ങളുടെയും കൈകളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. അമേരിക്കൻ കായിക സംസ്കാരത്തിലെ ലാഭക്കൊതി ഫുട്ബോളിന്റെ പരമ്പരാഗത ഘടനയെ തന്നെ മാറ്റിമറിക്കുകയാണ്.ഇന്നത്തെ അമേരിക്കൻ അധിനിവേശത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 'മൾട്ടി-ക്ലബ് ഓണർഷിപ്പ്' (MCO) മാതൃക. ഒരു കമ്പനി തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഒന്നിലധികം ക്ലബ്ബുകൾ വിലയ്ക്ക് വാങ്ങുന്ന രീതിയാണിത്. 2026-ഓടെ ലോകമെമ്പാടുമുള്ള നാനൂറോളം ക്ലബ്ബുകൾ ഇത്തരമൊരു ശൃംഖലയുടെ ഭാഗമായി മാറിക്കഴിഞ്ഞു. ഉദാഹരണത്തിന്, ഇംഗ്ലണ്ടിലെയും സ്പെയിനിലെയും പ്രമുഖ ക്ലബ്ബുകളുടെ വലിയൊരു ശതമാനം ഓഹരികളും ഇന്ന് നിയന്ത്രിക്കുന്നത് അമേരിക്കൻ ഇൻവെസ്റ്റ്മെന്റ് കമ്പനികളാണ്.

സമകാലിക ഫുട്ബോൾ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വാണിജ്യവൽക്കരണത്തിലൂടെയാണ് കടന്നുപോകുന്നത്. പണ്ട് പ്രാദേശിക കൂട്ടായ്മകളും ആരാധകരും നിയന്ത്രിച്ചിരുന്ന യൂറോപ്യൻ ക്ലബ്ബുകൾ ഇന്ന് അമേരിക്കൻ വൻകിട കോർപ്പറേറ്റുകളുടെയും സ്വകാര്യ ഇക്വിറ്റി (Private Equity) സ്ഥാപനങ്ങളുടെയും കൈകളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

ചരിത്രത്തിലെ ഏറ്റവും മഹത്തായ രണ്ട് കാൽപ്പാടുകൾ മൈതാനങ്ങളിൽ അവശേഷിപ്പിച്ചു കടന്നുപോയവരാണ് ഡീഗോ മറഡോണയും പെലെയും. എന്നാൽ അവർ വെറുമൊരു രണ്ട് കളിക്കാർ മാത്രമായിരുന്നില്ല; തങ്ങൾ പ്രതിനിധീകരിച്ച ജനവിഭാഗങ്ങളുടെ രാഷ്ട്രീയവും സാമൂഹികവുമായ അവസ്ഥകളുടെ രണ്ട് വ്യത്യസ്ത അടയാളങ്ങളായിരുന്നു അവർ. കളിയിലൂടെ അവർ നൽകിയ സ്വാതന്ത്ര്യത്തിന്റെ സന്ദേശങ്ങളും അവരുടെ പ്രത്യയശാസ്ത്രങ്ങളും ഇന്നും ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്നു.ഡീഗോ അർമാൻഡോ മറഡോണ എന്നത് കേവലമൊരു കായികതാരത്തിന്റെ നാമമല്ല, മറിച്ച് മുതലാളിത്തത്തിനും സാമ്രാജ്യത്വത്തിനുമെതിരെയുള്ള വിപ്ലവത്തിന്റെ പര്യായമാണ്. അർജന്റീനയിലെ ചേരികളിൽനിന്ന് ലോകത്തിന്റെ നെറുകയിലേക്ക് ഉയർന്നുവന്ന മറഡോണ, തന്റെ ജീവിതത്തിലുടനീളം പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ദരിദ്രരുടെയും പക്ഷത്താണ് നിലയുറപ്പിച്ചത്.





ക്യൂബൻ വിപ്ലവനായകൻ ഫിദൽ കാസ്ട്രോ, വെനിസ്വേലൻ പ്രസിഡന്റ് ഹ്യൂഗോ ചാവെസ് എന്നിവരുമായി അടുത്ത സൗഹൃദം പുലർത്തിയിരുന്ന അദ്ദേഹം ഒരു തീവ്ര ഇടതുപക്ഷ സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രമാണ് ഹൃദയത്തോട് ചേർത്തുവെച്ചത്. പാശ്ചാത്യ ശക്തികളുടെ, പ്രത്യേകിച്ച് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അധിനിവേശ നയങ്ങളെ അദ്ദേഹം പരസ്യമായി വെല്ലുവിളിച്ചു. മറഡോണയ്ക്ക് ഫുട്ബോൾ എന്നത് അധികാരവർഗ്ഗത്തിനെതിരെയുള്ള പോരാട്ടത്തിനുള്ള ആയുധം കൂടിയായിരുന്നു.ഫലസ്തീൻ ജനതയുടെ അവകാശങ്ങൾക്കായി ലോകവേദികളിൽ ഇത്രയധികം ശബ്ദമുയർത്തിയ മറ്റൊരു കായികതാരമില്ല. പാശ്ചാത്യ രാജ്യങ്ങളിൽനിന്നുള്ള ശക്തമായ സമ്മർദ്ദങ്ങളെയും കരിയറിന് ഉണ്ടായേക്കാവുന്ന ഭീഷണികളെയും ഭയപ്പെടാതെ അദ്ദേഹം ഫലസ്തീൻ പോരാട്ടത്തെ പരസ്യമായി പിന്തുണച്ചുഎന്റെ ഹൃദയം ഫലസ്തീനിയാണ്‘: 2018–ൽ മോസ്കോയിൽ വെച്ച് ഫലസ്തീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസിനെ കെട്ടിപ്പിടിച്ചുകൊണ്ട് മറഡോണ ലോകമാധ്യമങ്ങളോട് പറഞ്ഞത്, ‘എന്റെ ഹൃദയത്തിൽ ഞാൻ ഒരു ഫലസ്തീനിയാണ്‘ എന്നാണ്. ആ ചിത്രം ലോകമെമ്പാടുമുള്ള വിമോചന പോരാളികൾക്ക് വലിയ ആവേശമാണ് നൽകിയത്.

ബ്രസീലിന്റെ ഇതിഹാസമായ പെലെയുടെ (എഡ്സൺ അരാന്റസ് ഡോ നാസിമെന്റോ) രാഷ്ട്രീയ ശൈലി മറഡോണയിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. മറഡോണ ഒരു തുറന്ന വിപ്ലവകാരിയായിരുന്നപ്പോൾ, പെലെ തന്റെ കളിയിലൂടെയും വ്യക്തിത്വത്തിലൂടെയും സാംസ്കാരികമായ ഒരു പ്രതിരോധമാണ് തീർത്തത്.

അടിമത്തത്തിന്റെ കരിനിഴൽ വിട്ടുമാറാത്ത, വംശീയ അധിനിവേശം നിലനിന്നിരുന്ന ബ്രസീലിൽനിന്ന് ഒരു കറുത്ത വർഗ്ഗക്കാരൻ ലോകത്തിന്റെ 'രാജാവ്' ആയി മാറിയത് ചരിത്രപരമായ ഒരു വിപ്ലവമായിരുന്നു.

‘കാൽപന്തുകളി ഒരു കവിതയായിരുന്നേൽ അതിലെ ഏറ്റവും മനോഹരമായ വരി പെലെയുടേതായിരുന്നു ‘.

വംശീയ അധിക്ഷേപങ്ങൾ നേരിടേണ്ടി വന്നപ്പോഴും, തന്റെ കളിയിലെ മാന്ത്രികത കൊണ്ട് ലോകത്തെ മുഴുവൻ തനിക്ക് മുന്നിൽ തലകുനിക്കാൻ പെലെക്ക് സാധിച്ചു. കോളനിവൽക്കരണത്തിൽനിന്ന് മോചനം നേടിവരുന്ന ആഫ്രിക്കൻ രാജ്യങ്ങൾക്ക് പെലെയുടെ ഉദയം വലിയ തോതിലുള്ള ആത്മവിശ്വാസമാണ് നൽകിയത്.ബ്രസീലിലെ കടുത്ത സൈനിക സ്വേച്ഛാധിപത്യ കാലത്താണ് പെലെ കളിച്ചിരുന്നത്. പരസ്യമായ രാഷ്ട്രീയ പ്രസ്താവനകളിൽനിന്ന് അദ്ദേഹം മാറിനിന്നെങ്കിലും, പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും അവകാശങ്ങൾക്കും വേണ്ടി അദ്ദേഹം നിരന്തരം പ്രവർത്തിച്ചു. പിൽക്കാലത്ത് അദ്ദേഹം ബ്രസീലിന്റെ കായിക മന്ത്രിയായി ചുമതലയേറ്റപ്പോൾ കളിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന പ്രശസ്തമായ 'പെലെ നിയമം' കൊണ്ടുവരികയും ചെയ്തു. മുഹമ്മദ് അലിയെപ്പോലെ പ്രകോപനപരമായ രാഷ്ട്രീയമല്ല, മറിച്ച് തന്റെ നേട്ടങ്ങളിലൂടെ വാതിലുകൾ തുറക്കുന്ന രീതിയായിരുന്നു പെലെയുടേത്.

ചെളിപുരണ്ട പാടങ്ങളിൽനിന്ന് ആരംഭിച്ച് ആഗോള ഹൃദയതാളമായി മാറിയ ഫുട്ബോളിന്റെ ചരിത്രം യഥാർത്ഥത്തിൽ മനുഷ്യന്റെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ ചരിത്രം കൂടിയാണ്. പെലെ തന്റെ കളിയിലെ മാന്ത്രികത കൊണ്ട് വംശീയതയുടെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞപ്പോഴും, മറഡോണ അധിനിവേശത്തിന്റെ അധികാരക്കണ്ണുകളിലേക്ക് നോക്കി ഫലസ്തീൻ ജനതയ്ക്കായി വിപ്ലവം പ്രഖ്യാപിച്ചപ്പോഴും ഫുട്ബോൾ കേവലമൊരു കായികവിനോദമല്ല, മറിച്ച് അടിച്ചമർത്തപ്പെട്ടവന്റെ രാഷ്ട്രീയ ആയുധമാണെന്ന് ലോകം തിരിച്ചറിഞ്ഞു. ഈ ഇതിഹാസങ്ങളാണ് കളിക്ക് അതിന്റെ അമരത്വവും സാംസ്കാരികമായ വിശുദ്ധിയും നൽകിയത്.

എന്നാൽ സമകാലിക ലോകത്ത്, അമേരിക്കൻ കോർപ്പറേറ്റ് മൂലധനത്തിന്റെ കടന്നുകയറ്റം ഈ വിശുദ്ധിയെ ഒരു ആഗോള വിപണി ഉൽപ്പന്നമാക്കി മാറ്റാൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ക്ലബ്ബുകൾ വിപണിയിലെ ലാഭവിഹിതങ്ങൾ മാത്രമായി ചുരുങ്ങുമ്പോൾ, ഫുട്ബോൾ അതിന്റെ ഏറ്റവും വലിയ സാംസ്കാരിക പ്രതിസന്ധിയെയാണ് നേരിടുന്നത്.

ഇവിടെയാണ് കാൽപ്പന്തുകളിയുടെ യഥാർത്ഥ അതിജീവനം ഒളിഞ്ഞിരിക്കുന്നത്. കോർപ്പറേറ്റുകൾക്ക് സ്റ്റേഡിയങ്ങളും ക്ലബ്ബുകളും വിലയ്ക്ക് വാങ്ങാൻ കഴിഞ്ഞേക്കാം, എന്നാൽ തെരുവുകളിലെയും ഗാലറികളിലെയും ആ ശുദ്ധമായ വികാരത്തെ വിലയ്ക്കെടുക്കാൻ അവർക്കാവില്ല. ഗാസയിലെ തകർന്ന കെട്ടിടങ്ങൾക്കിടയിലും കോഴിക്കോട്ടെ പച്ചപ്പുൽപ്പാടങ്ങളിലും ഒരു പന്തിന് പിന്നാലെ പായുന്ന കുട്ടികളുടെ കണ്ണുകളിലെ തിളക്കമാണ് ഈ കളിയുടെ ഭാവി. കോർപ്പറേറ്റ് യുദ്ധതന്ത്രങ്ങളും കമ്പോള താൽപ്പര്യങ്ങളും എത്രതന്നെ ആഞ്ഞടിച്ചാലും, ഫുട്ബോളിന്റെ വിപ്ലവകരമായ ആത്മാവും മനുഷ്യഹൃദയങ്ങളിലെ അതിന്റെ സിംഹാസനവും എന്നും തകരാതെ നിലനിൽക്കും; കാരണം, അതൊരിക്കലും കീഴടങ്ങാത്ത മനുഷ്യന്റെ സ്വാതന്ത്ര്യേച്ഛയുടെ പച്ചപ്പുൽ മൈതാനമാണ്.



# When Spain Wins the Football World Cup

MUHAMMED AFIYAN SAJEEV
II BCom Finance






When Spain wins the 2026 world cup, one of their greatest tactics is that they do not depend on a "Messi." Their brilliance does not rest on the shoulders of a single superstar. Instead, they play as one seamless unit, with every player capable of shifting roles, creating space, and controlling the rhythm of the game. The 2026 world cup football final was a perfect demonstration of this philosophy. The triumph of Spain was not the story of individual genius, but of collective intelligence, careful planning, and unwavering teamwork.



In this match, perhaps Spain's greatest tactical achievement was that they did not have to mark Messi. As Lionel Messi walked off the field with tears in his eyes, it felt as though an entire era was taking its final breath. One match cannot erase everything he has given to football. His legacy remains untouched.

As the emerging Spanish football star Lamine Yamal beautifully expresses: "The man on the other side, Messi, made millions of children like me believe that football is an art. Even at an age when many legends had retired, every time he touched the ball, he made even the world's best defenders tremble. If players like him had not existed, kids like me would never have dared to dream so big. One day, another generation will take my place. That is football. But there will never be another Lionel Messi. Records can be broken, trophies can be won, but inspiring an entire generation to fall in love with football is something only a rare few in history can achieve."

On the pitch, one team wins and another loses. Sadness, disappointment, and pain are inevitable. But hostility, insults, and needless clashes, whether between players or supporters, have no place in the spirit of the game.

Instead, look at Messi and Yamal.

When the eyes of the world were upon them, one embraced the pain of the other. There was respect where rivalry could have existed.

Barcelona's current number 10 embraces Barcelona's greatest-ever number 10-what a moment! A poem is written without words. That embrace unveils both the closing of one chapter and the opening of another.

When one sun sets, another rises.

A bow to football.

# रूह की पुकार

ELEENA THOMAS OONNOONNY
IInd Year BA Economics & Mathematics



पहाड़ों की गूँज में,
नदियों के बहाव में,
चमचमाते तारों में,
ज़ोर से पुकारती रूह तुम्हें।
चलते रहना किनारों के संग,
उड़ते रहना हवाओं के संग,
दौड़ते रहना नदियों के संग,
स्वतंत्रता की धुन में तुम गुम रहना।
बंद पड़े किताबों के पन्ने,
वर्णों के पिंजरे हर वक्त सजाते,
स्वर्ण श्रृंखला में फँसा धुन,
पुकारता उदासी के राग-धुन,
तुम्हें पुकार रही धुन की आवाज़,
ज़रा सुनो उसमें विचार-ख़याल।
रास्ते अनेक मुझे ज़िंदगी दिखाती,
दुनिया मुझे दाईं ओर जाने को कहती,
अंदर की गूँज मेरे मन को सहलाती,
ओ यात्री, तुम्हारी रूह तुम्हें पुकारती!
सालों बीत गए घबराहट के संग,
कमज़ोरी ने लिपट लिया मेरा मन,
बिस्तर पर लेटे भी पुकारे मन,
अरे जनाब, सुनो अपने दिल की धुन।
ज़िंदगी के आख़िर पल,
निराशा भरे हर सोच में मन,
बरबाद हुए मौके भी संग,
क्या फ़ायदा रोने का अब!
इसलिए जनाब,
सुनो अपनी रूह की धुन,
चुनो वही राह भी तुम।।

# उम्मीद की किरण

ELEENA THOMAS OONNOONNY
IInd Year BA Economics & Mathematics

उनकी पूरी दुनिया काँपने लगी। तारों पर कविताएँ रचने के लिए युद्ध सहमत नहीं था। फ़ैज़ की कविताओं में अब सिर्फ़ बम और धुआँ था।
"अम्मी, आज खाने में क्या है?"
अम्मी इस सवाल पर हँस पड़ीं।
"दिल बहला देने वाली, मुँह में पानी लाने वाली, सूखी रोटी है आज।"
फ़ैज़ भी हँस पड़ा। उसकी अम्मी हमेशा से ही बहुत मज़ाकिया थीं। वह उनकी गोद में लेट गया और कुछ पलों के लिए जली हुई लाशों और कटे हुए सिरों की ख़ौफ़नाक तस्वीरें भूल सका।
"फ़ैज़! अरे उठ!"
फ़ैज़ की आँखें झटके से खुलीं।
"अम्मी... आप कहाँ हो? अम्मी!"
वह अपने घर में नहीं था।
प्लास्टिक से ढकी एक छोटी-सी झोपड़ी की घुटन भरी गर्मी में उसने खुद को पाया। उसका मुलायम बिस्तर गायब था। उसके नरम तकिए भी अब कहीं नहीं थे।
वह एक शरणार्थी शिविर में था।
भयंकर आँधी के झोंके की तरह उसकी यादें लौट आईं।
चारों ओर आग और धुआँ।
उसकी अम्मी की आँखों में ख़ौफ़ और घबराहट थी। शायद वह घबराहट अपने बेटे के भविष्य के लिए थी। खुद आग की लपटों में घिरी हुई भी वह अपने बेटे के बारे में ही सोच रही थीं।
उनके हाथ और पैर अग्नि की लपटों का हिस्सा बन चुके थे।
उसकी आँखें आँसुओं से भर उठीं। वह अपनी अम्मी के करीब जाने को तड़प उठा।
फ़ैज़ की हालत देखते ही उसके दोस्त मुहम्मद ने उसे गले लगा लिया। फ़ैज़ के हाथ-पैर अब भी काँप रहे थे।
"तुम यहाँ सुरक्षित हो। मैं हूँ तुम्हारे साथ," मुहम्मद ने कहा। "मैं तुम्हें एक खुशख़बरी बताने आया हूँ। तुम्हारी कविताएँ गार्डन साहब को बहुत पसंद आई हैं। उन्होंने तुम्हारी बाकी रचनाएँ भी पढ़ी हैं। वे तुम्हें जर्मनी ले जाना चाहते हैं।"
फ़ैज़ ने एक प्रतियोगिता के लिए अपनी कविताएँ और कहानियाँ भेजी थीं।
फ़ैज़ को अपनी ही किस्मत पर विश्वास नहीं हुआ। क्या वह सचमुच इतने दूर किसी देश में जाने के लिए तैयार था?
"तुम मेरे साथ आओगे?" उसने उम्मीद भरी नज़रों से पूछा।
मुहम्मद के होंठों पर हल्की-सी मुस्कान आई, लेकिन उसकी आँखों में दर्द साफ़ झलक रहा था।
"पहले तुम बड़े आदमी बनो... फिर मुझे भी अपने साथ ले जाना।"
"तुम्हारे बिना मैं कहीं नहीं जा रहा," फ़ैज़ ने दृढ़ स्वर में कहा।
"मैं एक और परिवार नहीं खो सकता।"
मुहम्मद ने गंभीर स्वर में उत्तर दिया, "फ़ैज़... यहाँ अब कोई ज़िंदगी नहीं बची। यहाँ सिर्फ़ बम हैं, धमाके हैं और चारों ओर तबाही। तुम यहाँ अपने लिए कभी भविष्य नहीं बना पाओगे। मेरी बात मानो, यहाँ से निकल जाओ और अपने लिए एक नई ज़िंदगी बनाओ। लेकिन... अपने लोगों को मत भूलना। हमारे बारे में लिखना। हमारी कहानी दुनिया तक पहुँचाना।"
फ़ैज़ की आँखें फिर नम हो गईं।
"मुहम्मद... किसी भी बच्चे की किस्मत हमारी जैसी नहीं होनी चाहिए। युद्ध और निराशा किसी भी बच्चे के बचपन का हिस्सा नहीं बनने चाहिए।"
दोनों एक-दूसरे को देखते हुए हल्के से मुस्कुरा दिए। उस मुस्कान में उम्मीद भी थी और बिछड़ने का दर्द भी।
अगले दो-तीन महीने मानो पंख लगाकर उड़ गए। वीज़ा, पासपोर्ट और जाने की तैयारियों ने फ़ैज़ को पूरी तरह व्यस्त कर दिया था। गार्डन साहब के लोग उससे मिलने भी आते थे। गार्डन साहब, जो स्वयं एक प्रसिद्ध लेखक थे, फ़ैज़ की रचनाओं को प्रकाशित करना चाहते थे। यह सब किसी सपने से कम नहीं था।
आख़िर वह दिन भी आ गया, जब फ़ैज़ को जर्मनी के लिए रवाना होना था। इस बार आँसू रुकने का नाम ही नहीं ले रहे थे। मुहम्मद और फ़ैज़, दोनों इस बिछड़ने से टूट चुके थे।
हवाई जहाज़ में बैठने के बाद फ़ैज़ ने एक बार फिर खिड़की से बाहर देखा। बादलों के बीच से सूरज की एक सुनहरी किरण भीतर आकर उसके चेहरे पर पड़ी।
फ़ैज़ ने आँखें बंद कीं और धीरे से मुस्कुराया।

# എന്നും പപ്പേട്ടന്റെ ഓർമ്മയ്ക്ക്

MUHZIN M
1st BA English

ഓരോ ഇടവപ്പാതിയിലും കേരളക്കരയിൽ മഴ പെയ്തിറങ്ങുമ്പോൾ നമ്മളറിയാതെ ഒരു സിനിമാപ്രേമിയുടെ മനസ്സിലേക്ക് 'തൂവാനത്തുമ്പികളിലെ' ക്ലാര കടന്നു വരാറുണ്ട്. മൂടൽമഞ്ഞുള്ള പുലരികളിൽ 'ഞാൻ ഗന്ധർവ്വനിലെ' ആകാശരൂപത്തെ നാം തിരയാറുണ്ട്. മലയാള സിനിമയ്ക്കും സാഹിത്യത്തിനും വിസ്മയങ്ങളുടെ വസന്തകാലം സമ്മാനിച്ച പത്മരാജൻ എന്ന പപ്പേട്ടൻ വിടപറഞ്ഞിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും, ഇന്നും മലയാളിയുടെ പ്രണയത്തിനും വിരഹത്തിനും ആ പേര് തന്നെയാണ് വിലാസം.

കപടമായ സിനിമാറ്റിക് ഹീറോയിസങ്ങൾക്കപ്പുറം, മനുഷ്യബന്ധങ്ങളുടെ സങ്കീർണ്ണതകളെയും പ്രണയത്തിന്റെ



തീവ്രതയെയും ഇത്രമേൽ ഭംഗിയായി ദൃശ്യവൽക്കരിച്ച മറ്റൊരു സംവിധായകൻ മലയാളത്തിലുണ്ടായിട്ടില്ല. പരുക്കൻ ക്രൈം ത്രില്ലറുകളിൽ നിന്ന് ക്ലാസിക് പ്രണയകാവ്യങ്ങളിലേക്കും ഫാന്റസിയിലേക്കും അനായാസം വഴിമാറിയ ആ ചലച്ചിത്ര മാന്ത്രികന്റെ എഴുത്തുശൈലിയെയും, പെർഫെക്ഷനെയും, വൈവിധ്യമാർന്ന സിനിമകളെയും അടയാളപ്പെടുത്താനുള്ള ഒരു എളിയ ശ്രമമാണിത്.കേവലം 45-ാം വയസ്സിൽ, തന്റെ സർഗ്ഗാത്മകതയുടെ സുവർണ്ണകാലത്ത് മലയാള സിനിമയെ അനാഥമാക്കി പദ്മരാജൻ മടങ്ങുമ്പോൾ നമുക്ക് നഷ്ടപ്പെട്ടത് ഒരു സംവിധായകനെ മാത്രമല്ല; മനുഷ്യ മനസ്സിന്റെ വികാരങ്ങളെ ഇത്രമേൽ ആഴത്തിൽ വായിച്ചെടുത്ത ഒരു ചലച്ചിത്ര മാന്ത്രികനെ കൂടിയാണ്. ആയുസ്സിന്റെ പകുതിയിലെവിടെയോ വെച്ച് ആ ഗന്ധർവ്വൻ മടങ്ങിയിട്ടും, അദ്ദേഹം അവശേഷിപ്പിച്ചുപോയ ദൃശ്യവിസ്മയങ്ങൾക്ക് മുന്നിൽ ഇന്നും മലയാളി വിസ്മയിച്ചു നിൽക്കുന്നു. ആ ചലച്ചിത്ര പ്രപഞ്ചത്തിലെ ഏറ്റവും മനോഹരമായ രണ്ട് അടയാളപ്പെടുത്തലുകളാണ് 'തൂവാനത്തുമ്പികളും' 'ഞാൻ ഗന്ധർവ്വനും'.

'തൂവാനത്തുമ്പികളിൽ' ജയകൃഷ്ണൻ എന്ന സാധാരണക്കാരന്റെ മനസ്സും, പ്രണയത്തിന്റെ പവിത്രതയും കാമത്തിന്റെ തീവ്രതയും തമ്മിലുള്ള നിരന്തരമായ സംഘർഷമാണ് പത്മരാജൻ ദൃശ്യവൽക്കരിച്ചത്. പ്രണയത്തിനും കാമത്തിനുമിടയിലുള്ള ആ നേർത്ത നൂൽപാലത്തിലൂടെയുള്ള ജയകൃഷ്ണന്റെ യാത്രയും, രാധയുടെ ഗാർഹികമായ പ്രണയവും, മഴയുടെ പശ്ചാത്തലത്തിൽ വന്ന് മലയാളിയുടെ നെഞ്ചിൽ പെയ്തുതോരാത്ത പ്രണയമായി മാറിയ 'ക്ലാര' എന്ന അനശ്വര കഥാപാത്രവും പത്മരാജന്റെ പെർഫെക്ഷന്റെ ഉത്തമ ഉദാഹരണങ്ങളാണ്.

അവിടെനിന്ന് നേരെ വിപരീതമായ മറ്റൊരു ലോകത്തേക്കാണ് അദ്ദേഹം 'ഞാൻ ഗന്ധർവ്വനി'ലൂടെ നമ്മെ കൂട്ടിക്കൊണ്ടുപോയത്. ഒരു സാധാരണ മനുഷ്യസ്ത്രീക്ക് സ്വർഗ്ഗീയനായ ഒരു ഗന്ധർവ്വനോട് തോന്നുന്ന പ്രണയം അത് കേവലം ശാരീരികമായ ഒന്നല്ല, മറിച്ച് ആത്മാവുകൾ തമ്മിലുള്ള അലൗ






കികമായ ഒരു കൂടിച്ചേരലായിരുന്നു. പ്രണയവും കാമവും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ ഇത്രയും മനോഹരമായും തത്വശാസ്ത്രപരമായും അവതരിപ്പിക്കാൻ പത്മരാജന് മാത്രമേ സാധിക്കൂ എന്ന് ഈ രണ്ട് ചിത്രങ്ങളും അടിവരയിടുന്നു.

പ്രണയത്തിന്റെ ഗന്ധർവ്വലോകങ്ങളിൽ നിന്ന് മാറി മനുഷ്യബന്ധങ്ങളുടെ, പ്രത്യേകിച്ച് ചോരബന്ധങ്ങളുടെ തീവ്രതയിലേക്ക് പത്മരാജൻ ക്യാമറ തിരിച്ചു വെച്ചപ്പോൾ പിറന്ന വികാരനിർഭരമായ കാവ്യമാണ് 'മൂന്നാംപക്കം'. തിലകൻ അനശ്വരമാക്കിയ 'തമ്പി' എന്ന മുത്തശ്ശനും, ജയറാം അവതരിപ്പിച്ച 'പാച്ചു' (ഭാസ്കർ) എന്ന കൊച്ചുമകനും തമ്മിലുള്ള സ്നേഹബന്ധം കേവലമൊരു കുടുംബചിത്രത്തിനപ്പുറം മനുഷ്യർ തമ്മിലുള്ള ആത്മീയമായ കൂടിച്ചേരലിന്റെ കഥയാണ്.മനുഷ്യർ തമ്മിലുള്ള ബന്ധത്തെ മാത്രമല്ല, മനുഷ്യനും പ്രകൃതിയും (ഇവിടെ കടൽ) തമ്മിലുള്ള നിഗൂഢമായ ബന്ധത്തെയും പത്മരാജൻ ഇതിൽ കാണിച്ചുതരുന്നു. സ്നേഹത്തിന്റെ ആഴവും പ്രകൃതിയുടെ ക്രൂരതയും ഒരേപോലെ കടലിലൂടെ അദ്ദേഹം ദൃശ്യവൽക്കരിക്കുന്നു.മരണാനന്തരം മൂന്നാം ദിവസം ചെയ്യുന്ന 'മൂന്നാംപക്കം' എന്ന ചടങ്ങിലേക്ക് കഥയെ എത്തിക്കുമ്പോൾ, ജീവനറ്റ ശരീരമല്ല, മറിച്ച് ആത്മാവുകളുടെ അനശ്വരമായ ബന്ധമാണ് യഥാർത്ഥ സ്നേഹമെന്ന് പത്മരാജൻ സ്ഥാപിക്കുന്നു. കൊച്ചുമകന്റെ വേർപാടിൽ തകർന്നുപോകുന്ന തമ്പി എന്ന കഥാപാത്രത്തിലൂടെ മനുഷ്യബന്ധങ്ങളുടെ ആത്യന്തികമായ അനിവാര്യതയെയാണ് അദ്ദേഹം വരച്ചുകാട്ടുന്നത്.

മലയാള സാഹിത്യത്തിൽ പ്രണയത്തെയും ശാരീരിക ചോദനകളെയും (Carnal Desires) ഒട്ടും ഒളിച്ചുവെക്കാതെ അവതരിപ്പിച്ച എഴുത്തുകാരനാണ് പത്മരാജൻ . എന്നാൽ അദ്ദേഹത്തിന്റെ കൃതികളിൽ കാമം എന്നത് ഒരിക്കലും പ്രണയത്തിന് താഴെയല്ല, മറിച്ച് പ്രണയ




ത്തിലേക്കുള്ള ഒരു വഴിമാത്രമാണ്. കേവലം 45-ാം വയസ്സിൽ അദ്ദേഹം വിടപറയുമ്പോൾ, പ്രണയത്തെയും കാമത്തെയും മനുഷ്യബന്ധങ്ങളെയും ഇത്രമേൽ തീവ്രമായി അടയാളപ്പെടുത്തിയ മറ്റൊരു എഴുത്തുകാരൻ മലയാളത്തിൽ ഇല്ലായിരുന്നു.ലോല

(Lola): പദ്മരാജന്റെ ഏറ്റവും ജനപ്രിയമായ ഈ ചെറുകഥ പ്രണയത്തിന്റെ അതിർവരമ്പുകളെ പുനർനിർവ്വചിച്ച ഒന്നാണ്. ശാരീരികമായ ആകർഷണങ്ങൾക്കപ്പുറം, ഹൃദയങ്ങൾ തമ്മിൽ തിരിച്ചറിയുന്ന നിമിഷമാണ് പ്രണയമെന്ന് ലോലയിലൂടെ അദ്ദേഹം കാട്ടിത്തരുന്നു. 'എന്റെ സിനിമകളെയും കഥകളെയും നെഞ്ചിലേറ്റാൻ ഇവിടെ മറ്റൊരു തലമുറയുണ്ടാകും. കാരണം, ചില സാഹിത്യസൃഷ്ടികളും സിനിമകളും അതിന്റെ യഥാർത്ഥ മൂല്യത്തോടെ ജനപ്രിയമാകുന്നത് അവ പുറത്തിറങ്ങി ഒന്നോ രണ്ടോ തലമുറകൾക്ക് ശേഷമായിരിക്കും.'

അദ്ദേഹത്തിന്റെ ഈ വാക്കുകൾ എത്ര മാത്രം സത്യമായിരുന്നുവെന്ന് ഇന്നത്തെ സോഷ്യൽ മീഡിയ പേജുകളും ക്യാമ്പസുകളും തെളിയിക്കുന്നു. റിലീസ് ചെയ്ത കാലത്ത് പരാജയപ്പെട്ട പല പത്മരാജൻ ചിത്രങ്ങളും ഇന്ന് 'കൾട്ട് ക്ലാസിക്കുകളായി' മാറിയത് കാലം ആ പ്രതിഭയ്ക്ക് നൽകിയ അംഗീകാരമാണ്.

45-ാം വയസ്സിൽ അദ്ദേഹം ഈ മണ്ണിൽ നിന്ന് യാത്രയായെങ്കിലും, പത്മരാജൻ എന്ന സംവിധായകൻ ഒരിക്കലും മരിക്കുന്നില്ല. പെയ്യാൻ മടിക്കുന്ന വേനൽമഴയിലും, മനംമയക്കുന്ന ഓർമ്മകളിലും, ഓരോ മലയാളി ക്യാമ്പസിന്റെ സർഗ്ഗാത്മകതയിലും ആ 'ഗന്ധർവ്വസ്പർശം' എന്നും ജീവിക്കും.കാരണം പത്മരാജൻ എന്ന കലാകാരൻ മരിക്കുന്നില്ല, അദ്ദേഹം നമ്മുടെ വായനയിലൂടെയും ചിന്തകളിലൂടെയും നിരന്തരം പുനർജനിച്ചുകൊണ്ടേയിരിക്കുന്നു.'

# വായന, ഭാഷ, മനുഷ്യൻ

SEREENA A S
II BSc Chemistry

ലോകത്ത് വലിയ മാറ്റങ്ങൾ സംഭവിക്കുന്നത് പലപ്പോഴും ആദ്യം ഭാഷയിലാണ്. എഴുതപ്പെടുന്ന വാക്കുകളിലൂടെ ലോകം രൂപംകൊള്ളുന്നു, പിന്നീട് അത് വായിക്കപ്പെടുമ്പോൾ മനുഷ്യരുടെ ചിന്തയും മാനസികതയും മാറുന്നു. ഒരു മുഖം പോലും ''വായിക്കാവുന്ന'' ഒന്നാണെന്ന് ഷേക്സ്പിയർ സൂചിപ്പിച്ചതുപോലെ, വായന മനുഷ്യനെ മെഴുകുകയും സംസ്കാരചിത്തനാക്കുകയും ചെയ്യുന്നു. ജീവിതപരീക്ഷണങ്ങളെ അതിജീവിക്കാൻ ഉള്ള ഉൾബലം വളരാൻ വായന സഹായിക്കുന്നു; അറിവിലേക്കും അനുഭവങ്ങളിലേക്കും നയിക്കുന്ന ഒരു ശാന്തമായ വഴിയാണത്. അതുകൊണ്ടുതന്നെ വായനാശീലം, നല്ല സ്വഭാവത്തിന്റെ ഒരു അടയാളമായി പല സമൂഹങ്ങളും കണ്ടിട്ടുണ്ട്.

**ഭരണകൂടങ്ങൾക്കും വായനയ്ക്കുമിടയിലെ സംഘർഷം**

എന്നാൽ ഭരണകൂടങ്ങളുടെ കാഴ്ചപ്പാടിൽ വായന എപ്പോഴും സുരക്ഷിതമായ ഒന്നല്ല. എന്ത് വായിക്കണം, എങ്ങനെ വായിക്കണം എന്നതനുസരിച്ച് വായന അധികാരം ശക്തിപ്പെടുത്താനും അതിനെ ചോദ്യം ചെയ്യാനും ഒരുപോലെ ഉപയോഗിക്കാം. ചിന്തയെ ഉണർത്തുന്ന, ചോദ്യം ചെയ്യാൻ പഠിപ്പിക്കുന്ന ഗ്രന്ഥങ്ങൾ ഒരു ഘട്ടത്തിൽ ഭരണകൂടത്തിന് ഭീഷണിയായി തോന്നും. വായനക്കാരൻ പുതിയ ആശയങ്ങളെ ഏറ്റുവാങ്ങുമ്പോൾ, പഴയ സിദ്ധാന്തങ്ങളിൽനിന്ന് പുറത്തെക്കും പുതിയ ചോദ്യങ്ങൾ ഉയർത്താനും തുടങ്ങുന്നു. അത് ഭരണകൂടത്തിനോട് നേരിട്ട് വിരോധമല്ലെങ്കിലും, അനുസരണയെന്ന ഏക പ്രതീക്ഷയെ തകർക്കുന്ന തുടക്കം തന്നെയാണ്. അതിനാലാണു പല സർക്കാരുകളും വായനയ്ക്ക് ഒരു ഭാഗത്ത് പ്രോത്സാഹനവും മറുഭാഗത്ത് നിയന്ത്രണവും ഏർപ്പെടുത്തുന്നത്.

**കോളനി ഭരണവും വായനയുടെ രാഷ്ട്രീയവും**

യൂറോപ്യൻ കൊളോണിയൽ കാലത്ത് വായനക്ക് നൽകിയിരുന്ന പ്രാധാന്യം മറ്റൊരു രൂപത്തിലായിരുന്നു. പാശ്ചാത്യ ഇറക്കുമതി പുസ്തകങ്ങളിലൂടെ തങ്ങളുടെ സംസ്കാരവും മൂല്യങ്ങളും കോളനികളിൽ സ്ഥാപിക്കാമെന്ന് അവർ കരുതി. ലൈബ്രറികൾ, സ്കൂളുകളോടൊപ്പം, സാമ്രാജ്യത്വത്തിന്റെ സാംസകാരിക വകുപ്പായിരുന്നു. പാശ്ചാത്യ ചിന്താഗതിയെ നട്ടുപിടിപ്പിക്കാനും മദ്ധ്യവർഗ്ഗത്തെ സ്വന്തം ഭരണത്തോട് ഒത്തു ചേർക്കാനുമുള്ള ഉപകരണമായിരുന്നു ഈ പുസ്തകങ്ങൾ. അതിനൊപ്പം, വ്യവസായവികസനത്തിനാവശ്യമായ സാങ്കേതികവാണിജ്യ അറിവ് തൊഴിലാളിവർഗ്ഗത്തിൽ എത്തിക്കാനുമുള്ള മാർഗ്ഗം ഈ ഗ്രന്ഥശാലകൾ തന്നെയായിരുന്നു.

**ഗ്രന്ഥശാലകൾ ആക്രമിക്കപ്പെടുമ്പോൾ**

വായനയും പുസ്തകങ്ങളും ഇങ്ങനെ രാഷ്ട്രീയവത്കരിക്കപ്പെട്ടതുകൊണ്ടുതന്നെ, യുദ്ധങ്ങളിലും വംശീയ കലാപങ്ങളിലും ലൈബ്രറികൾ ആദ്യ ഇരകളായി മാറാറുണ്ട്. ഒരു ജനതയുടെ ഓർമ്മയും സംസ്കാരവും അവർ ചേർത്തിട്ടുള്ള താളുകളിൽ അടങ്ങിയിരിക്കുന്നതിനാൽ, ആ പുസ്തകങ്ങളെയാണ് ആദ്യം ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. പുരാതന നഗരങ്ങളിലെ കൊട്ടാരഗ്രന്ഥശാലകൾ മുതൽ, അടുത്തകാലത്ത് ജാഫ്നയിലെ പൊതു ഗ്രന്ഥശാലയും ബോസ്നിയയിലെ സ്റ്റേറ്റ് ലൈബ്രറിയും വരെ, പല ഗ്രന്ഥശാലകളും നശിപ്പിക്കപ്പെട്ടു. അറിവിനെ നശിപ്പിച്ച് ഒരു സമൂഹത്തെ മുട്ടുകുത്തിക്കാമെന്ന ഭ്രമത്തിലാണ് ഇത്തരം ആക്രമണങ്ങൾ.

**പുസ്തകകൊള്ളയും രണ്ടാം ലോകമഹായുദ്ധവും**

ഗ്രന്ഥശാലകൾ നശിപ്പിക്കപ്പെടുന്നതോടെ ഒപ്പമുണ്ടാകുന്ന മറ്റൊരു പ്രവണതയാണ് പുസ്തകകൊള്ള. രണ്ടാം ലോകമഹായുദ്ധകാലത്ത് ഹിറ്റ്ലറുടെയും സ്റ്റാലിന്റെയും സൈന്യങ്ങൾ പരസ്പരം ചെയ്ത പുസ്തകകൊള്ളകൾ അതിന്റെ വിചിത്ര ഉദാഹരണമാണ്. ആയിരക്കണക്കിന് ഗ്രന്ഥശാലകളിൽ നിന്നുള്ള ശേഖരങ്ങൾ എതിർരാജ്യങ്ങളിലേക്ക് കൊണ്ടുപോയി. ചിലത് അവിടെ പുതിയ



ഗ്രന്ഥപ്പുരകളുടെ ഭാഗമായപ്പോൾ, ചില ത് അതിലെ പാഠത്തെത്തന്നെ മാറ്റിമറിക്കാൻ ഉപയോഗിക്കപ്പെട്ടു. ഒരു പക്ഷെ ഒരു രാജ്യത്തിന്റെ പൗരന്മാർക്കായിരുന്നു ആദ്യം എഴുതപ്പെട്ട പുസ്തകങ്ങൾ, പിന്നീട് അവ മറ്റൊരു ഭരണകൂടത്തിന്റെ രാഷ്ട്രീയനേട്ടത്തിന് സേവനമർപ്പിച്ചു.

**വായനയിൽ മുഴുകിയ ഏകാധിപതി**

ഈ ചരിത്രപരിസരത്തിലാണ് ജോസഫ് സ്റ്റാലിൻ എന്ന വ്യക്തിത്വം ശ്രദ്ധേയനാവുന്നത്. ബാല്യകാലം മുതൽ സെമിനാരി പഠനകാലം വരെ, വായനയോടുള്ള ഒരു തീവ്രമായ അടുപ്പം അദ്ദേഹം വളർത്തിപ്പിടിച്ചു. ഒരു പ്രൊഫസറാകാനുള്ള സ്വപ്നത്തോടുകൂടി ആരംഭിച്ച ഈ വായന പിന്നീട് വിപ്ലവ പ്രസ്ഥാനത്തിലേക്കാണ് അദ്ദേഹത്തെ എത്തിച്ചത്. നാടുകടത്തലിന്റെ ഏകാന്തതയിലും അദ്ദേഹം വായന വിട്ടുകളഞ്ഞില്ല; ജോലിക്കാരുടെ വീട്ടിൽ താമസിക്കുമ്പോഴും, സുഹൃത്തുക്കളെ കാണാൻ പോകുമ്പോഴും, പുസ്തകങ്ങളാണ് അദ്ദേഹത്തെ അനുഗമിച്ചത്. ഗ്രന്ഥശാലകളും സ്വകാര്യശേഖരങ്ങളും ചേർന്നാണ് അദ്ദേഹത്തിന് തന്റെ രാഷ്ട്രീയബോധം പാകപ്പെടുത്തിക്കൊള്ളാൻ സാധിച്ചത്.

**ഒരു ഗ്രന്ഥശേഖരം പറയുന്ന കഥ**

സ്റ്റാലിന്റെ മരണശേഷം അദ്ദേഹത്തിന്റെ വലിയ ഗ്രന്ഥശേഖരം പല ഭാഗത്തായും ചിതറിയുപോയെങ്കിലും, അവശേഷിച്ച പുസ്തകങ്ങളിൽ നിന്നും ഒരാളെ വായിച്ച് മനസ്സിലാക്കാനുള്ള സാധ്യത ഇപ്പോഴും നിലനിൽക്കുന്നു. അദ്ദേഹത്തിൻറെ സ്വകാര്യ പുസ്തകശേഖരത്തിലൂടെ കടന്നുപോകുമ്പോൾ കാണുന്നത് ഒറ്റപ്പെട്ട ഗ്രന്ഥങ്ങൾ മാത്രമല്ല; അവ വരച്ചിട്ട മനുഷ്യന്റെ ജീവിതരേഖയാണ്. എങ്ങനെ പുസ്തകങ്ങൾ തെരഞ്ഞെടുത്തു, എന്തിന് അടിവരയിട്ടു – ഇതെല്ലാം ചേർത്തു വായിച്ചാൽ, പുസ്തകമുറിയിൽ ഇരുന്നു ചിന്തിക്കുന്ന ഒരു ഭരണാധികാരിയെ നമുക്ക് കാണാനാകും. അതിനാൽ വായന മനുഷ്യനെ രൂപപ്പെടുത്തുന്നതുപോലെ, ചിലപ്പോൾ അത് ലോകത്തിന്റെ രാഷ്ട്രീയം, യുദ്ധങ്ങൾ, അനേകരുടെ ജീവിതം വരെ മാറ്റിമറിക്കാൻ സഹായിക്കുന്നതാണ് .




# യുദ്ധം:

## ദൂരെയെങ്കിലും നമ്മുടെ ജീവിതത്തെ സ്പർശിക്കുന്നു

MOHAMMED GAZALI
II BCom BIS

ഇന്നത്തെ ലോകത്തിൽ യുദ്ധങ്ങൾ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. പലർക്കും ''എവിടെയെങ്കിലും യുദ്ധം നടന്നാൽ അത് നമ്മെ ബാധിക്കില്ലല്ലോ'' എന്നൊരു ധാരണ ഉണ്ടായിരുന്നു. പക്ഷേ യാഥാർത്ഥ്യം അതല്ല. ലോകം ഇന്ന് പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന ഒരു സംവിധാനമാണ്. അതിനാൽ ഒരു രാജ്യത്ത് ഉണ്ടാകുന്ന യുദ്ധം പോലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ ജീവിക്കുന്നവരെയും ബാധിക്കും.

മിഡിൽ ഈസ്റ്റ് മേഖലയിലെ സംഘർഷങ്ങൾ അതിന്റെ വ്യക്തമായ ഉദാഹരണമാണ്. ഇത്തരം യുദ്ധങ്ങൾ എണ്ണയും ഗ്യാസ് പോലുള്ള പ്രധാന വിഭവങ്ങളുടെ ലഭ്യതയെ ബാധിക്കുന്നു. ഈ വിഭവങ്ങൾക്കു വേണ്ടി പല രാജ്യങ്ങളെയും ആശ്രയിക്കുന്നതിനാൽ, അവയുടെ വിലയും ലഭ്യതയും നേരിട്ട് നമ്മുടെ ജീവിതത്തെ ബാധിക്കുന്നു. ഗ്യാസ് ക്ഷാമം മൂലം പല ഹോട്ടലുകളും കോളേജ് ഹോസ്റ്റലുകളും അടയ്ക്കേണ്ട അവസ്ഥയിലേക്ക് എത്തിയത് ഇതിന്റെ തെളിവാണ്. ഒരിക്കൽ ദൂരെയായിരുന്ന യുദ്ധം ഇന്ന് നമ്മുടെ അടുക്കളയെ പോലും പ്രതികൂലമായി





**ഒരിക്കൽ ദൂരെയായിരുന്ന യുദ്ധം ഇന്ന് നമ്മുടെ അടുക്കളയെ പോലും പ്രതികൂലമായി ബാധിച്ച അവസ്ഥയിലാണ്. കേരളത്തിൽ യുദ്ധത്തിനെതിരെ പ്രതിഷേധങ്ങൾ നടന്നപ്പോൾ, "ഇവിടെ സമരം നടത്തേണ്ടത് എന്തിന് എന്ന ചോദ്യം ഉയർന്നിരുന്നു. എന്നാൽ ഇപ്പോഴത്തെ സാഹചര്യങ്ങൾ ആ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടിയാണ് നൽകുന്നത്.**

ബാധിച്ച അവസ്ഥയിലാണ്.
കേരളത്തിൽ യുദ്ധത്തിനെതിരെ പ്രതിഷേധങ്ങൾ നടന്നപ്പോൾ, ''ഇവിടെ സമരം നടത്തേണ്ടത് എന്തിന് എന്ന ചോദ്യം ഉയർന്നിരുന്നു. എന്നാൽ ഇപ്പോഴത്തെ സാഹചര്യങ്ങൾ ആ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടിയാണ് നൽകുന്നത്. ലോകത്തിലെ ഏതെങ്കിലും ഭാഗത്ത് നടക്കുന്ന യുദ്ധം പോലും നമ്മെ ബാധിക്കുമെന്ന ബോധ്യം ഇന്ന് കൂടുതൽ വ്യക്തമായിട്ടുണ്ട്.

ഇതോടൊപ്പം, ലോക രാഷ്ട്രീയത്തിലെ ചില ശക്തരായ രാജ്യങ്ങളുടെ നിലപാടുകളും ചർച്ച ചെയ്യേണ്ടതാണ്. സ്വത്ത് കവർച്ചക്കും ഏകാധിപത്യ സ്വഭാവമുള്ള ഭരണകൂടങ്ങൾക്കുമായി ചിലപ്പോൾ മോശം കളികൾ കളിക്കുന്ന രാജ്യങ്ങൾ, തങ്ങളെത്തന്നെ ''ലോക പോലീസ്'' ആയി അവതരിപ്പിക്കുകയും യുദ്ധങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നതായി വിമർശനങ്ങൾ ഉയരുന്നുണ്ട്. ഇത്തരത്തിലുള്ള ശക്തികളുടെ ഇടപെടലുകൾ പലപ്പോഴും സമാധാനം ഉറപ്പാക്കുന്നതിനേക്കാൾ സംഘർഷങ്ങളെ കൂടുതൽ രൂക്ഷമാക്കുന്നുവെന്ന ആരോപണവും നിലനിൽക്കുന്നു.

അതിനാൽ യുദ്ധം ഒരു പ്രദേശത്തിന്റെ മാത്രം പ്രശ്നമല്ല; അത് മുഴുവൻ മനുഷ്യരാശിയെയും ബാധിക്കുന്ന വലിയ പ്രശ്നമാണ്. ലോക സമാധാനത്തിനായി എല്ലാ രാജ്യങ്ങളും ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കേണ്ടതും, സാധാരണ ജനങ്ങളുടെ ജീവിതം സംരക്ഷിക്കാൻ ശ്രമിക്കേണ്ടതും അത്യാവശ്യമാണ്.

# വർഗീയത
## വാഴ്ത്തപ്പെടാത്ത സമൂഹം

RAJA SETHUPATHY
II BCom Finance




കേരളം എന്ന പേര് കേൾക്കുമ്പോൾ തന്നെ മനസ്സിൽ വരുന്നത് ഒത്തൊരുമയും സഹവർത്തിത്വവും ഉള്ള ഒരു സമൂഹമാണ്. മതം, ജാതി, വർഗ്ഗം തുടങ്ങിയ വ്യത്യാസങ്ങൾ ഇവിടെ ഇല്ലെന്ന് പറയാനാകില്ല. പക്ഷേ ആ വ്യത്യാസങ്ങൾക്കപ്പുറം ഒരുമിച്ച് ജീവിക്കാൻ പഠിച്ച ജനതയാണ് കേരളത്തിന്റെ ശക്തി. ഉയർന്ന സാക്ഷരതയും സാമൂഹിക ബോധവുമുള്ള ഈ നാട്, ഇന്ത്യയിൽ തന്നെ വ്യത്യസ്തമായ ഒരു മാതൃകയായി നിലകൊള്ളുന്നു.

എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ചില ശക്തികൾ രാഷ്ട്രീയ താൽപര്യങ്ങൾക്കായി ഈ ഒത്തൊരുമയെ തകർക്കാൻ ശ്രമിക്കുന്നതായി കാണാം. മതപരമായ വിഭജനങ്ങൾ സൃഷ്ടിച്ച് സമൂഹത്തെ തമ്മിൽ വിരുദ്ധമായി നിർത്താനുള്ള ശ്രമങ്ങൾ ശക്തമായി തുടരുന്നു. ഇത് കേരളം പോലെ ഉയർന്ന സാമൂഹിക ബോധമുള്ള ഒരു സമൂഹത്തിനു വലിയ

വെല്ലുവിളിയാണ്.
സിനിമകൾ പോലുള്ള ശക്തമായ മാധ്യമങ്ങൾ ചിലപ്പോൾ ഈ വിഭജന രാഷ്ട്രീയത്തിന്റെ ഉപാധികളായി മാറുന്നതും കാണാം. 'The Kerala Story" പോലുള്ള സിനിമകളെ ചുറ്റിപ്പറ്റിയ വിവാദങ്ങൾ അതിന് ഉദാഹരണമാണ്. സിനിമകൾക്ക് വലിയ സ്വാധീനം ഉണ്ടെന്നത് നിഷേധിക്കാൻ കഴിയില്ല. അവയിലൂടെ നല്ല ആശയങ്ങൾ സമൂഹത്തിലേക്ക് എത്തിക്കാനാകുന്നതുപോലെ തന്നെ തെറ്റിദ്ധാരണകളും പ്രചരിപ്പിക്കാനാകുന്നു. അതുകൊണ്ട് സിനിമകൾ സമൂഹത്തെ എങ്ങനെ പ്രതിനിധീകരിക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.
അതേസമയം, സംഭവങ്ങളെ അടിസ്ഥാനമാക്കി നിർമ്മിച്ച സിനിമകൾക്ക് പോലും ചിലപ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തപ്പെടുന്നത് ശ്രദ്ധേയമാണ്. ഇത് സെൻസർഷിപ്പിന്റെയും രാഷ്ട്രീയ സ്വാധീനത്തിന്റെയും ഇരട്ടത്താപ്പായി പലരും കാണുന്നു. ഒരു വശത്ത് ചില സിനിമകൾക്ക് അനായാസ അനുമതി നൽകുകയും, മറുവശത്ത് മറ്റൊന്നിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നത് പിന്നിലെ ഉദ്ദേശ്യങ്ങളെക്കുറിച്ച് സംശയങ്ങൾ സൃഷ്ടിക്കുന്നു.
കേരളത്തിന്റെ സാമൂഹിക ജീവിതം തന്നെ വൈവിധ്യത്തിൽ ഏകത്വത്തിന്റെ ഉദാഹരണമാണ്. ഭക്ഷണരീതികളിലും ജീവിതശൈലിയിലും വ്യക്തികൾക്ക് സ്വാതന്ത്ര്യമുണ്ട്. ഉദാഹരണത്തിന്, ബീഫ് ഭക്ഷണംചിലർ കഴിക്കുന്നു, ചിലർ കഴിക്കാറില്ല. കേരളത്തിൽ ആരെയും നിർബന്ധിക്കുന്ന ഒരു സംസ്കാരം ഇല്ല; ഓരോരുത്തർക്കും അവരുടെ ഇഷ്ടാനുസരണം ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. മറിച്ച്, ഇന്ത്യയിലെ ചില വടക്കൻ സംസ്ഥാനങ്ങളിൽ ബീഫ് ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഉള്ളതായി കാണാം. ഈ വ്യത്യാസം തന്നെ കേരളത്തിന്റെ സാമൂഹിക സ്വാതന്ത്ര്യവും സഹിഷ്ണുതയും വ്യക്തമാക്കുന്നു.
ഇന്ത്യയിൽ സ്വതന്ത്രമായി സംസാരിക്കാനും ജീവിക്കാനും സാധിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം മുൻനിരയിൽ നിൽക്കുന്നു എന്ന് പലരും വിശ്വസിക്കുന്നു. ഈ സ്വാതന്ത്ര്യവും സഹിഷ്ണുതയും തന്നെയാണ് കേരളത്തിന്റെ യഥാർത്ഥ ശക്തി. എന്നാൽ ഈ മുഖം




മാറ്റി മറ്റുസംസ്ഥാനങ്ങളിൽ തെറ്റായി ചിത്രീകരിക്കാൻ ശ്രമിക്കുന്ന പ്രവണതകൾ ആശങ്കാജനകമാണ്.
അവസാനമായി, അധികാരവും രാഷ്ട്രീയവും ലക്ഷ്യമാക്കി മനുഷ്യരെ മതത്തിന്റെ പേരിൽ വിഭജിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഒരു സമൂഹത്തെയും മുന്നോട്ട് നയിക്കില്ല. മറിച്ച്, അത് നാളുകളായി നിർമ്മിച്ച ഒത്തൊരുമയും വിശ്വാസവും തകർക്കും. കേരളം പോലുള്ള ഒരു നാട് അതിന്റെ മൂല്യങ്ങൾ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.
ഒത്തൊരുമയും പരസ്പര ബഹുമാനവും നിലനിൽക്കുമ്പോഴേ ഒരു സമൂഹം യഥാർത്ഥത്തിൽ ശക്തമാകൂ. കേരളത്തിന്റെ ആത്മാവായ ഈ മൂല്യങ്ങൾ സംരക്ഷിക്കപ്പെടണംഇതാണ് ഇന്നത്തെ ഏറ്റവും വലിയ ആവശ്യം.

എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ചില ശക്തികൾ രാഷ്ട്രീയ താൽപര്യങ്ങൾക്കായി ഈ ഒത്തൊരുമയെ തകർക്കാൻ ശ്രമിക്കുന്നതായി കാണാം. മതപരമായ വിഭജനങ്ങൾ സൃഷ്ടിച്ച് സമൂഹത്തെ തമ്മിൽ വിരുദ്ധമായി നിർത്താനുള്ള ശ്രമങ്ങൾ ശക്തമായി തുടരുന്നു.

# ചേട്ടൻ

ANAND
I BA English




സഞ്ജു സാംസൺ എന്ന പേര് ഇന്ന് ഇന്ത്യൻ ക്രിക്കറ്റിൽ ശക്തമായ സാന്നിധ്യമാണ്. എന്നാൽ ഈ ഉയർച്ചയ്ക്ക് പിന്നിൽ ഏറെ അവഗണനകളും നഷ്ടപ്പെട്ട അവസരങ്ങളും നിറഞ്ഞ ഒരു യാത്രയുണ്ട്. കഴിവുണ്ടായിട്ടും തുടർച്ചയായ അവസരങ്ങൾ ലഭിക്കാത്ത അവസ്ഥയിൽ നിന്നും തന്റേതായ ഇടം കണ്ടെത്തിയ താരമാണ് സഞ്ജു.

ഐപിഎല്ലിൽ തിളങ്ങിയ ഒരു യുവതാരമായി സഞ്ജു ആദ്യമായി ശ്രദ്ധ നേടുമ്പോൾ തന്നെ, ഭാവിയിലെ വലിയ താരമെന്ന പ്രതീക്ഷ അദ്ദേഹത്തോട് ചേർന്നു. എന്നാൽ ദേശീയ ടീമിൽ അദ്ദേഹത്തിന് ലഭിച്ച അവസരങ്ങൾ വളരെ കുറവായിരുന്നു. പലപ്പോഴും മികച്ച പ്രകടനങ്ങൾ നടത്തിയിട്ടും, അടുത്ത സീരീസുക




ളിൽ ടീമിൽ നിന്ന് ഒഴിവാക്കപ്പെടുന്ന അവസ്ഥ സഞ്ജുവിനെ പിന്തുടർന്നു. പ്രത്യേകിച്ച്, തുടർച്ചയായി മൂന്ന് മത്സരങ്ങളിൽ മികച്ച രീതിയിൽ കളിച്ച് സെഞ്ചുറി നേടിയിട്ടും, അടുത്ത സീരീസിൽ അവസരം നഷ്ടപ്പെട്ടത് ആരാധകരിൽ വലിയ ചർച്ചയായി. ഒരു താരത്തിന്റെ ഫോമും ആത്മവിശ്വാസവും ഉയർന്ന സമയത്ത് തന്നെ ടീമിൽ നിന്ന് പുറത്താക്കപ്പെടുന്നത്, അവഗണനയായി പലരും വിലയിരുത്തി. ഇതുപോലുള്ള സാഹചര്യങ്ങളിൽ പലരും തളർന്ന് പോകുമായിരുന്നു. എന്നാൽ സഞ്ജു പിന്നോട്ടു പോയില്ല.

അതേസമയം, ലോകകപ്പിൽ സഞ്ജുവിന് പ്രധാന കളിക്കാരനായ സ്ഥാനം ലഭിക്കാതെ ''വാട്ടർ ബോയ്'' ആയി നിൽക്കേണ്ടി വന്നതും ആരാധകരെ വേദനിപ്പിച്ചു. എന്നാൽ ടീമിന്റെ വിജയം അദ്ദേഹത്തിനും സ്വന്തം ആയിരുന്നു. ഇന്ത്യ ലോകകപ്പ് നേടുമ്പോൾ, ആ വിജയത്തിൽ പങ്കാളിയായ ഒരാളായി സഞ്ജുവും നിന്നു. ഇത് അദ്ദേഹത്തിന്റെ സഹിഷ്ണുതയും ടീമിനോടുള്ള പ്രതിബദ്ധതയും കാണിക്കുന്നു.

സഞ്ജുവിനെ ഒരിക്കൽ പുച്ഛിച്ചവരും പിന്നീട് അദ്ദേഹത്തെ വാഴ്ത്തിപ്പാടുന്ന അവസ്ഥയിലേക്ക് മാറി. ഇതാണ് അദ്ദേഹത്തിന്റെ വളർച്ചയുടെ യഥാർത്ഥ തെളിവ്. വിമർശനങ്ങളെ മറികടന്ന്, തന്റെ കഴിവിലൂടെ മറുപടി നൽകിയ താരമാണ് സഞ്ജു.

മലയാളി താരങ്ങൾക്കും ലോകകപ്പിനും ഇടയിൽ ഒരു ബന്ധം ഉണ്ടെന്ന തരത്തിലുള്ള ചർച്ചകൾ ഒരുകാലത്ത് നിലനിന്നിരുന്നു. ''മലയാളി താരം ടീമിൽ ഉണ്ടെങ്കിൽ ലോകകപ്പ് നേടാം'' എന്നൊരു വിശ്വാസം. എന്നാൽ ഈ ലോകകപ്പിലൂടെ ആ ചർച്ചയ്ക്ക് പുതിയ അർത്ഥം ലഭിച്ചു. മലയാളി താരം സ്ക്വാഡിൽ ഉണ്ടെങ്കിൽ മാത്രം പോര, ലോകകപ്പ് നേടിക്കൊടുക്കുന്ന പ്രകടനം കാഴ്ചവെക്കുന്ന താരമാണ് പ്രധാനമെന്ന് തെളിയിച്ചു.

ആ യാഥാർത്ഥ്യം ലോകത്തിന് മുന്നിൽ കൊണ്ടുവന്നത് സഞ്ജു സാംസൺ തന്നെയാണ്. ടീമിന്റെ വിജയത്തിൽ നിർണായക പങ്ക് വഹിച്ച് ലോകകപ്പ് നേട്ടത്തിൽ തന്റെ പേര് പതിപ്പിച്ചതിനൊപ്പം, Player of the Series ബഹുമതിയും സ്വന്തമാക്കി. ഇതോടെ ''മലയാളി ഉണ്ടെങ്കിൽ കപ്പ് കിട്ടും'' എന്ന ആശയം, ''മലയാളി തന്നെ കപ്പ് നേടിക്കൊടുക്കും'' എന്ന പുതിയ യാഥാർത്ഥ്യമായി മാറി.

ചുരുക്കി പറഞ്ഞാൽ, സഞ്ജു സാംസൺ എന്ന താരത്തിന്റെ യാത്ര ഒരു പ്രചോദനകഥയാണ് – അവഗണനകളിൽ നിന്ന് അംഗീകാരത്തിലേക്കുള്ള ശക്തമായ തിരിച്ചുവരവ്.

# ഓർമ്മ

## യു.ആർ. അനന്തമൂർത്തി
## (1932 - 2014)

ASHMI SEKHAR PAMULAPATI
II BSc Chemistry

കന്നഡ സാഹിത്യത്തിലെ നവ്യ പ്രസ്ഥാനത്തിന്റെ പ്രമുഖ വക്താവായിരുന്നു ഉഡുപ്പി രാജഗോപാലാചാര്യ അനന്തമൂർത്തി എന്ന യു.ആർ. അനന്തമൂർത്തി. നോവലിസ്റ്റ്, കഥാകൃത്ത്, നാടകകൃത്ത്, വിദ്യാഭ്യാസ വിചക്ഷണൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. മഹാത്മഗാന്ധി സർവകലാശാലയുടെ വൈസ് ചാൻസിലറായിരുന്നു. മറ്റൊരു വൈസ്ചാൻസലർക്കും ലഭിക്കാത്ത ആദരവും സ്നേഹവുമാണ് അനന്തമൂർത്തിക്ക് മലയാളികൾ നൽകിയത്.

1965 ൽ പ്രസിദ്ധീകരിച്ച ''സംസ്കാര'' എന്ന നോവലിലൂടെയാണ് ഏറെ പ്രശസ്തനായത്. സംസ്കാര 1970 ൽ സിനിമയുമായി. ജ്ഞാനപീഠവും പദ്മഭൂഷണും ലഭിച്ചിട്ടുണ്ട്. കർണാടകത്തിലെ ഷിമോഗ ജില്ലയിലെ തീർത്ഥഹള്ളി താലൂക്കിലുള്ള മെലിഗെ ഗ്രാമത്തിൽ രാജഗോപാലാചാരിയുടെയും സത്യഭാമയുടെയും മകനായി 1932 ഡിസംബർ 21-ന് ജനിച്ചു. യൂനിവേഴ്സിറ്റി ഓഫ് മൈസൂരിൽ നിന്നും





ബിരുദാനന്തര ബിരുദം. ഇംഗ്ലണ്ടിൽ തുടർ പഠനം. യൂനിവേഴ്സിറ്റി ഓഫ് ബർമ്മിങ്ഹാമിൽ നിന്നും 1966-ൽ ഇംഗ്ലീഷ് ആന്റ് ലിറ്ററി ക്രിട്ടിസിസം എന്ന വിഷയത്തിൽ ഡോക്ടറേറ്റ്.

'സംസ്കാര' അടക്കം അഞ്ച് നോവലുകളും എട്ട് ചെറുകഥാ സമാഹാരങ്ങളും മൂന്ന് കവിതാ സമാഹാരങ്ങളും എഴുതിയിട്ടുണ്ട്.

1984-ലെ കർണാടക രാജ്യോത്സവ പുരസ്കാരം, ജ്ഞാനപീഠം പുരസ്കാരം, 1995-ലെ മാസ്തി പുരസ്കാരം, 2008-ലെ കന്നഡ സർവ്വകലാശാല നൽകുന്ന നാഡോജ പുരസ്കാരം, 2012-ൽ ഡി.ലിറ്റ്. തുടങ്ങിയ ഒട്ടേറെ പുരസ്കാരങ്ങളും ബഹുമതികളും അനന്തമൂർത്തിയെ തേടിയെത്തിയിട്ടുണ്ട്. 'ഭാരതിപുര' എന്ന നോവൽ 2012-ലെ ദക്ഷിണേഷ്യൻ സാഹിത്യത്തിനുള്ള ഡി.എസ്.സി. പുരസ്കാരത്തിന്റെ ചുരുക്കപ്പട്ടികയിലും 2013-ലെ മാൻ ബുക്കർ പ്രൈസ് ചുരുക്കപ്പട്ടികയിലും ഉൾപ്പെട്ടിരുന്നു.

എന്നും മതനിരപേക്ഷ നിലപാട് ഉയർത്തിപ്പിടിച്ചു. ബ്രാഹ്മണർ ഗോമാംസം ഭക്ഷിച്ചിരുന്നു എന്ന വെളിപ്പെടുത്തലും മോദി അധികാരമേറ്റാൽ രാജ്യം വിടുമെന്ന പ്രസ്താവനയും ഏറെ വിവാദങ്ങളുയർത്തി. മോദി ജയിച്ചതോടെ പാകിസ്ഥാനിലേക്കുള്ള വൺവേ ടിക്കറ്റ് കൊറിയറിൽ അയച്ചുകൊടുത്താണ് ചിലർ ദേഷ്യം തീർത്തത്. ജ്ഞാനപീഠം ലഭിച്ച ഒരു എഴുത്തുകാരന്റെ മരണം പടക്കം പൊട്ടിച്ച് ആഘോഷിക്കുന്നത് വരെയെത്തി ചിലരുടെ എതിർപ്പ്. സമ്പന്നമാണ് മലയാളസാഹിത്യം എന്നും മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അസാധാരാണമായ രചനകളാണ് മലയാളത്തിലുള്ളതെന്നും ഇദ്ദേഹം വിലയിരുത്തിയിട്ടുണ്ട്. ഒ.വി. വിജയനെപ്പോലുള്ള ഒരെഴുത്തുകാരൻ മലയാളത്തിലേ ഉണ്ടാകൂ എന്ന അഭിപ്രായവും ശ്രദ്ധേയം.








# സത്യാന്തരകാലത്തെ മാധ്യമ ധർമ്മം

MOHAMMED SAJAD
II MSc Physics




മാധ്യമധർമ്മം എന്നാൽ ശരിയായ വിവരം ശരിയായ രീതിയിൽ സമൂഹത്തിൽ എത്തിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ധർമ്മം പാലിച്ചുകൊണ്ട് വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനാണ് ഏത് മാധ്യമങ്ങളും ശ്രമിക്കേണ്ടത്. നൽകുന്ന വിവരങ്ങൾ ജനങ്ങളിൽ ഏതെല്ലാം രീതിയിൽ സ്വാധിനിക്കുന്നുണ്ടെന്ന കാര്യം മനസ്സിലാക്കി വാർത്താവിവരങ്ങൾ പങ്കിടാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മാധ്യമങ്ങൾ നൽകുന്ന വിവരം അനുസരിച്ചാണ് ജനങ്ങൾ തെറ്റും ശരിയും നിർണ്ണയിക്കുന്നത്. അതിനാൽ മാധ്യമങ്ങൾക്ക് സാമൂഹികവിഷയങ്ങളിലുള്ള സ്വാധീനം വളരെ അധികമാണ്.

വർത്തമാനകാലത്തിൽ മാധ്യമങ്ങൾ നിരവധിയാണ്. വിവരങ്ങൾ അറിയുവാൻ ജനങ്ങൾക്ക് വിവിധ തരാം മാധ്യമങ്ങൾ ഇന്ന് സുലഫമാണ്. റേഡിയോയിൽ തുടങ്ങി ഇന്ന് മൊബൈൽ ഫോൺ വരെ എത്തിനില്കുന്നു. പണ്ട് കാലത്ത് ജനങ്ങൾക്ക് വാർത്തകളും വിവരങ്ങളും അറിയാനായിട്ടുള്ള ഏക മാധ്യമം റേഡിയോയായിരുന്നു. അതിനും മുമ്പ് വിവരങ്ങൾ ആളുകൾ തമ്മിൽ കൈമാറിയാണ് പലരിലേക്കും എത്തിയിരുന്നത്. ആ കാലത്ത് ഒരു വിവരം ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് എത്തുമ്പോഴേക്കും അതിന് മറ്റൊരു അർഥം തന്നെ ലഭിച്ചിരുന്നു. അതിനു കാരണം, പല ആളുകൾ പല രീതിയിലാണ് മനസ്സിലാക്കുന്നത്. അതിനെ വിലയിരുത്തുന്നതും. അതിനാൽ ഒരാളിൽ നിന്ന് ഒരു കാര്യം മറ്റൊരാളിലേക്ക് എത്തുമ്പോൾ അതിനു അയാൾ വിലയിരുത്തിയിരിക്കുന്ന രീതിയിലാകും എത്തുന്നത് അതിനാൽ ഒരു വാർത്ത തന്നെ പല രീതിയിലും പലരുടെ കൈയിൽ എത്തുന്നതിനു കാരണമാകുന്നു. റേഡിയോയുടെ വരവ് ഒരു വലിയ മാറ്റത്തിന് വഴിയൊരുക്കി. വാർത്തകൾ എല്ലാവരിലേക്കും ഒരേ വിശദീകരണത്തിൽ എത്തി തുടങ്ങി. ഒരു വാർത്ത കൈമാറി കൈമാറി അതിന്റെ തെറ്റ് ശെരിയാകുന്ന രീതിയിൽ നിന്ന് ഒരു വാർത്ത എല്ലാവരിലേക്കും ഒരേ വിശധീകരണവുമായി എത്തി. ഇത് ഒരു

വിധം സമൂഹത്തിലേക്ക് വാർത്തകൾ ശരിയായി എത്തുന്നതിനു കാരണമായി മാറി. റേഡിയോ വാർത്തകൾ അവതരിപ്പിക്കുന്ന രീതി സമൂഹത്തിലെ പലരെയും സ്വാധീനിച്ചു. ആളുകൾ റേഡിയോയുടെ മുമ്പിൽ അവരുടെ സമയം ചിലവഴിക്കാൻ തുടങ്ങി. അതിനാൽ വാർത്ത എല്ലാവരിലേക്കും ഒരേ രീതിയിൽ എത്താൻ കാരണം അന്ന് അവരുടെ ഏക മാധ്യമം ആയ റേഡിയോ ആയിരുന്നു. കാലങ്ങൾ കഴിഞ്ഞ് റേഡിയോയിൽ നിന്നും ടീവീ – ലേക്ക് പരിവർത്തനം സംഭവിച്ചു.

കേട്ടുകൊണ്ട് വിവരങ്ങൾ അറിയുന്ന രീതിയിൽ നിന്ന് കാഴ്ചയിലൂടെ വിവരങ്ങൾ അറിയാമെന്നൊരു രീതിയിലേക്ക് മാറിയിരുന്നു. റേഡിയോയുടെ കാലം അപ്പോഴേക്കും അവസാനത്തിൽ എത്തിയിരുന്നു. കേട്ടുകൊണ്ട് ഇരിക്കുന്നതിലേക്ക് താല്പര്യം മാറി തുടങ്ങിയിരുന്നു. തങ്ങളോടായി നേരിട്ട് സംസാരിക്കുന്ന രീതി സമൂഹത്തിൽ ആഴത്തിൽ സ്വാധീനം ഉണ്ടാക്കി. ടീവിയിൽ നിന്നും മൊബൈൽ ഫോണിലേക്ക് കാലം മാറി അതിവേഗം. മൊബൈൽ ഫോൺ വന്നതോടുകൂടി വാർത്ത വിവരങ്ങൾ അറിയുവാനുള്ള വഴികളും കൂടി. എന്നാൽ ഈ മാധ്യമങ്ങൾ അവരുടെ ധർമ്മം പാലിക്കുന്നുണ്ടോ എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ ചോദ്യചിഹ്നം. മാധ്യമങ്ങൾ വിവരങ്ങൾ അതിൽ മായം കലർത്താതെ വേണം ജനങ്ങളിൽ എത്തിക്കാൻ. അത് എത്ര മാധ്യമ ചാനലുകൾ പാലിക്കുന്നു എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. മാധ്യമം ഒരു അടിസ്ഥാനമില്ലാത്ത വിവരം സമൂഹത്തിലേക്ക് എത്തിക്കാൻ ശ്രമിക്കരുത്. വിവരങ്ങളുടെയും വാർത്തകളുടെയും അടിസ്ഥാനം പരിശോധിച്ചതിനുശേഷം മാത്രം അത് ജനങ്ങളിലേക്ക് എത്തിക്കാവു. അടിസ്ഥാനമില്ലാത്ത വാർത്തകൾ പ്രചരിക്കുന്നതിലൂടെ സത്യം, നീതി, ന്യായം എന്നിവയ്ക്ക് സമൂഹത്തിൽ യാതൊരു വിലയും ഇല്ലാതെയാകുന്നു. സത്യം ജയിക്കുന്നതിന് പകരം അധർമ്മം ജയിക്കാൻ ഇടയാകുന്നു. വ്യാജ വാർത്തകൾ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നതിനാൽ മനുഷ്യർക്ക് തെറ്റിധാരണ ഉണ്ടാവുകയും അതിലൂടെ ജീവൻ വരെ നഷ്ടപ്പെടുത്തുന്നതിലേക്കു കാര്യങ്ങൾ എത്തിചേരാം.

മാധ്യമങ്ങളുടെ ധർമ്മം പാലിക്കാതെ അടിസ്ഥാനമില്ലാത്ത വാർത്തകൾ പ്രചരിപ്പിക്കുന്നത് മനുഷ്യന്റെ വ്യക്തിഹത്യക്കും ആത്മഹത്യയ്ക്കും കാരണമാകുന്നു. ഒരു നാണയത്തിന് രണ്ടു വശം ഉണ്ട് എന്നതുപോലെ ഒരു വിഷയത്തിലും രണ്ട് വശം ഉണ്ട്. രണ്ട് വശത്തേയും ശരിയും തെറ്റും അന്വേഷിച്ചുകണ്ടെത്തിയതിനു ശേഷം മാത്രമേ ഒരാളെ പ്രതിക്കൂട്ടിൽ നിർത്തിയുള്ള മാധ്യമങ്ങളുടെ വിചാരണ തുടങ്ങാവു. ഒരു നിരപരാധിയെ വ്യാജ ആരോപണം കൊണ്ട് ക്രൂശിക്കുന്നതിൽ ന്യായം ഉണ്ടാവില്ല. ഒരു നിരപരാധിയെ സമൂഹത്തിന് മുന്നിൽ കുറ്റക്കാരനായി ചിത്രീകരിക്കുമ്പോൾ നീതി നിഷേധിക്കുകയാണ് ചെയ്യുന്നത്. നീതി ലഭിക്കേണ്ടവർക്ക് നീതി ലഭിക്കാതെ വരുന്നതിന് കാരണമാകുന്നു.

ആയിരം കുറ്റവാളികളെ വെറുതെ വിട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത്. എന്നാൽ വ്യാജവാർത്ത പ്രചരിക്കുന്നതിലൂടെ സമൂഹത്തിന്റെ കണ്ണിൽ ഒരു നിരപരാധി കുറ്റകാരൻ ആയി മാറി കഴിഞ്ഞു. അത് അവന്റെ സാമൂഹിക ജീവിതത്തെ വളരെയധികം ബാധിക്കുന്നു . ഇത് സഹിക്കാൻ കഴിയാതെ വരുമ്പോൾ ആളുകൾ (കുറ്റാരോപിതർ) സ്വന്തം ജീവൻ എടുക്കുന്നു. ഇതിനെല്ലാം കാരണമാകുന്നത് തെറ്റായ ഒരു വാർത്തയാണ്. അതിനാൽ മാധ്യമങ്ങൾ അവരുടെ ധർമ്മം പാലിച്ചുകൊണ്ട് മാത്രം വാർത്തകൾ നൽകണം. ഈയിടയിൽ നടന്ന ഒരു അതിദാരുണമായ സംഭവമാണ് ബസ്സിൽ വെച്ച് തന്നെ കയറി പിടിച്ചു എന്ന രീതിയിൽ ഒരു വീഡിയോ ചിത്രീകരിച്ച് ഒരു സ്ത്രീ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ചത്. അതിന്റെ പരിമിത ഫലമായി ഒരു നിരപരാധിയുടെ ജീവൻ നഷ്ടമായി. ഇതിനു കാരണം സത്യം അന്വേഷിക്കാതെ ഒരു വശം മാത്രം കേട്ടുകൊണ്ട് ഒരാൾ കുറ്റക്കാരൻ ആക്കിയതാണ്. അദ്ദേഹത്തിന്റെ മരണത്തിലൂടെ മാത്രമാണ് അദ്ദേഹത്തിന് നീതി ലഭിച്ചത്. ഇതിന് കാരണം മാധ്യമം അവരുടെ ധർമ്മം പാലിക്കാത്തതാണ്. മനുഷ്യരുടെ ജീവന് വില നൽകാതെ നിരപരാധികളെ കുറ്റാരോപിതർ ആക്കുന്ന നയം മാറ്റി ശരിയായ വിവരങ്ങൾ ശരിയായ രീതിയിൽ പങ്കിടുക എന്ന മാധ്യമധർമ്മം പാലിക്കുക.

# ഇനിയും ഞാൻ തന്നെ സഹിക്കണോ?

RAHANA RAJEEV
II BSc Physics

സാമുവലിന്റെ വീട്ടിലെ കോഴി കൃത്യം 5നു തന്നെ കൂകി. അമ്മയായ ജഗദമ്മ , ഭാര്യ കൊച്ചുസീത, മക്കൾ അരുണും കാർത്തികയും അടങ്ങുന്ന ഒരു സാധാരണ കുടുംബമായിരുന്നു മണികണ്ഠന്റേത്. അതിരാവിലെ കുട്ടികളെ സ്കൂളിൽ വിടുന്നതിന്റെ തിരക്കിൽ ലയിച്ച കൊച്ചുസീതയുടെ ശ്രദ്ധതിരിക്കുംവണ്ണം ഉമ്മറത്തിണ്ണയിൽ നിന്നും വിളി വന്നു : 'ചായ ആയില്ലേ സീതേ... എത്രനേരമായി ഞാൻ ഇവിടെ കാക്കുന്നു...'തെല്ല് നേരത്തെ നിശബ്ദതയ്ക്കു ശേഷം ഉമ്മറത്തിണ്ണയിൽ ചായയുമായി എത്തിയ സീതയുടെ മുഖത്ത് മണികണ്ഠനെ പൊടുന്നനെ വിഴുങ്ങാനുള്ള ദേഷ്യമുണ്ടായിരുന്നു. മണികണ്ഠൻ ആ ദേഷ്യത്തിൽ മഞ്ഞുരുകും പോലെ ഉരുകി പറഞ്ഞു : 'തെല്ല് നേരമായേ ..'തുടർന്നു' അമ്മയ്ക്ക് വല്ലതും രാവിലെ കൊടുത്തോ... മരുന്ന് കഴിക്കാനുള്ളത തിരക്കിൽ മറന്ന് പോവരുതേ...' 'മക്കളുടെ കാര്യങ്ങൾ തന്നെ എന്റെ കയ്യിൽ നിക്കുന്നില്ല. പിന്നെ നിങ്ങളുടെ തള്ളയെ കൂടി സഹിക്കണം 'കൊച്ചുസീത അരിശത്തോടെ അടുക്കളയിലേക്കു കയറി പോയി. പാത്രങ്ങളുടെ പൊട്ടലും ചീറ്റലും സീതയുടെ പിറുപിറുക്കലും കേട്ട് മണികണ്ഠൻ ഓഫീസിലേക്ക് പോകാൻ തയ്യാറായി . കൊച്ചുസീത പലതും ഉറപ്പിച്ചായിരുന്നു അന്ന് രാത്രി മണികണ്ഠനെ കാത്ത് ഇരുന്നത്. സ്കൂട്ടർ ഒതുക്കി വച്ച് മണികണ്ഠൻ ഉമ്മറത്തിണ്ണയിൽ ചാരി ഇരുന്നു. ഇനി തന്റെ സമയമാണെന്ന് ഉറപ്പിച്ച് കൊണ്ട് കൊച്ചുസീത പരാതികളുടെ ഒരു പുഴ മണികണ്ഠനിലേക്കു ഒഴുക്കി വിട്ടു. അന്നത്തെ സംഭാഷണം അവസാനിച്ചത് അൽഷിമേഴ്സ് ബാധിച്ച തന്റെ അമ്മ കൊച്ചുസീതയ്ക്ക് ഒരു ബാധ്യതയാണെന്നും തനിക്ക് ആ ഭാരം ഇറക്കിവയ്ക്കാൻ മണികണ്ഠൻ തന്റെ പൊക്കിൾകൊടി ബന്ധം മറന്ന് അവരെ ഉപേക്ഷിക്കണമെന്ന അടിക്കുറുപ്പോടുകൂടിയാണ്. ആഞ്ഞടിച്ച ഒരു വലിയ തിരമാലയിൽ താൻ അടിപ്പെട്ട്. കടലിന്റെ ഉൾത്തട്ടിലേക്ക് വലിച്ചുകൊണ്ട് പോകുന്ന ഒരു തരം മാനസികാവസ്ഥയിൽ മണികണ്ഠൻ കിടക്കയിലേക്ക് തിരിഞ്ഞു.

പിറ്റേന്ന് മണികണ്ഠനെ വിളിച്ചുണർത്തിയത് കൊച്ചുസീതയുടെ പ്രശ്നങ്ങളെ പരിഹരിക്കാൻ കേൾപ്പുള്ള എന്നാൽ മണികണ്ഠന്റെ ജീവിതത്തിൽ കയ്പ്പുനിറഞ്ഞ പത്തക്കങ്ങളിലൂടെയായിരുന്നു. ഉറക്കത്തിൽ കിടക്കുന്ന തന്റെ അമ്മയുടെ നെറ്റിയിൽ തലോടിക്കൊണ്ട് മണികണ്ഠൻ പറഞ്ഞു: 'അമ്മേ നമുക്ക് പുറത്തേക്ക് പോയാലോ... കാറിൽ ചുറ്റണമെന്ന് അമ്മ പല വട്ടം ആഗ്രഹം പറഞ്ഞിട്ടുള്ളതല്ലേ' . അമ്മ ചിരിയിൽ ചോദിച്ചു 'എവിടെക്കാ'. 'കടല് കാണിക്കാനാണ് കൊണ്ട് പോവുന്നെ' എന്ന് മണികണ്ഠൻ പറഞ്ഞു. അതെ എന്ന മറുപടിയിൽ കണ്ണുന്നീർ ആ കൈത്തടങ്ങളിൽ ഇറ്റു വീണു.

വാതിൽക്കൽ വണ്ടി വന്നു. സാമുവൽ കുശലാന്വേഷണത്തിനായി എത്തി. 'എവിടേക്കാണ് മണികണ്ഠാ... തിരക്കിട്ട് അമ്മയുമായി'. മണികണ്ഠന്റെ മുഖത്ത് നിന്നും എന്തോ പന്തികേട് സാമുവൽ വായിച്ചെടുത്തു. തെല്ല് നേരത്തെ സംഭാഷണത്തിൽ മണികണ്ഠൻ സാമുവലിനോട് ഉള്ളു പൊട്ടി കാര്യങ്ങൾ പറഞ്ഞു. കുട്ടിക്കാലത്ത് മുഴുകുടിയനായ അച്ഛനെയും പഠിപ്പിൽ മിടുക്കനായ തന്റെ മകനെയും വിയർപ്പു തുള്ളികൾ വറ്റിച്ചുകൊണ്ട് ആയിരുന്നു ആ അമ്മ നോക്കിയത്. എന്നിട്ടും പഠിപ്പിച്ച് വലുതാക്കി ഉദ്യോഗസ്ഥനാക്കി.. അച്ഛൻ മരിച്ചപ്പോഴും ജീവിതം ബാക്കി. മകന് വേണ്ടി മാത്രമായിരുന്നു ആ 'അമ്മ എന്നും ജീവിച്ചത്. സാമുവൽ ജീവിതത്തിന്റെ നൈമിഷികത പറഞ്ഞറിയിച്ചു. എന്നിട്ടും മണികണ്ഠൻ അമ്മയുമായി കാറിൽ പോയി.

ആ വണ്ടി ബ്രേക്കിട്ടത് ബീച്ചിലായിരുന്നു. അമ്മയെ കൈചേർത്ത് പിടിച്ച് തിരകളെ കാലുകൾക്കുള്ളിലേക്കു ക്ഷണിച്ചുകൊണ്ട് നിന്നു. കൈയിലെ ചുളിവുകൾ താണ്ടി വന്ന പാതകളുടെ അടയാളപ്പെടുത്തലായിരുന്നു . വികാരതഭരിതമായ ആ നിമിഷം മണികണ്ഠന് അത്രയും വിലപ്പെട്ടതായിരുന്നു. അമ്മയുടെ നേർത്ത് മുഷിഞ്ഞ സാരിത്തുമ്പ് അവന്റെ കൈകളിൽ തലോടികൊണ്ടേയിരുന്നു.

തിരികെ വീട്ടിൽ എത്തിയപ്പോൾ പ്രസന്നഭരിതയായ കൊച്ചുസീത മുറത്ത് വന്നു നിന്നു. കാർ തുറന്ന് അമ്മയെ പുറത്തേക്ക് കൊണ്ടുവന്നപ്പോൾ ആ മുഖം വാടി കരിഞ്ഞു നിലം പൊത്തി.

'എന്റെ അമ്മയെ ഉപേക്ഷിക്കുവാൻ എനിക്ക് തോന്നിയ നിമിഷം ഞാൻ എന്നെ തന്നെ വെറുക്കുന്നു. എന്റെ അമ്മയുടെ ജീവിതം ഞാൻ മാത്രമായിരുന്നു. എനിക്കും എന്റെ അമ്മയിൽ ജീവിതത്തിന്റെ പൂർണ്ണത എത്തിക്കണം 'ഇത്രയും പറഞ്ഞ് അമ്മയുമായി മണികണ്ഠൻ മുറിയിലേക്ക് കടന്നു. അടുക്കളയിൽ പിറുപിറുക്കലുകൾ തുടർന്ന് ഉച്ചത്തിൽ പറഞ്ഞതിൽ ഒന്ന് മാത്രമെ അദ്ദേഹത്തിന് കേൾക്കാൻ സാധിച്ചൊള്ളു: 'ഇനിയും ഞാൻ തന്നെ സഹിക്കണം'. തെല്ലും ദേഷ്യം കാണിക്കാതെ തന്റെ അമ്മയുടെ പല്ലുപോയ ചിരിയിൽ മണികണ്ഠൻ ജീവിതം കണ്ടെത്തി.

# വെള്ളിവേരുകൾ തേടി

PARVATHY MOL
III BSc Physics

*ഇരട്ടക്കുട്ടികളായി ജനിച്ച്, ഇരട്ടികളിചിരികൾകൊണ്ട് ചുറ്റുമുള്ളവരുടെ മനസ്സ് കീഴടക്കുന്ന എന്റെ പ്രിയപ്പെട്ട കൂട്ടുകാരായ ആദിത്യൻ എസ് ജെ യെയും അഭിറാം എസ് ജെ യെയും കേന്ദ്രകഥാപാത്രങ്ങളാക്കി എഴുതിയ കഥ... ഞാൻ നേരിൽ കണ്ടിട്ടില്ലാത്ത, നിങ്ങളുടെ ബാല്യകാലത്തിന്റെ മധുസ്മരണകളെ ഒരിക്കൽക്കൂടി ഉണർത്താൻ ഈ കഥ നിങ്ങളെ സഹായിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഇരുവർക്കും വേണ്ടി സമർപ്പിക്കുന്നു....* – ***പാർവതി***

വീടിന്റെ ഉമ്മറത്ത് എന്തോ ആലോചനയിലായിരുന്നു മാധവ്. പെട്ടെന്നാണ് മാധവിന്റെ ശ്രദ്ധ അതിലേക്കെത്തിയത്. പറമ്പിൽ പൂത്തുലഞ്ഞു നിൽക്കുന്ന പാരിജാതത്തോട് കുശലം പറയുകയായിരുന്ന കേശവ് അത് ശ്രദ്ധിച്ചില്ല. മാധവ് ആവേശത്തോടെ മുറ്റത്തേക്കിറങ്ങിയോടി. എന്താണെന്നറിയാതെ കേശവും പിന്നാലെയോടി. കിണറ്റിൻ കരയിൽ നിന്ന് വെള്ളം കോരുകയായിരുന്ന അമ്മ ഇരുവരുടെയും ഓട്ടം കണ്ട് ഭയപ്പെട്ടു. കുട്ടികൾക്ക് എന്താണ് സംഭവിച്ചതെന്നറിയാൻ അവരുടെ പിന്നാലെ ചെന്നു. പറമ്പിന്റെ ഒരു കോണിൽ എത്തിയപ്പോൾ മാധവ് അവിടെ നിന്നു. പിന്നാലെ കേശവും അമ്മയും. പെട്ടെന്ന് മാധവ് അമ്മയോട് പറഞ്ഞു 'അമ്മേ.. ഇതു നോക്കു. ഈ പാഴ്ച്ചെടി പൂവിട്ടു'. അമ്മ മാധവിനെ ഒന്ന് തുറിച്ചുനോക്കി. എന്നിട്ട് കിണറ്റിനരികിലേക്കു തന്നെ തിരിച്ചുപോയി. കാരണം അമ്മയ്ക്ക് ആ ചെടിയെപ്പറ്റി ഒന്നും അറിയില്ലായിരുന്നു. എന്നാൽ കേശവന് കാര്യം മനസ്സിലായി. കേശവ് ഒരു ചെറുപുഞ്ചിരിയോടെ മാധവിനെ



യൊന്നു നോക്കിയിട്ട് വീടിനകത്തേക്ക് കയറിപ്പോയി. കുറച്ചു ദിവസങ്ങൾക്കു മുമ്പ് പറമ്പ് വൃത്തിയാക്കാൻ ഒരു തോട്ടക്കാരൻ വന്നു. വാർദ്ധക്യം കൊണ്ട് അവശനായ അയാളെ മാധവും കേശവും തോട്ടക്കാരൻ അപ്പൂപ്പനെന്നാണ് വിളിച്ചത്. തോട്ടക്കാരൻ അപ്പൂപ്പന് കുട്ടികളെ വല്യ ഇഷ്ടമാണ്. കണ്ടമാത്രയിൽ മാധവും കേശവും തോട്ടക്കാരൻ അപ്പൂപ്പന്റെ മനസ്സ് കീഴടക്കി. പണിക്കിടയിൽ അപ്പൂപ്പൻ കുറെ കഥകൾ പറഞ്ഞു. അപ്പോഴാണ് അപ്പൂപ്പന്റെ ശ്രദ്ധ ആ പാഴ്ച്ചെടിയിലെത്തിയത്. പെട്ടെന്ന് തോട്ടക്കാരൻ അപ്പൂപ്പന്റെ മുഖത്ത് സങ്കടവും ദേഷ്യവുമെല്ലാം മിന്നിമായുന്നത് മാധവും കേശവും ശ്രദ്ധിച്ചു. തോട്ടക്കാരൻ അപ്പൂപ്പൻ അവരോട് തന്റെ കഥ പറയാൻ തുടങ്ങി: 'വർഷങ്ങൾക്ക് മുമ്പ് ഒരു വീട്ടിൽ സത്യപാലൻ എന്ന ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. അയാൾ പേരുപോലെതന്നെ ഒരു നിഷ്കളങ്കനായിരുന്നു. സത്യം, ധർമ്മം, കരുണ, ദയ തുടങ്ങിയ സത്യഗുണങ്ങൾ സമന്യയിച്ച ഒരു മനുഷ്യനായിരുന്നു അയാൾ. ജനിച്ച നാൾ മുതൽ തന്റെ ജീവിതലക്ഷ്യം തേടി അയാൾ അലഞ്ഞുനടന്നു. ഒടുവിൽ ഒരിക്കൽ അയാളൊരു സന്ന്യാസിയെ കണ്ടുമുട്ടി. സത്യപാലനെ കണ്ടപ്പോൾ തന്നെ സന്ന്യാസിക്ക് കാര്യം മനസ്സിലായി. സന്ന്യാസി ഉടൻതന്നെ സത്യപാലന് ഒരു ചെടി സമ്മാനിച്ചു. അത് വളരെ ചെറുതായിരുന്നു. സന്ന്യാസി സത്യപാലനോട് ആ ചെടിയെപ്പറ്റി പറഞ്ഞു. ഇതിന്റെ പേര് 'പവിത്ര'യെന്നാണ്. നീണ്ടുകനത്ത വെള്ളിവേരുകളാണ് ഇതിന്റെ പ്രത്യേകത. ഇത് സത്യഗുണങ്ങളെ പ്രതിനിധീകരിക്കുന്നു. ഇത് തന്റെ വീട്ടിൽ നട്ടുവളർത്തുക. തന്നിലെ സത്യഗുണങ്ങൾ വളരുന്നതിനനുസരിച്ച് ഈ ചെടിയും വളരും. തന്നിലെ നന്മ തിരിച്ചറിയുന്ന നിമിഷം മുതൽ ഈ ചെടി പൂവിടാൻ തുടങ്ങും. സന്ന്യാസി ചെടി നൽകിയതോടെ സത്യപാലൻ എല്ലാം മറന്നു. അതുമായി വീട്ടിലേക്കു തിരിച്ചെത്തി. സത്യപാലന്റെ വീട്ടിൽ പവിത്ര ഉന്മേഷത്തോടെ വളർന്നു. ഒരു ദിവസം രാവിലെ സത്യപാലൻ കണ്ടത് പൂവിട്ടുനിൽക്കുന്ന പവിത്രയെയാണ്. അയാൾക്ക് അതിയായ സന്തോഷം തോന്നി. മുല്ലപ്പൂവിന്റെ സുഗന്ധം മുല്ലവള്ളിയിലാകെ പടരുന്നതുപോലെ സത്യപാലന്റെ നന്മ കാലക്രമേണ ആ നാട്ടുകാരെ മുഴുവൻ നന്മയുള്ളവരാക്കി മാറ്റി. എന്നാൽ പെട്ടെന്നൊരു ദിവസം പവിത്രയിൽ നിന്നും പൂവുകൾ വാടി വീണു. സത്യപാലന് കാര്യം മനസ്സിലായില്ല . അയാൾ ആകെ നിരാശനായി. അയാൾക്ക് ചുറ്റുമുള്ള നാട്ടുകാരെല്ലാം അയാളെ വെറുക്കാൻ തുടങ്ങി. അയാൾക് എന്തുചെയ്യണമെന്നറിയാതെയായി. അപ്പോഴാണ് അയാൾ ആ മുഖം ശ്രദ്ധിച്ചത്. അത് അസത്യത്തിൻെറയും അധർമ്മത്തിന്റെയും മുഖമായിരുന്നു. ആ മുഖം സത്യപാലനെയൊഴികെ എല്ലാവരെയും സ്വാധീനിച്ചു കഴിഞ്ഞു. അതുകൊണ്ടാണ് അവരെല്ലാവരുമിപ്പോൾ സത്യപാലനെ വെറുക്കുന്നത്. സത്യപാലൻ അവിടെ ഒറ്റപ്പെട്ടു. നന്മനിറഞ്ഞ മനസ്സുകളിലെല്ലാം ആ മുഖം പടർന്നുപടിച്ചു. പവിത്രയുടെ വെള്ളിവേരുകൾ നിർജീവമായി. സത്യപാലനെ നാട്ടുകാർ അവിടെനിന്നും തല്ലിയോടിച്ചു. അയാൾക്ക് തന്നോട് തന്നെ വെറുപ്പ് തോന്നി. അവിടെനിന്നും അയാൾ ഓടിവന്നത് ഇവിടെക്കാണ്. അയാളുടെ മനസ്സിനേറ്റ മുറിവുകളാണ് അയാളെ ഇപ്പോൾ ഒരു വൃദ്ധനാക്കിയത് . അതിനുശേഷം ഇതുവരെ അയാൾ എവിടെയും സത്യസന്ധതയുടെയും ധർമ്മത്തിന്റെയും പുഞ്ചിരി കണ്ടിട്ടില്ല. എന്നാൽ വളർന്നു വരുന്ന കുട്ടികൾ ഒരു പ്രായം വരെ സത്യപാലന്മാരാണെന്ന് അയാൾ വിശ്വസിക്കുന്നു. അതുകൊണ്ടാണ് അയാൾ കുട്ടികളെ ഏറെ സ്നേഹിക്കുന്നത്. വർഷങ്ങള്ക്കു ശേഷം ഇന്നാദ്യമായി അയാൾ പവിത്രയെ വീണ്ടും കണ്ടു. അതെ, ആ പാഴ്ച്ചെടി പവിത്രയാണ്. അയാൾ മാധവിനെയും കേശവിനെയും അത്ഭുതത്തോടെ നോക്കി.

അവർ സാധാരണക്കുട്ടികളല്ലെന്ന് അയാൾക്ക് തോന്നി. പവിത്ര തനിയെ ഒരു വീട്ടിൽ മുളച്ചുവരുന്നുണ്ടെങ്കിൽ അതിൽ ഒരു വലിയ രഹസ്യമുണ്ടെന്ന് അയാൾ ചിന്തിച്ചു. മാധവും കേശവും പരസ്പരം നോക്കിയിട്ട് ആഹ്ലാദപൂർവ്വം പൊട്ടിച്ചിരിച്ചു. സത്യപാലൻ വാർദ്ധക്യത്തിൽനിന്ന് യൗവനത്തിലേക്ക് തിരിച്ചെത്തി. താൻ ഇപ്പോൾ കാണുന്ന കുട്ടികളിൽ ഒരാൾ സത്യത്തിൻെറയും ഒരാൾ ധർമ്മത്തിൻെറയും പ്രതീക്ഷയാകുന്നു. സത്യപാലന് തന്റെ ജീവിതലക്ഷ്യം ഇപ്പോഴാണ് ശെരിക്കും മനസ്സിലായത്. അയാൾക്ക് തന്റെ നാട്ടിലേക്ക് തിരിച്ചുചെല്ലണമെന്നും അവിടെയുള്ളവരെ സത്യപാലന്മാരാക്കണമെന്നും തോന്നി. അയാൾ അവിടെ നിന്നും യാത്രയായി. പെട്ടെന്ന് മാധവും കേശവും അബോധാവസ്ഥയിലായി. കണ്ണുതുറന്നപ്പോൾ അവർ മുറിയിലായിരുന്നു. അവർക്ക് കുഴപ്പമൊന്നുമില്ല. പക്ഷെ അവരിപ്പോൾ പഴയ മാധവും കേശവും ആണ്. അവർക്ക് സത്യപാലനെയോ പവിത്രയെയോ അറിയില്ല. എങ്കിലും എന്തോ ഒന്ന് ഇരുവരുടെയും മനസ്സിൽ മായാതെ കിടക്കുന്നു. അവർ ഓടിച്ചെന്ന് പറമ്പിൽ നിൽക്കുന്ന പവിത്രയയെ തുറിച്ചുനോക്കി. അറിയാതെ അവരുടെ വിരൽത്തുമ്പുകൾ ഒരുമിച്ച് അതിൽ തട്ടിയപ്പോൾ അതിലൊരു പൂവിടർന്നു. അവർ അത്ഭുതപ്പെട്ടു.അപ്പോഴാണ് അവർ പവിത്രയുടെ വെള്ളിവേരുകൾ കണ്ടത്. അവർ കൗതുകത്തോടെ കുറേനേരം അതിനെ നോക്കിനിന്നു, അറിയാതെയാണെങ്കിലും അന്ന് പറമ്പ് വൃത്തിയാക്കിയപ്പോൾ ഈ പാഴ്ച്ചെടി പിഴുതുകളയരുതെന്നു തങ്ങൾ പറഞ്ഞത് നന്നായി എന്നവർ ചിന്തിച്ചു. ഇപ്പോൾ ആ പാഴ്ച്ചെടിയെ 'പവിത്ര'യാണെന്നറിയാതെ തന്നെ അവർ അഗാധമായി സ്നേഹിക്കുന്നു.

സമാനമായ ചെടി എന്നെങ്കിലുമൊരിക്കൽ വേറെ ഇടങ്ങളിലും കാണും എന്ന പ്രതീക്ഷയിലാണവരിപ്പോൾ. അവർ വളരുന്നതിനനുസരിച്ച് പവിത്രയിലെ പൂക്കളുടെ എണ്ണവും കൂടി. ഇപ്പോൾ മാധവും കേശവും ഒരു യാത്രയിലാണ്. പവിത്രയെത്തേടിയുള്ള യാത്ര. ആ യാത്രയിലൂടെ അസത്യം നിറഞ്ഞ ഈ ലോകത്ത് സത്യം നിറയ്ക്കാൻ അവർ ശ്രമിക്കുന്നു. ആ ബാലകന്മാർക്കറിയില്ല പവിത്രയുടെ വെള്ളിവേരുകളിലൂടെ അവർ അന്വേഷിക്കുന്നത് സത്യഗുണങ്ങളെത്തന്നെയാണെന്ന്.



# കലാലയ ജീവിതം

ABID KHAN
III BSc Physics

നമസ്കാരം,

ഞാൻ ആബിദ് ഖാൻ, അവസാന വർഷ ബിരുദ വിദ്യാത്ഥിയാണ്. കോളേജ് ജീവിതത്തിന്റെ തുടക്കത്തിൽ എവിടെ നിന്നോ ഇവിടേക്ക് എത്തി. ഹയർ സെക്കന്ഡറിയുടെ അവസാനത്തിൽ അടുത്തത് എവിടേക്കാണ് എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ഏറെ പണിപ്പെട്ടിട്ടുണ്ട്. അതിനു പിന്നിൽ പല കാര്യകാരണങ്ങളും ഉണ്ടായേക്കാം പക്ഷെ എന്റെ മനസ്സിൽ ഇപ്പോൾ അത് ഓർക്കുമ്പോൾ ഉണ്ടാകുന്ന ഉത്തരം എന്റെ കലാലയമാണ്. അവിടേക്ക് എത്താൻ വേണ്ടിയാവണം ഒരു പക്ഷെ അവസാന അലോട്ട്മെന്റ് വരെ കാത്തു നിൽക്കേണ്ടി വന്നത്. നാം കരുതുന്നതാവണമെന്നില്ല നമ്മെ തേടിയെത്തുന്നത്. എന്നുവെച്ച് നാം കരുതുന്നതിലേക്കു എത്തുകയില്ല എന്നല്ല . ഏറെ പ്രയാസപ്പെട്ടാണ് ഓരോ വിദ്യാർത്ഥിയും ഒരു ബിരുദവും ബിരുദാനന്തര ബിരുദവും നേടിയെടുക്കുന്നത്. പ്രയാസം എന്ന് പറയുന്നതിൽ പഠനത്തോട് മാത്രമുള്ള പ്രയാസമല്ല. പല പല പ്രയാസങ്ങളും മറികടന്നാണ് ഓരോരുത്തരും കലാലയങ്ങളിൽ നിന്ന് പടിയിറങ്ങുന്നത്. ഓരോ ദിവസവും കോളേജിൽ എത്തുന്നത് ക്ലാസ്സിലെ അറ്റന്റൻസിനു വേണ്ടി മാത്രമാണ് എന്ന ഒരു അവസ്ഥയായിരുന്നു ആദ്യമൊക്കെ ഓരോ ദിവസം കഴിയും തോറും പേപ്പറുകളുടെ എണ്ണവും കൂടാൻ തുടങ്ങി. അതുപോലെ തന്നെ കോളേജിലെ നാഷണൽ സർവീസ് സ്കീമിന്റെ പ്രവർത്തനങ്ങൾ നല്ലതാണെന്നു കൂടി അറിഞ്ഞപ്പോൾ അവിടെയും എത്തിപ്പെടാൻ ശ്രമിച്ചു. ആ ശ്രമം പരാ




ജയമായില്ല. NSS ലെ 100 വോളന്റീർ സിൽ ഞാനും ഒരംഗമായി. അങ്ങനെ NSS പ്രവർത്തനങ്ങളും ക്ലാസും ഒക്കെ കൊണ്ട് പോകുന്നതിനിടയിൽ ഞാൻ നേരത്തെ പറഞ്ഞപോലെ ആദ്യ സെമസ്റ്റർ പരീക്ഷയെത്തി. ജനുവരിയിലാണ് യൂണിവേഴ്സിറ്റി പരീക്ഷ. അതിനു മുന്നോടിയായാണ് ഇന്റെർണൽ പരീക്ഷ. അതിന്റെ ടൈംടേബിൾ നോട്ടീസ് ബോർഡിൽ എത്തി . അതെ സമയം തന്നെ NSS ന്റെ വാട്സാപ്പ് ഗ്രൂപ്പിൽ ഒരു മെസ്സേജ് എത്തി. അത് ചടട സ്പെഷ്യൽ ക്യാമ്പിന്റെ മെസ്സേജ് ആയിരുന്നു. ക്യാമ്പ് ക്രിസ്ത്മസ് അവധി ദിനങ്ങളിലാണ് ഉണ്ടാവുക. ഞാൻ ക്യാമ്പിനെ പറ്റി പറയുമ്പോൾ എന്റെ ഹയർ സെക്കൻഡറിയിൽ ക്യാമ്പിലേക്ക് ചിന്തിക്കും. പക്ഷെ ക്രിസ്ത്മസ് അവധിക്ക് ശേഷമാണ് കോളേജിലെ ഇന്റെർനൽ പരീക്ഷ. പരീക്ഷ എന്ന കാരണത്താൽ പലരും NSS ൽ നിന്നിറങ്ങി. അങ്ങനെ ഞാൻ അവരോടൊപ്പം പല പ്രോഗ്രാമുകളിലും പങ്കെടുത്തു അതുകൊണ്ട് തന്നെ ചടട ന്റെ കോളേജിലെ കോ-ഓർഡിനേറ്റർസും എന്നെ കൂടുതൽ അറിഞ്ഞു. പിന്നീട് അവർ തന്നെ നേരിട്ട് പല പ്രോഗ്രാമിലും ഉൾപ്പെടുത്താൻ തുടങ്ങി. അങ്ങനെയിരിക്കെ പെട്ടെന്ന് എന്നെവിളിച്ച് പറഞ്ഞു ഒരു ക്യാമ്പ് നടക്കുന്നുണ്ട്. നമ്മുടെ കോളേജിലെ രണ്ട് വോളന്റീർസ് നിർബന്ധമായും പങ്കെടുക്കണം. അതിനായി ഒരു മീറ്റിംഗ് വിളിക്കുന്നുണ്ട്. ഞാൻ നിർബന്ധമായും പങ്കെടുക്കണമെന്ന്. ഞാൻ അപ്പോൾ എല്ലാത്തിനും ശരി വെച്ച്. അങ്ങനെ മീറ്റിംഗിൽ വെച്ച് എന്നെ വിളിച്ചു. ഞാൻ അവിടെനിന്നും എഴുന്നേറ്റു. എന്നോട് മിസ്സ് ചോദിച്ചു - കോളേജിലെ ചടട ലീഡർ ആവുന്നതിൽ എന്തെങ്കിലും എതിർപ്പുണ്ടോ എന്ന്. ഞാൻ അപ്പോൾ കുറച്ച് ആലോചിച്ച ശേഷം ഇല്ല എന്ന് മറുപടി നൽകി. ഞാൻ മാത്രമല്ല എന്നോടൊപ്പം മറ്റൊരാൾ കൂടി അതേ സ്ഥാനത്ത് എത്തി. പിന്നീട് ആണ് യഥാർത്ഥത്തിൽ ഞങ്ങൾ സംസാരിക്കുന്നത്. കോളേജിൽ ആദ്യത്തെ ക്യാമ്പിൽ വെച്ച് കണ്ടിട്ടുണ്ടെങ്കിലും അധികം സംസാരിച്ചിട്ടൊന്നുമില്ല.

അങ്ങനെ ഞങ്ങൾ പിന്നീട് ലീഡർ ഷിപ്പ് ക്യാമ്പും കഴിഞ്ഞ് കോളേജിൽ NSS ൽ ചെയ്യാൻ കഴിയുന്ന എല്ലാ പരി



പാടികളും നടപ്പിലാക്കി. പിന്നീട് ഓരോ ദിവസവും എനിക്ക് കോളേജിൽ എന്തൊക്കെ പരിപാടികൾ നടത്താം എന്നതായി ചിന്ത . നമ്മുടെ സീനിയർ വോളന്റീർസ് നല്ല രീതിക്ക് നടത്തിക്കൊണ്ടുവന്ന NSS നെ നമ്മൾ നശിപ്പിക്കാൻ പാടില്ല എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

കോളേജിൽ എത്തിയപ്പോൾ യാതൊരു ലക്ഷ്യവുമില്ലാതെ എത്തിയ ഞാൻ കോളേജിലെ ചടട ലെ ഒരു ഭാഗമാവാൻ കഴിഞ്ഞു . അത് തന്നെ സത്യത്തിൽ എനിക്ക് വല്ല്യ ഭാഗ്യമാണ് . എന്റെ വീട് തിരുവനന്തപുരം ജില്ലയിലാണ് . കോളേജ് കൊല്ലം ജില്ലയിലും . എന്നെ ചടട ന്റെ ലീഡർ ആക്കിയപ്പോൾ ഞാൻ ചിന്തിച്ചതും അതുതന്നെയാണ് . ഏതെങ്കിലും ഒരു പരിപാടിയിൽ അത്യാവശ്യമായി പങ്കെടുക്കേണ്ടി വന്നാൽ എന്ത് ചെയ്യും. ഇതേ ചോദ്യം സാർ എന്നോട് ഇന്റർവ്യൂയിൽ ചോദിച്ചിട്ടുണ്ട്. അപ്പോൾ ഞാൻ ഉത്തരം ഒന്നും നൽകിയില്ല . ലീഡർ ആക്കിയപ്പോൾ പിന്നീട് അതെ ചോദ്യം എന്റെ മനസ്സിലും.

കൂടെയുള്ള പലരും ചടട ൽ നിന്ന് ഇറങ്ങി ഞാൻ മാത്രം ആയി തനിച്ച് ആയിപോകുമോ എന്നായി. അപ്പോഴാണ് കൂടെയുള്ള എല്ലാരും ഒന്നും ഇറങ്ങിയിട്ടില്ല ക്ലാസ്സിലെ ഒരുപാട് പേർ അവിടെ തന്നെയുണ്ടെന്ന് അറിഞ്ഞത്. കൂടുതൽ ധൈര്യമായി. അങ്ങനെ സാധാരണ ചടട ക്യാമ്പ് പോലെ വളരെ രസകരമായ ക്യാമ്പ് അവസാനിച്ചു. ക്യാമ്പ് എന്നും മറക്കാനാവാത്ത ഓർമ്മകളാണ്. അങ്ങനെ ക്യാമ്പിന് ശേഷം പരീക്ഷയെല്ലാം കഴിഞ്ഞ് റിസൾട്ട് വന്നു. എല്ലാ വിഷയങ്ങളും പാസ്സായി. പിന്നീട് കോളേജിൽ വന്നാൽ എന്നെ NSS ന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉൾപെടുത്താൻ തുടങ്ങി. അവിടെ വെച്ച് അതായത് കോളേജിലെ പ്രവർത്തനങ്ങളിൽ നിന്നാണ് ഞാൻ ഒരു കാര്യം കൂടി മനസ്സിലാക്കുന്നത്. NSS ന്റെ എല്ലാ കാര്യങ്ങളും ചെയ്യുന്നത്, അത് ചെറുതോ വലുതോ ആയിട്ടുള്ള എല്ലാം ചെയ്യുന്നത് ചടട വോളന്റീർസ് ആണെന്ന്. നമ്മൾ അവിടെ ഒരിക്കലും ഒറ്റയ്ക്ക് ആവുന്നില്ല. 100 വോളന്റീർസ് ഉള്ള ചടട ലെ എല്ലാവരും എത്തിയില്ലെങ്കിലും അതിലെ പലരും നമ്മോടൊപ്പം ഉണ്ടാകും. ക്യാമ്പലിൽ വെച്ച് NSS ന്റെ സീനിയർ വോളന്റീർസുമായി കൂടുതൽ കൂട്ടുകൂടി അതുകൊണ്ട് തന്നെ പിന്നീടുള്ള എല്ലാ പരിപാടികളിലും ഞാൻ അവരോടൊപ്പം ആയി.

കോളേജിലെ ആദ്യ രണ്ട് വർഷങ്ങൾ എന്നെ മടുപ്പില്ലാതെ കൊണ്ടുപോയത് NSS തന്നെയാണ്. NSS ന്റെ ഓരോ പ്രവർത്തനങ്ങളും ഞാൻ വളരെ ഇഷ്ടത്തോടുകൂടെയാണ് ചെയ്തിരുന്നത്. ഒരു പക്ഷെ അതുകൊണ്ടാവണം അങ്ങനെ പിന്നീടുള്ള ഒരു വർഷം ചടട നിർബന്ധമല്ല എന്നിരുന്നാലും എന്തെങ്കിലും കാര്യത്തിന് പോകേണ്ടി വന്നാൽ പോകാതിരുന്നിട്ടില്ല എന്നാണ് എന്റെ വിശ്വാസം. കൂട്ടുകാരോടും അടുത്ത ബന്ധുക്കളോടും മാത്രം സംസാരിക്കാൻ കഴിവുള്ള എനിക്ക് എന്തൊക്കെയോ മാറ്റങ്ങൾ ഉണ്ടായി എന്ന സ്വയംതോന്നൽ ഉണ്ടാക്കിയെടുത്തത് ചടട തന്നെയാണ്. നമ്മൾ എപ്പോഴും തിരക്കിൽ ആണെങ്കിൽ നമ്മുക്ക് ഉണ്ടാകുന്ന യാതൊരു പ്രശ്നങ്ങളും നമ്മേ ബാധിക്കില്ല. അതുപോലെ തന്നെ ചിലർ ഉണ്ടാകും അവർ പോലും അറിയാതെ നമ്മെ മാറാൻ സഹായിച്ചവർ. അവസാന വർഷത്തിൽ എത്തിനിൽക്കുമ്പോൾ ഇവയെല്ലാം വെറും ഓർമ്മകൾ മാത്രം. നമ്മുടെ മനസ്സിനെ വല്ലാതെ സ്പർശിച്ച ഓർമ്മകൾ ഒന്നും അത്രപ്പെട്ടെന്ന് നമ്മെയെവിട്ട് പോവില്ല. ഈ പറഞ്ഞ കാര്യങ്ങൾ ഒക്കെ കലാലയ ജീവിതം സമ്മാനിച്ച ചില ഓർമ്മകൾ മാത്രമാണ്. അവ എന്നും ഉള്ളിലുണ്ടാകും.

# നാവുപിഴയല്ല, ഇത് മനോഭാവമാണ്

AKSA SAJI
III BCom Finance

ഇന്ത്യ എന്ന ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ഒരു നിയമസഭയുടെ അകത്തളങ്ങളിൽ നിന്ന് ഉയർന്നു കേട്ട ആ വാചകം ഇന്നും ഒരു കനലായി എന്റെ ഉള്ളിൽ അവശേഷിക്കുന്നുണ്ട്. ജനങ്ങൾ തിരഞ്ഞെടുത്തയച്ച ഒരു ജനപ്രതിനിധി പരിഹസിച്ചു കൊണ്ട് അന്ന് പറഞ്ഞത് ഇങ്ങനെയായിരുന്നു:
"If rape is inevitable , lie down and enjoy it " .
ആ വാക്കുകൾ കേട്ട നിമിഷം മുതൽ ഒരു പെൺകുട്ടിയെന്നതിൽ ഉപരി ഒരു ഇന്ത്യൻ വംശജ എന്ന നിലയിൽ എന്റെ ഉള്ളിലുണ്ടായ വികാരം രോഷമാണോ അതോ ഭയമാണോ എന്ന് എനിക്ക് തിരിച്ചറിയാനായിട്ടില്ല. ഒരു നിയമനിർമ്മാണ സഭയിൽ ഇരുന്നുകൊണ്ടാണ് ഒരാൾ ഇത്രയും ക്രൂരമായ സ്ത്രീവിരുദ്ധമായ പരാമർശം നടത്തിയത്. ഇത് കേട്ട് അവിടെയിരുന്നു മറ്റ് മാന്യന്മാർ പൊട്ടിച്ചിരിക്കുകയായിരുന്നു. ആ ചിരിയിൽ അന്ന് മരിച്ചത് ലക്ഷക്കണക്കിന് ഇന്ത്യൻ സ്ത്രീകളുടെ അന്തസ്സും സുരക്ഷാബോധവുമാണ്. നമ്മുടെ രാജ്യം 75-ാം സ്വാതന്ത്ര്യദിനവും കടന്നു മുന്നോട്ടു പോകുമ്പോഴും ഒരു സ്ത്രീക്ക് ഇവിടെ ലഭിക്കുന്ന സംരക്ഷണത്തിന്റെ പ്രതിഫലമാണോ ഇത്? റോഡിലും ബസ്സിലും പൊതു സ്ഥലങ്ങളിലും മാന്യമായി നടക്കാൻ ശ്രമിക്കുന്ന നമ്മളോട്, അധികാരികൾ തന്നെ പറയുന്നത് ‘ആക്രമിക്കപ്പെട്ടാൽ അത് ആസ്വദിക്കൂ ‘എന്നാണ് . ഇതിലും വലിയൊരു അപമാനം നമ്മുക്ക് ഇനി നേരിടാനുണ്ടോ? ഓരോ പെണ്മക്കളുടെ മാതാപിതാക്കളുടെ ഉള്ളിൽ അവർ വീട്ടിൽ നിന്നിറങ്ങുമ്പോൾ ഒരു ആദിയുണ്ടാവും. അത് ഒരു തീയാണ്, മകൾ സുരക്ഷിതയായി തിരിച്ച് എത്തും വരെ അത് അണയുന്നില്ല. നിർഭയയും, വാളയാറും ഒക്കെ നമ്മുക് മുന്നിൽ വലിയ ചോദ്യങ്ങളായി അവശേഷിക്കുമ്പോഴാണ് ഉത്തരവാദിത്തപ്പെട്ട സ്ഥാനത്തിരിക്കുന്നവർ ബലാത്സംഗത്തെ ഒരു തമാശയായി അവതരിപ്പിക്കുന്നത്. നിസംശയം പറയാം ഇത് ഒരു ‘നാവുപിഴയല്ല’ മറിച്ച് നമ്മുടെ രാജ്യത്തിലെ പുരുഷാധിപത്യ മനോഭാവത്തിന്റെ അവശേഷിപ്പുകളാണ് .
ഈ തരത്തിലുള്ള വിരോധാഭാസത്തിന്റെ മുന്നിൽ ഉയർത്തപ്പെടുന്ന ചോദ്യങ്ങൾ ഇവയൊക്കെയാണ്:

* ബലാത്സംഗം എന്നത് കേവലം ഒരു ലൈംഗിക അക്രമം അല്ല , അതൊരു വ്യക്തിയുടെ ആത്മാവിനെ വധിക്കുന്നതിനു തുല്യമാണ് . അതിനെ ആസ്വദിക്കണമെന്ന് പറയാൻ ഒരു മനുഷ്യന് എങ്ങനെ സാധിക്കുന്നു ?

* ഇത്തരം മനോഭാവമുള്ളവർ ജനപ്രധിനിധികളായി അധികാരത്തിൽ ഇരുന്നാൽ പെൺകുട്ടികൾ എങ്ങനെ സുരക്ഷിതരാകും?
നമ്മൾ പഠിക്കുന്നത് വെറും മാർക്കിന് വേണ്ടി മാത്രമാകരുത്, ഇത്തരം അനീതികൾ ഉണ്ടാകുമ്പോൾ അതിനെതിരെ ശബ്ദമുയർത്താനും ചോദ്യം ചെയ്യാനും കഴിയണം. ഇത്തരം തമാശകൾക്ക് എതിരെ മുഖം നോക്കാതെ വിരൽ ചൂണ്ടാൻ നമ്മുക്ക് കഴിയണം. ഇത് ഇന്ത്യയിൽ അന്തസ്സോടെ ജീവിക്കാൻ ആഗ്രഹിക്കുന്ന ഓരോ പെൺകുട്ടികളുടെയും ആവശ്യമാണ്. ഇത് ഒരു സൗജന്യമല്ല, മറിച്ച് ഇന്ത്യൻ ഭരണഘടന പരാമർശിക്കുന്ന അവകാശങ്ങളാണ്. ആ അവകാശത്തിനു മുകളിൽ ചിരിച്ചുകൊണ്ട് തുപ്പാൻ ആരെയും അനുവദിച്ചുകൂടാ..



# അവസാനിക്കാത്ത കൗതുകം

AKHILA
I BSc Chemistry



ഡെസ്മണ്ട് മോറിസ് 98-ാം വയസ്സിൽ അന്തരിച്ചു. അദ്ദേഹം ഒരു ജന്തുശാസ്ത്രജ്ഞൻ, എഴുത്തുകാരൻ, ചിത്രകാരൻ, ടിവി അവതാരകൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. ചുറ്റുമുള്ള ജീവികളെയും മനുഷ്യരെയും ആസക്തിയോടെ നോക്കി പഠിക്കുന്ന ഒരാളായിരുന്നു അദ്ദേഹം. തന്റെ പഠനങ്ങൾ പുസ്തകങ്ങളായും ടെലിവിഷൻ പരിപാടികളായും ലോകത്തോട് പങ്കുവച്ചു. ചിമ്പാൻസികളെ കൊണ്ട് ചിത്രങ്ങൾ വരപ്പിച്ച്, കല മനുഷ്യർക്കു മാത്രം അല്ലെന്ന് കാണിക്കുകയും ചെയ്തു.

മനുഷ്യനും മൃഗവുമെന്ന വലിയ ഭേദം ശരിയല്ലെന്ന് മോറിസ് പറഞ്ഞിരുന്നു. മനുഷ്യനും ഒരു മൃഗം തന്നെയാണെന്നും, മനുഷ്യനെ പോലെ മറ്റുമൃഗങ്ങൾക്കും തങ്ങളുടെതായ പ്രത്യേകതകളുണ്ടെന്നും അദ്ദേഹം വിശ്വസിച്ചു. ലബോറട്ടറിയിൽ പരീക്ഷണങ്ങൾ നടത്തുന്നതിനേക്കാൾ, വർഷങ്ങളോളം അവയെ ശാന്തമായി നോക്കി കുറിപ്പെടുക്കുന്നതാണ് അദ്ദേഹത്തിന്റെ രീതി. അവർ സംസാരിക്കുന്നില്ലെങ്കിലും ശരീരഭാഷയും പെരുമാറ്റവും നോക്കി അദ്ദേഹം അവരെ ''വായിച്ചു''. ജീവികളെ അവരുടെ സ്വാഭാവിക സാഹചര്യത്തിൽ കാണാനാണ് അദ്ദേഹം കൂടുതൽ ശ്രമിച്ചത്.

1967–ൽ പ്രസിദ്ധീകരിച്ച 'നഗ്നവാനരൻ' എന്ന പുസ്തകം മോറിസിനെ ലോകപ്രശസ്തനാക്കി. മനുഷ്യനെ ഒരു ''നഗ്നവാനരൻ' എ6 നിലയിൽ, ശാസ്ത്രീയമായി പക്ഷേ സാധാരണ ഭാഷയിൽ അവതരിപ്പിച്ച പുസ്തകമാണിത്. ലോകമെമ്പാടും ഈ പുസ്തകം വളരെ വായിക്കപ്പെട്ടു; അതിലൂടെ അദ്ദേഹത്തിന് വലിയ പ്രശസ്തിയും സാമ്പത്തിക സുരക്ഷയും ലഭിച്ചു. എന്നാൽ, മനുഷ്യന്റെ ലൈംഗികതയെ തുറന്ന് എഴുതിയതുകൊണ്ട് ഈ പുസ്തകത്തെ ചില മതവിഭാഗങ്ങൾ വിമർശിക്കുകയും, ചില സ്ഥലങ്ങളിൽ നിരോധിക്കുകയും ചെയ്തു.

ഡേവിഡ് ആറ്റൻബറോയെ പോലുള്ള ശാസ്ത്രപ്രചാരകരോടൊപ്പം, ജീവജാലങ്ങളെ സാധാരണക്കാരന് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കുന്നതിൽ മോറിസ് വലിയ സംഭാവനകൾ ചെയ്തു. ടെലിവിഷൻ പരിപാടികളിലൂടെ മൃഗങ്ങളുടെ ജീവിതവും മനുഷ്യരുടെ പെരുമാറ്റവും ലളിതമായി വിശദീകരിക്കുകയായിരുന്നു അദ്ദേഹം. ചില പണ്ഡിതർക്ക് അദ്ദേഹത്തിന്റെ രീതി ''അക്കാദമിക്'' കർശനതയില്ലെന്ന് തോന്നിയെങ്കിലും, പൊതുജനങ്ങൾ അദ്ദേഹത്തെ ഏറെ ഇഷ്ടപ്പെട്ടു. ശാസ്ത്രം, കല, എഴുത്ത് ഇവയൊക്കെ അദ്ദേഹം തന്റെ ജീവിതത്തിൽ ചേർത്തു കൊണ്ടുപോയി.

മോറിസ് തന്റെ ജീവിതത്തിന്റെ അവസാനവർഷം വരെ എഴുത്തിലും ചിത്രരചനയിലും സജീവനായിരുന്നു. മനുഷ്യരുടെ പെരുമാറ്റം മനസിലാക്കുമ്പോൾ, അവരുടെ ചില തെറ്റുകൾ പിന്നിലെ കാരണങ്ങൾ തിരിച്ചറിയാനും അതിലൂടെ കൂടുതൽ ക്ഷമ കാണിക്കാനും നമുക്ക് സാധിക്കുമെന്ന് അദ്ദേഹം കരുതി. കുഞ്ഞുങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട ''ഭക്ഷണം'' സ്നേഹമാണെന്ന് അദ്ദേഹം പറഞ്ഞു. ഒറ്റവാക്കിൽ, ജീവിതം മുഴുവൻ അദ്ദേഹത്തെ നയിച്ചത് ഒന്നു മാത്രം അവസാനിക്കാത്ത കൗതുകം.



# 'നീയില്ലാത്ത നിഴലുകൾ'

MOHAMMED FARHAN
I BA Islamic History

കലാലയത്തിന്റെ ആ ഉത്സവരാവുകൾ ഒടുവിൽ നിശബ്ദതയിലേക്ക് വഴിമാറിയിരുന്നു. ദിവസങ്ങളോളം നീണ്ടുനിന്ന കോലാഹലങ്ങൾക്കും, ആർപ്പുവിളികൾക്കും, തർക്കങ്ങൾക്കുമൊടുവിൽ ആർട്സ് ഫെസ്റ്റിവലിന്റെ ആ തിരശ്ശീല വീഴുമ്പോൾ, ആ വരാന്തകളിൽ ശേഷിച്ചത് വെറും ശൂന്യത മാത്രമായിരുന്നു. ആ വലിയ മാമാങ്കത്തിന്റെ മുഴുവൻ ഭാരവും ചുമലിലേറ്റി, അതിന്റെ ജീവനാഡിയായി ഒടുക്കം വരെ ഓടിനടന്ന അവൻ, ആൾക്കൂട്ടത്തിന്റെ കോലാഹലങ്ങളിൽ നിന്നും ഒടുവിൽ ആ മൂന്നാം നിലയുടെ വരാന്തയിലേക്ക് ഒഴിഞ്ഞുമാറി. കനത്തൊരു യുദ്ധം ജയിച്ചടക്കിയ പോരാളിയുടെ ആശ്വാസത്തോടെ അവൻ ആ കൽഭിത്തിയിലേക്ക് ചാരി നിന്നു.

അപ്പോഴേക്കും കലാലയ മുറ്റത്തെ പ്രകൃതിയും ഭാവം മാറിയിരുന്നു. ആകാശം കരിമ്പാറ പോലെ ഇരുണ്ടുകൂടി. നിമിഷനേരം കൊണ്ട് ക്യാമ്പസ് മരങ്ങളെ മുഴുവൻ വിഴുങ്ങിക്കൊണ്ട് ഒരു വെളുത്ത പുകമറ പോലെ മഞ്ഞും കാറ്റും വരാന്തയിലേക്ക് ഇരച്ചുകയറി. അന്തരീക്ഷത്തിന് പെട്ടെന്ന് ഒരു കടുത്ത തണുപ്പായിരുന്നുശ്വാസമെടുക്കുമ്പോൾ നെഞ്ചിനെ മരവിപ്പിക്കുന്ന തണുപ്പ്. പിന്നാലെ, കാറ്റിന്റെ വന്യമായ താളത്തിൽ ആ കന്നിമഴ ക്യാമ്പസ് മുറ്റത്തേക്ക് ആഞ്ഞുവെട്ടി.

മൂന്നാം നിലയുടെ ആ ഉയരത്തിൽ നിന്നും താഴേക്ക് നോക്കുമ്പോൾ, പുകമറ പോ




മൂന്നാം നിലയുടെ ആ ഉയരത്തിൽ നിന്നും താഴേക്ക് നോക്കുമ്പോൾ, പുകമറ പോലെ പെയ്യുന്ന ആ പേമാരിക്കുള്ളിൽ കലാലയം മുഴുവൻ ഒരു ജലാശയം പോലെ നിശ്ചലമായതായി തോന്നി. വരാന്തയിലൂടെ തെറിച്ചു വീഴുന്ന മഴത്തുള്ളികളെ നോക്കി നിൽക്കെ, താഴെ മുറ്റത്ത് പെയ്യുന്ന ആ പ്രകൃതിയുടെ വന്യതയിലേക്ക് അവന്റെ മിഴികൾ ചെന്നു തറച്ചു.

ലെ പെയ്യുന്ന ആ പേമാരിക്കുള്ളിൽ കലാലയം മുഴുവൻ ഒരു ജലാശയം പോലെ നിശ്ചലമായതായി തോന്നി. വരാന്തയിലൂടെ തെറിച്ചുവീഴുന്ന മഴത്തുള്ളികളെ നോക്കി നിൽക്കെ, താഴെ മുറ്റത്ത് പെയ്യുന്ന ആ പ്രകൃതിയുടെ വന്യതയിലേക്ക് അവന്റെ മിഴികൾ ചെന്നു തറച്ചു.

അവിടെ, ആ കനത്ത പുകമഴയെ കീറിമുറിച്ചുകൊണ്ട് ഒരു കാഴ്ച അവന്റെ കണ്ണുകളിൽ ഉടക്കിനിന്നു. മഴയുടെ നനവിൽ നിന്നും ഒളിക്കാൻ ഒരു വെള്ളക്കുടയ്ക്ക് കീഴിൽ പരസ്പരം ചേർന്നുനടക്കുന്ന ഒരു ആൺകുട്ടിയും പെൺകുട്ടിയും! ആ വെളുത്ത കുടയ്ക്കുള്ളിൽ പ്രപഞ്ചത്തിന്റെ സകല കോലാഹലങ്ങളും മറന്ന്, മഴത്തുള്ളികൾ തങ്ങളുടെ കാൽപ്പാദങ്ങളെ നനയ്ക്കുമ്പോൾ അവർ ഒരേ താളത്തിൽ മുന്നോട്ട് നടക്കുകയായിരുന്നു.

ആ ഒരൊറ്റ കാഴ്ച, കൽവരാന്തയിലെ ആ തണുത്ത കാറ്റിനെപ്പോലും പെട്ടെന്ന് നിശ്ചലമാക്കി. ആ പേമാരിക്കപ്പുറം, കാലത്തിന്റെ ചക്രങ്ങൾ ഒരുപാട് ദൂരം പിന്നിലേക്ക് തിരിയുന്നത് അവൻ അറിഞ്ഞു. ആ കനത്ത മഴയത്ത്, ഒരു വെള്ളക്കുടയുടെ കാവലിൽ നടന്നുനീങ്ങുന്ന ആ രണ്ട് നിഴലുകൾ അവനെ കൂട്ടിക്കൊണ്ടുപോയത്, വർഷങ്ങൾക്കപ്പുറം തന്റെ ആത്മാവിൽ പെയ്തുതോരാത്ത ഏതോ പഴയൊരു ഓർമ്മയുടെ വസന്തത്തിലേക്കായിരുന്നു...



# നീലിയെ വായിക്കുമ്പോൾ

AYISHA AYOOB
II BSc Physics

മലയാള സിനിമ ഇപ്പോൾ ഒരു മാറ്റത്തിന്റെ വഴിയിലാണ്. പുരുഷ കേന്ദ്രീകൃതമായ കഥകളിൽ നിന്ന് മാറി സ്ത്രീയെ കേന്ദ്രമാക്കി മുന്നോട്ട് പോകുന്ന സിനിമയാണ് 'ലോക: ചാപ്റ്റർ 1: ചന്ദ്ര'. ആട്ടം, പടക്കളം, ഭ്രമയുഗം, കാതൽ, മൂത്തോൻ, ലോക തുടങ്ങിയ സിനിമകൾ പരമ്പരാഗത രീതികളെ പുതുക്കി പുതിയ പരീക്ഷണങ്ങൾ നടത്തുകയാണ്. ഇത് മലയാള സിനിമയുടെ വളർച്ചയിലെ ശ്രദ്ധേയമായ മാറ്റമാണ്. മിത്തുകളും പുരാവൃത്തങ്ങളും മനുഷ്യജീവിതവുമായി ബന്ധപ്പെട്ടവയാണ്. അവ ശരിയോ തെറ്റോ എന്നത് ചർച്ചയായാലും, മനുഷ്യന്റെ ഉള്ളിലെ നന്മ ഉണർത്താൻ അവ സഹായിക്കുമെങ്കിൽ അവക്ക് പ്രാധാന്യമുണ്ട്. യാഥാർത്ഥ്യവും മിത്തും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ കഴിയേണ്ടതുണ്ട്. ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ സാഹചര്യത്തിൽ ഇത്തരം സിനിമകൾക്ക് പ്രത്യേക പ്രസക്തിയുണ്ട്.

ചരിത്രത്തിൽ പലപ്പോഴും പുരുഷന്മാരെയാണ് പ്രധാനമായി രേഖപ്പെടുത്തുന്നത്. എന്നാൽ 'ലോക' ഈ പാട്രിയാർക്കൽ രീതിക്ക് എതിരായ ഒരു സിനിമയാണ്. ''സ്ത്രീകൾ ചെയ്ത കാര്യങ്ങൾ പലപ്പോഴും ചരിത്ര രേഖകളിൽ വരാത്തത്, ചരിത്രം പുരുഷന്മാർ എഴുതിയതുകൊണ്ടാണ്'' . നീലി എന്ന കഥാപാത്രം ഒരു സൂപ്പർ വുമൺ ആയി അവതരിപ്പിക്കപ്പെടുന്നു. പുരുഷാധിപത്യത്തെ ചോദ്യം ചെയ്യുന്ന




ശക്തമായ രൂപമാണ് അവൾ. സമൂഹത്തിൽ സ്ത്രീകളെ തളച്ചുവെച്ച രീതികളെ തകർക്കാനുള്ള ശ്രമമാണ് ഇത്. 'Men deal with men, no women needed" എന്ന ഡയലോഗ് സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനം എന്താണെന്ന് ചിന്തിപ്പിക്കുന്നു.

സിനിമയിൽ ഗോത്രജീവിതവും അവരുടെ ദൈവങ്ങളും രാഷ്ട്രീയവുമായി ബന്ധപ്പെടുത്തി കാണിക്കുന്നു. സവർണ്ണ ശക്തികൾ ചരിത്രത്തെ മാറ്റി എഴുതുന്ന സാഹചര്യത്തിൽ, അവഗണിക്കപ്പെട്ട ഗോത്രവിഭാഗങ്ങളുടെ കഥകൾക്ക് പ്രാധാന്യമുണ്ട്. ഇവയെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ ശക്തികളെ സിനിമ സൂചിപ്പിക്കുന്നു.

പ്രേതസിനിമകൾ പ്രേക്ഷകരിൽ കൗതുകവും ഭയവും ഉണ്ടാക്കാറുണ്ട്. ഇത്തരം കഥകൾ അവരുടെ വിശ്വാസങ്ങളുമായി ബന്ധപ്പെടുന്നതിനാൽ ആളുകൾക്ക് അതുമായി അടുപ്പം തോന്നിയേക്കാം. ''നമ്മളെ പോലുള്ളവരെ സഹായിക്കാൻ നീ പിറന്നതാണ്'' എന്ന ആശയം പ്രേക്ഷകരിൽ ഒരു ആരാധന സൃഷ്ടിക്കുന്നു. ഇത് മനുഷ്യരുടെ മനസ്സിനെ സ്വാധീനിക്കുന്ന രീതിയാണ്.

മിത്തുകളെ വിശ്വസിക്കുന്നതിൽ ''കൺഫർമേഷൻ ബയാസ്'' പോലുള്ള സൈക്കോളജിക്കൽ ഘടകങ്ങൾ പ്രവർത്തിക്കാറുണ്ട്. പ്രേതങ്ങളെയും മിത്തുകളെയും വിശ്വസിക്കുന്നവർക്ക് ഇത്തരം സിനിമകൾ അവരുടെ വിശ്വാസം കൂടുതൽ ശക്തമാക്കും. എന്നാൽ ശാസ്ത്രീയമായി ഇതിനെ സമീപിക്കേണ്ടതുണ്ട് എന്നും ശ്രദ്ധിക്കണം.

'ലോക: ചാപ്റ്റർ 1: ചന്ദ്ര' എന്ന സിനിമ മലയാള സിനിമയിലെ സ്ത്രീകേന്ദ്രീകൃത കാഴ്ചപ്പാടിനെയും, മിത്തുകളെയും, മനശാസ്ത്രത്തെയും ഒരുമിച്ച് ചേർത്ത് ഒരു പുതിയ അനുഭവമാക്കി മാറ്റുന്നു. നീലി, ചാത്തൻ, ഗോത്രദൈവങ്ങൾ, പാട്രിയാർക്കി, ഫാസിസം, സാമൂഹിക അബോധം എന്നീ ആശയങ്ങൾ എല്ലാം ചേർന്ന് മനുഷ്യരുടെ ഭയം, വിശ്വാസം, പ്രതിരോധം, സ്വപ്നം എന്നീ മാനസിക ഘടകങ്ങളെ സിനിമയിലൂടെ തുറന്നു കാണിക്കുന്നു. മിത്തുകളെ ശാസ്ത്രീയവും വിമർശനാത്മകവുമായ ഒരു ദൃഷ്ടികോണത്തിൽ വായിക്കാനും, സ്ത്രീശരീരത്തെയും സ്ത്രീസ്വാതന്ത്ര്യത്തെയും പുതിയ രീതിയിൽ ചിന്തിക്കാനും ഈ സിനിമ പ്രേക്ഷകരെ പ്രേരിപ്പിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ നീലിയുടെയും ചാത്തന്റെയും ലോക യൂണിവേഴ്സിലെ മിത്തും മനശാസ്ത്രവും നമ്മുടെ കാലത്തെ രാഷ്ട്രീയ-സാമൂഹിക-മാനസിക യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു ശക്തമായ കലാനുഭവമായി മാറുന്നു.



# നന്മ നിറഞ്ഞവൻ ശ്രീനിവാസൻ:

## കാലത്തെ ജയിച്ച തൂലിക

HAFSA N K
II BA English

മലയാള സിനിമയിൽ ഹാസ്യത്തെ കേവലം വിനോദോപാധിയെന്നതിനപ്പുറം, സമൂഹത്തിന് നേരെ തിരിച്ചുപിടിച്ച മൂർച്ചയുള്ള കണ്ണാടിയാക്കി മാറ്റിയ പ്രതിഭയാണ് ശ്രീനിവാസൻ. നടൻ, തിരക്കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ അദ്ദേഹം ചെയ്ത സംഭാവനകൾ മലയാളിയുടെ സാംസ്കാരിക ജീവിതവുമായി അത്രമേൽ ഇഴചേർന്നു കിടക്കുന്നു. ഗഹനമായ സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങളെ അതിലളിതമായി നർമ്മത്തിൽ ചാലിച്ച് അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തിനുള്ള വൈഭവം സമാനതകളില്ലാത്തതാണ്. ശ്രീനിവാസൻ സിനിമകളെ പൊതുവെ സാമൂഹ്യ വ്യംഗ്യം (Social Satire), കറുത്ത ഹാസ്യം (Black Comedy) എന്നീ വിഭാഗങ്ങളിലാണ് ഉൾപ്പെടുത്താനാവുക. മധ്യവർഗ്ഗ മലയാളിയുടെ നിത്യജീവിതത്തിലെ പൊങ്ങച്ചങ്ങളും ആശങ്കകളുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന കഥാപരിസരം.

ശ്രീനിവാസന്റെ രാഷ്ട്രീയ വായനകൾ എന്നും കേരളത്തിൽ വലിയ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്. യാഥാസ്ഥിതിക രാഷ്ട്രീയ ചിന്താഗതികളെയും അന്ധമായ പാർട്ടി വിധേയത്വത്തെയും അദ്ദേഹം തന്റെ സിനിമകളിലൂടെ ചോദ്യം ചെയ്തു.ശ്രീനിവാസന്റെ രാഷ്ട്രീയ ചിത്രങ്ങൾ, പ്രത്യേകിച്ച് സന്ദേശം, വരവേൽപ്പ്



എന്നിവ വലിയ ജനപ്രീതി നേടിയെങ്കിലും അവ കടുത്ത അരാഷ്ട്രീയതയും യൂണിയൻ വിരുദ്ധതയും പ്രോത്സാഹിപ്പിക്കുന്നു എന്ന രീതിയിലുള്ള വിമർശനങ്ങൾ രാഷ്ട്രീയ നിരീക്ഷകരിൽ നിന്നും നേരിട്ടിട്ടുണ്ട്. ജനകീയ സമരങ്ങളെയും സാമൂഹ്യ മാറ്റത്തിനായുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളെയും വെറും കുടുംബ വഴക്കുകളായി അദ്ദേഹം ചുരുക്കിക്കാണിക്കുന്നു എന്ന വാദവും നിലനിൽക്കുന്നുണ്ട്. എന്നാൽ തന്റെ ബോധ്യങ്ങളിൽ ഉറച്ചുനിൽക്കാനും കപടതകൾക്ക് നേരെ വിരൽ ചൂണ്ടാനും അദ്ദേഹം ഒരിക്കലും മടിച്ചിരുന്നില്ല. ശ്രീനിവാസൻ എന്ന ചലച്ചിത്രകാരൻ മലയാളിയെ ചിരിപ്പിക്കുക മാത്രമല്ല, അവർക്ക് ചിന്തിക്കാനുള്ള വക നൽകുകയും ചെയ്തു. നായകന്മാരുടെ അതിമാനുഷിക പ്രകടനങ്ങളേക്കാൾ സാധാരണക്കാരന്റെ നിസ്സഹായാവസ്ഥകളും ചെറിയ തെറ്റുകുറ്റങ്ങളും വെള്ളിത്തിരയിൽ വരുമ്പോഴാണ് പ്രേക്ഷകർ അതിനോട് കൂടുതൽ താദാത്മ്യം പ്രാപിക്കുന്നത് എന്ന് അദ്ദേഹം തെളിയിച്ചു. അതുകൊണ്ടുതന്നെ മലയാള സിനിമ ഉള്ളിടത്തോളം കാലം ശ്രീനിവാസൻ എന്ന പ്രതിഭയുടെ സിനിമകളും അവയിലെ കഥാപാത്രങ്ങളും മലയാളിയുടെ മനസ്സിൽ മായാതെ കിടക്കും.

# ദൈവത്തിന്റെ കൈയ്യൊപ്പുകൾ

GOPIKA P
III BCom Finance

ഷെൽഫിൽ അടുക്കിവെച്ചിരുന്ന അന്നയുടെ പുസ്തകങ്ങളിൽ ഒന്ന് ബേബി തിരഞ്ഞെടുത്തു. 'മുംബൈയുടെ നഗരവിഥികളിലൂടെ'... അന്ന തിരക്കിട്ട പാക്കിങ് നടത്തുന്നു. പുസ്തകത്താളുകളിലൂടെ കണ്ണോടിക്കവെ ബേബി ചോദിച്ചു 'ഇതിനി എത്രാമത്തെയാണ് ? '35 പപ്പാ'... വാതിലിനരികിലായി നിന്നിരുന്ന ആൻസി ബേബിയെ കണ്ണുകൾ കൊണ്ട് ആംഗ്യം കാണിക്കുന്നുണ്ടായിരുന്നു. ' ഈ സംഗതി കൊള്ളാമല്ലോ ...! ഇതുവരെ 34 യാത്രകൾ ...34 ഓർമ്മ പുസ്തകങ്ങൾ ... കളറായിട്ട് ഉണ്ട് കേട്ടോ ...! പിന്നെ, നിന്റെ അമ്മ അല്പം കർക്കശത്തിലാണ് ... പാവമാണ്... കാര്യമാക്കണ്ട... നീ ഊര് ചുറ്റി നടക്കുന്നത് മൂപ്പത്തിക്ക് പിടിക്കില്ല ...'അന്ന തലയാട്ടി ...ബേബി തുടർന്നു ...'ഊന്ന് വടിയെടുക്കുന്നതിന് മുൻപ് ദാ ... ആ ഷെൽഫിൽ ഇതുപോലെ മൂന്നക്കം നാലക്കം നിറയുന്ന ഓർമ്മകൾ നിറയ്ക്കണം' അന്ന പുഞ്ചിരിച്ചു ..!

ട്രെയിനിൽ അന്ന പ്രതീക്ഷിച്ച അത്രയും തിരക്ക് ഉണ്ടായിരുന്നില്ല. അന്ന തന്റെ സീറ്റ് കണ്ടുപിടിച്ച് ട്രാവെൽബാഗ് ഒരു വശത്തായി ഒതുക്കിവെച്ചു . ബാഗിൽ നിന്ന് ഹെഡ്സെറ്റ് എടുത്ത് ഫോണിൽ കണക്ട് ചെയ്ത് പാട്ടിനൊപ്പം യാത്രയും ആസ്വദിച്ചു തുടങ്ങിയിരുന്നു. ട്രെയിൻ സ്റ്റേഷനുകൾ പിന്നിട്ടു... അപ്രതീക്ഷിതമായി ആരോ തന്റെ തോളിൽ തൊടുന്നതായി അന്നയുടെ ശ്രദ്ധയിൽപ്പെട്ടു. തിരിഞ്ഞുനോക്കവെ ഏകദേശം പത്ത്–പന്ത്രണ്ടിനോട് അടുപ്പിച്ച് പ്രായം വരുന്ന ഒരു പെൺകുട്ടി, ചുവന്ന ഷർട്ടും വെള്ള പാവാടയും ധരിച്ചിരുന്നു... നക്ഷത്രം പോലെ തിളങ്ങുന്ന കണ്ണുകളായിരുന്നു അവളുടേത്. എന്നാൽ അവയിൽ അവശത നിറഞ്ഞിരുന്നത് അന്നയുടെ ശ്രദ്ധയിൽപ്പെട്ടു.

അന്ന അവളോട് ചോദിച്ചു.. 'എന്താ പേര് ? '... കല്ല്യാണി ... 'കല്ലു' യെന്ന് വിളിക്കും . ചേച്ചിയുടെ പേരെന്താ ? 'അന്ന ... കല്ലുവിന്റെ കൂടെ ആരൊക്കെ വന്നിട്ടുണ്ട് ?' .. 'അച്ഛൻ, അമ്മ , അപ്പുപ്പൻ ...! പക്ഷെ അവരൊക്കെ ഓരോ കാര്യങ്ങൾ ചെയ്തിരിക്കുവാണ് ഞാൻ അവിടെ ഒറ്റയ്ക്കാണ്..'

കല്ലുവിൽ എവിടെയൊക്കെയോ അന്ന അന്നയെത്തന്നെ കണ്ടിരുന്നു... ബാല്യത്തിൽ പലപ്പോഴും ഒറ്റപ്പെടലിന്റെ വേദന അന്ന അനുഭവിച്ചിട്ടുണ്ട് . പിന്നീട് മുതിർന്നപ്പോൾ ആ ഒറ്റപ്പെടലിൽ നിന്ന് മറികടക്കാനായി യാത്രകളെ നെഞ്ചോടു ചേർത്തുപിടിച്ചു . ഓരോ യാത്രകളും അന്നയ്ക്ക് സമ്മാനിച്ചത് വ്യത്യസ്തമായ അനുഭൂതികളായിരുന്നു. ഓരോ യാത്രകളിലും കണ്ടു മുട്ടുന്ന വ്യക്തികളെയും. ആചാരങ്ങളെയും. വിശ്വാസങ്ങളെയും വിദ്യകളെയും അവൾ അറിയാൻ ശ്രമിച്ചിരുന്നു ...! ചിന്തകളിൽ ആഴ്ന്നിറങ്ങിയ അന്നയെ ഉണർത്തികൊണ്ട് കല്ലു ചോദിച്ചു.. 'ചേച്ചി ദില്ലിയിലേക്കാണോ ? ' അന്ന പറഞ്ഞു 'അതെ. കല്ലുവിന്റെ വീട് എവിടെയാണ് ?' കല്ലുവിന്റെ മുഖത്ത് നിരാശ പടരുന്നത് അന്നയുടെ ശ്രദ്ധയിൽപ്പെട്ടു .

തന്റെ സീറ്റിനരികിലായി അന്ന കല്ലുവിനെ ഇരുത്തി .. ' കല്ലു എന്ത്പറ്റി ?' 'ചേച്ചി ഞങ്ങളുടെ നാട് നന്തിയൂരാണ്.. അവിടെ ഒരു കമ്പനി വരുന്നത് കൊണ്ട് ഞങ്ങൾക്ക് ഞങ്ങളുടെ വീട് നഷ്ടമായി. അച്ഛൻറെ ജോലി നഷ്ടപ്പെട്ടു. അങ്ങനെ ഞങ്ങൾക്ക് ഞങ്ങളുടെ നാട് ഉപേക്ഷിക്കേണ്ടി വന്നു. ഇപ്പൊ ഈ യാത്ര അച്ഛന്റെ അകന്ന ബന്ധുവിന്റെ വീട്ടിലേക്കാണ്. 'കല്ലുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ദില്ലിയിലെ ഓർമ്മകളെ ഒപ്പിയെടുക്കാനായി അന്നയുടെ കയ്യിൽ ഒരു പുസ്തകമുണ്ടായിരുന്നു. ബാഗിന്റെ അരികിയാലി ഇരുന്ന ആ പുസ്തകത്തിലേക്ക് നോക്കിയ ശേഷം കല്ലു ചോദിച്ചു 'ചേച്ചി പടം വരക്കുമോ?' 'കുറച്ചൊക്കെ' .. അന്ന മറുപടി നൽകി. 'ചേച്ചി എന്നെ വരക്കുമോ ?' അന്ന പുഞ്ചിരിച്ചു .

' കല്ലു ... കല്ലു ..' പിന്നിലത്തെ രണ്ടു സീറ്റുകൾക് അപ്പുറമായി കല്ലുവിന്റെ അച്ഛൻ കല്ലുവിനെ തിരക്കുന്നത് കേട്ടു. 'ചേച്ചി ഞാൻ പിന്നെ വരാം.. 'കല്ലു അന്നയുടെ അരികിൽ നിന്ന് അച്ഛനമ്മയുടെ അരികിലേക്ക് പോയി. അന്ന കല്ലുവിന്റെ ചിത്രം വരയ്ക്കാൻ ആരംഭിച്ചു. സ്റ്റേഷനുകൾ കടന്നുപോയി. ഒടുവിൽ ചിത്രം പൂർത്തിയാക്കി കല്ലുവിനെ ഏൽപ്പിക്കാൻ അന്ന തീരുമാനിച്ചു. ഒപ്പം ആ കൊച്ചു മിടുക്കിയുടെ കുടുംബത്തെ കൂടി പരിചയപ്പെടാനായി അന്ന തന്റെ സീറ്റിൽ നിന്ന് എഴുനേറ്റ് പിന്നിലേക്ക് നടന്നു.

കല്ലുവിന്റെ വിവരണങ്ങൾക്കു അനുസരിച്ചുള്ള കുടുംബാംഗങ്ങൾ അന്നയുടെ കണ്ണിൽപ്പെട്ടു. അവരൊക്കെ നിദ്രയിൽ ആഴ്ന്നിരുന്നു. കല്ലുവിനായി പരതിയ അന്നയുടെ കണ്ണുകൾക്ക് നിരാശയായിരുന്നു ഫലം. എന്നാൽ കല്ലുവിന്റെ കുടുംബത്തിന് അപ്പുറത്തുള്ള സീറ്റിലേക്ക് അന്നയുടെ കണ്ണുകൾ ഉയർന്നു. കാഷായ വേഷം ധരിച്ച് ഏകദേശം അറുപതിനോട് അടുപ്പിച്ച് പ്രായം വരുന്ന ഒരു വ്യക്തി. താടി നീട്ടി വളർത്തിയിരുന്നു. കാഷായ വസ്ത്രം ധരിച്ചിരുന്ന ആൾ തോളോട് ചേർത്ത് ഒരു കുട്ടിയെ ഉറക്കുന്നതായി അന്നയുടെ ശ്രദ്ധയിൽപ്പെട്ടു . അയാളുടെ അടുത്ത് ചെല്ലവേ അത് ആ കല്ലുവാണെന്ന് അന്നയ്ക്ക് മനസ്സിലായി. അയാളുടെ അടുത്ത് ചെന്ന് അന്ന ചോദിച്ചു 'കല്ലു ..' 'കല്ലു തൂങ്ങിട്ടാകെ' ,അയാൾ മറുപടി പറഞ്ഞു. അന്ന തന്റെ സീറ്റിലേക്ക് മടങ്ങി. കല്ലു പറഞ്ഞ തന്റെ കുടുംബാംഗങ്ങളിൽ ഇങ്ങനെ ഒരാളുണ്ടായിരുന്നില്ല എന്ന് അന്ന ചിന്തിച്ചു. അയാളുടെ രീതികളിൽ സംശയം ഉയർന്ന അന്ന അയാളെ നിരീക്ഷിക്കാനായി തീരുമാനിച്ചു . തന്റെ ട്രാവൽ ബാഗുമായി അന്ന പിന്നിലേക്ക് നടന്നു. പിന്നിലേക്ക് നടന്ന് അന്നയുടെ കണ്ണിൽ പതിഞ്ഞത് കുട്ടിയുമായി ആളൊഴിഞ്ഞ ബോഗിതേടി നടക്കുന്ന അയാളെയാണ്. തെളിവിനായി അന്ന അയാളുടെ നീക്കങ്ങൾ ഷൂട്ട് ചെയ്തു. ട്രെയിൻ ദില്ലി അടുക്കുന്നതിനാൽ തിരക്ക് കുറഞ്ഞുവന്നിരുന്നു. കല്ലുവിന്റെ ജീവൻ അപകടത്തിലാണ് എന്ന് മനസ്സിലാക്കിയ അന്ന പോലീസിനെ ബന്ധപ്പെട്ടു. ട്രെയിൻ അടുത്ത സ്റ്റേഷനിൽ എത്തുമ്പോൾ പോലീസ് എത്തുന്നതാണ്. അതുവരെ കല്ലുവിന്റെ സുരക്ഷിതത്വം തന്റെ ഉത്തരവാദിത്വമായി അന്ന ഏറ്റെടുത്തു.

തിരക്കൊഴിഞ്ഞ ബോഗിയിൽ അയാൾ കല്ലുവിനെ എത്തിച്ചു. ആ കുഞ്ഞ് ശരീരത്തെ പിച്ചിച്ചീന്താൻ തുടങ്ങിയ അയാളെ അന്ന പിന്നിൽ നിന്ന് തള്ളിമാറ്റി. അന്ന കല്ലുവിനെ ഉണർത്താൻ ശ്രമിച്ചു. അയാൾ ബലമുപയോഗിച് അന്നയെ പിടിച്ച് തള്ളി. അന്ന ഡോറിന്റെ അരികിയാലി വീണു. കല്ലു ..കല്ലു ... അന്ന വിളിച്ചുണർത്താൻ ശ്രമിച്ചു. അയാൾ അന്നയുടെ കഴുത്ത് ഞെരിച്ചു. ജീവിതത്തിനും മരണത്തിനുമിടയിലുള്ള നിമിഷങ്ങളിലൂടെ അന്ന കടന്ന് പോയി. അടുത്ത സ്റ്റേഷനെത്താനായി ഇനിയും ഏഴ് മിനിറ്റ് ഉണ്ടെന്ന് അന്ന മനസ്സിലാക്കി. അന്ന അവശയായപ്പോൾ അയാൾ കല്ലുവിന്റെ അരികിലേക്ക് ചെന്നു.

അന്ന പതിയെ എഴുനേൽക്കാൻ ശ്രമിച്ചു. അന്ന തന്റെ കയ്യിൽ ഉണ്ടായിരുന്ന ഷാൾ ഉപയോഗിച്ച് അയാളുടെ കഴുത്തിൽ മുറുക്കി. കുട്ടിക്കാലത്ത് എപ്പോഴോ കടന്നുപോയതും പരിശീലിച്ചതുമായ സ്വയരക്ഷ മാർഗങ്ങൾ അന്ന അയാൾക്ക് നേരെ പ്രയോഗിച്ചു. അയാളുടെ കൈകാലുകൾ കെട്ടിയിട്ടു. കല്ലുവിനെ എടുത്തു.

ട്രെയിൻ കോട്ട സ്റ്റേഷൻ എത്തിയിരുന്നു. പൊലീസിന് അയാളെ അന്ന കൈമാറി ഒപ്പം കല്ലുവിനെയും. ശേഷം പോലീസിനോട് പറഞ്ഞു.. 'ഈ കുട്ടിയെ രക്ഷിച്ചത് ഒരു സ്ത്രീയാണ് അവർ കഴിഞ്ഞ സ്റ്റേഷനിൽ ഇറങ്ങി. ഈ കുട്ടിയെ എന്നെ ഏല്പിച്ചു. ഈ കുട്ടിയുടെ അച്ഛനമ്മമാർ ഈ ട്രെയിനിൽ ഉണ്ടെന്നാണ് അവർ പറഞ്ഞത്' . അന്ന പോലീസിനെ വിവരങ്ങൾ ധരിപ്പിച്ച് കോട്ട സ്റ്റേഷനിൽ ഇറങ്ങി.

അന്ന ഒരു പ്രൈവറ്റ് ടാക്സിയിൽ ദില്ലിയിൽ എത്തി. നേഹ അവളുടെ കയ്യിലെ മുറിവുകൾ ശ്രദ്ധിച്ചിരുന്നു. മാധ്യമങ്ങളിൽ കല്ലുവിന്റെ വാർത്ത അന്ന ശ്രദ്ധിച്ചു. നേഹയ്ക്കു വാർത്തകളിലൂടെ കടന്ന് പോയപ്പോൾ അന്നയിലേക്ക് സംശയം ഉയർന്നിരുന്നു. ഒരു യാത്രയിലെ സംഭവങ്ങളെല്ലാം അന്ന തന്റെ പുസ്തകത്തിൽ ആകും എന്നറിയാമായിരുന്ന നേഹ അതിനായി കാത്തിരുന്നു. ദില്ലിയിലെ യാത്രക്ക് ഒടുവിൽ മടങ്ങാൻ ഇരിക്കവേ അന്നയുടെ ഓർമ്മ പുസ്തകം നേഹ പരിശോധിച്ചു. 'ദൈവത്തിന്റെ കൈയ്യൊപ്പ്' എന്നായിരുന്നു ആ പുസ്തകത്തിന്റെ ശീർഷകം. പുസ്തകത്തിലൂടെ കടന്നുപോകവേ വാർത്തയിലുള്ള ആ കുട്ടിയുടെ ചിത്രം നേഹയുടെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ അതിനപ്പുറം ഒന്നും നേഹയ്ക്ക് കണ്ടെത്താൻ കഴിഞ്ഞില്ല.

പുസ്തകത്തിലേക്ക് നോക്കുന്ന നേഹയെ കണ്ടപ്പോൾ അന്ന ഓർത്തു. പ്രതിസന്ധിയിൽ സ്വപ്നം കാണുന്ന എട്ടു വയസ്സുകാരിയെ ആണ് എനിക്കിഷ്ടം . വെറുതെ ഒരു കഴുകനാൽ പിച്ചിചീന്ത ഒരു കുട്ടിയായി അവൾ കാലത്തിന്റെ ഇടനാഴിയിൽ അടയാളപ്പെടുത്തേണ്ടവൾ അല്ല . മറ്റുള്ളതെന്താ.. 'ദൈവത്തിന്റെ കൈയ്യൊപ്പ്' അങ്ങനെയൊരു ശീർഷകം അന്ന പറഞ്ഞു 'അല്ലേലും മറ്റുള്ളവരുടെ ജീവിതത്തിലേക്ക് അപ്രതീക്ഷിതമായി കടന്ന് ചെന്ന് ഒരു കൈയ്യൊപ്പ് ചാർത്തികടന്ന് പോകുമ്പോഴാണ് നാം ഒരു മനുഷ്യനാകുന്നത്'. നേഹ പുഞ്ചിരിച്ചു.



# നാസികരാഗം

MUHAZIN M
I BA English

കലാലയത്തിന്റെ ആത്മാവ് കുടികൊള്ളുന്ന മതിലുകൾക്ക് മുകളിൽ അന്ന് ആകാശം ഒരു കരിമ്പടം പുതച്ചു നിൽക്കുകയായിരുന്നു. വെളിച്ചത്തെ പൂർണ്ണമായും വിഴുങ്ങാൻ വെമ്പി നിൽക്കുന്ന ഇരുണ്ട മേഘക്കൂട്ടങ്ങൾ. പെയ്യാൻ മടിച്ചുനിൽക്കുന്ന ആ മഴയുടെ ഭാരം അന്തരീക്ഷത്തിൽ ഒരു തരം നിശബ്ദത പടർത്തിയിട്ടുണ്ട്. കലാലയ മുറ്റത്തെ വമ്പൻ മരങ്ങൾ കാറ്റിൽ ആടി ഉലയുമ്പോൾ, അവ തീർക്കുന്ന നിഴലുകൾ വരാന്തയുടെ കൽത്തറകളിൽ വിചിത്രമായ ചിതങ്ങൾ തുന്നിച്ചേർത്തു. ഓരോ മരച്ചില്ലയും ആ കറുത്ത മേഘങ്ങളെ തൊടാൻ ആഞ്ഞു നിൽക്കുന്നത്പോലെ തോന്നും. ആ പടുമരങ്ങൾ ചൊരിയുന്ന തണലിന് ഒരു പ്രത്യേക തണുപ്പായിരുന്നു; പെയ്തു തുടങ്ങാത്ത മഴയുടെ ഗന്ധം കലർന്ന ഒരു തണുപ്പ്. വരാന്തയുടെ കരിങ്കൽ തൂണുകൾക്കിടയിലൂടെ അരിച്ചെത്തുന്ന കാറ്റിന് പ്രണയത്തിന്റെ ഒരു നനവുണ്ടായിരുന്നു. കാറ്റിൽ പടരുന്ന ആ നനഞ്ഞ മണ്ണറിവ് വായുവിൽ ഒരു പ്രണയഗീതം പോലെ അലിഞ്ഞുചേർന്നു. വരാന്തയിലെ തൂണുകൾക്കിടയിലൂടെ അരിച്ചെത്തുന്ന തണുത്ത കാറ്റ് മനസ്സിനെ എവിടെയോ കൊണ്ടുപോയി തളച്ചിടുന്നു എന്ന തോന്നൽ. മനസ്സിൽ ഒരുപാട് സംഘർഷങ്ങൾ നിറഞ്ഞു കൂടിയ അവസ്ഥയിലൂടെ ഞാൻ എന്റെ പ്രിയപ്പെട്ട സുഹൃത്തായ ചന്ദ്രുവിനോടൊപ്പം കലാലയത്തിന്റെ വിശാലയമായ വരാന്തയിലൂടെ ഞങ്ങൾ നടന്നുകൊണ്ടിരുന്നു. ഈ കലാലയത്തിനെ താങ്ങി നിർത്തുന്ന അച്യുതണ്ടായ തൂണിന്റെ ഇടയിലൂടെ ഹിമത്തെന്നൽ ഞങ്ങളുടെ മേനിയിൽ കുളിരേകിയിരുന്നു. എന്നാൽ ഇതെല്ലം ഓർക്കാതെ ചന്ദ്രു ചിന്തയിൽ ആണ്, അവന്റെ മുഖത്തിൽ സന്തോഷത്തിന്റെയും, പ്രണയത്തിന്റെയും, കാത്തിരിപ്പിന്റെയും, ചിരിയും ജിക്നസായും കാണാൻ കഴിയും, എനിക്കും അത്ഭുതമാണ് ചന്ദ്രുവിന്റെ ഈ മാറ്റത്തിൽ, വെറുമൊരു സുഹൃത്തിനു, വിദ്യാർത്ഥിക്കും ഉപരി, താൻ ഒരു അറിവിന്റെയും ആശയങ്ങളുടെയും വക്താവാണ്. രാഷ്ട്രീയബോധം അവന്റെ ഓരോ ശ്വാസത്തിലും അലിഞ്ഞുചേർന്നിരിക്കുന്നു എന്ന് കലാലയത്തിന്റെ ആത്മാവായ വിദ്യാർത്ഥികളുടെ മനസ്സിൽ ആണ്ടു കഴിഞ്ഞിരുന്നു. തന്റെ ഇടതുപക്ഷ പ്രത്യശാസ്ത്രത്തിൽ ഉറച്ചു നിൽക്കുന്ന വ്യക്തിത്തം. അവനെ കാണുമ്പോൾ ഓരോ വ്യക്തിക്കും ചന്ദ്രു എന്ന മാനുഷിക മുല്യവും രാഷ്ട്രീയ ബോധമുള്ള ഒരു വിപ്ലവകാരിയെ ആണ് അവരുടെ കണ്ണിൽ തെളിയുന്നത്. എന്നാൽ ഇന്നാ കൗമാരക്കാരന്റെ മനസ്സിനെ പിടിച്ചുകുലിക്കി കൊണ്ട് തന്റെ ഹൃദയത്തിൽ ഒരു പെൺകുട്ടിയുടെ ഛായ ആഞ്ഞു പതിഞ്ഞിരുന്നു.

നിഴൽചിത്രങ്ങൾ തുന്നിയ കലാലയ വരാന്ത... താൻ പടുത്തുയർത്തിയ ആദർശങ്ങളുടെ കോട്ടയ്ക്കു മുകളിൽ, ഒരു പെൺകുട്ടിയുടെ പ്രണയം ഒരു മഴവില്ലായി പടരുന്നത് അവൻ വിസ്മയത്തോടെ നോക്കിനിന്നു.

എന്നാൽ അതിലേറെ എന്നെ അത്ഭുതപ്പെടുത്തുന്നത് അവർക്കിടയിലെ ആ നിഗൂഢമായ യുക്തിയാണ്. ഒന്നിനോടൊന്ന് ചേരാത്ത രണ്ട് ധ്രുവങ്ങളായിരുന്നു അവർ. ചന്ദ്രുവിന്റെ വിപ്ലവ പ്രത്യശാസ്ത്രങ്ങളോട് തികഞ്ഞ എതിർപ്പും താല്പര്യമില്ലായ്മയും പുലർത്തുന്ന, തികച്ചും വിപരീതമായൊരു ചിന്താധാരണയാണ് അവൾ പിന്തുടർന്നിരുന്നത്. ആശയങ്ങളുടെ ആ കടുത്ത വെറുപ്പിൽ നിന്നും കലഹങ്ങളിൽ നിന്നുമാണ് വിരോധാഭാസമെന്നു പറയട്ടെ, അവർ പരസ്പരം അടുത്തത്. എങ്കിലും തന്റെ ആത്മാവിന്റെ ആഴങ്ങളിൽ ചന്ദ്രു കാത്തുസൂക്ഷിക്കുന്ന ഈ അഗാധമായ പ്രണയത്തെക്കുറിച്ച് അവൾ ഇന്നും ആജ്ഞയാണ്. കൗതുകമെന്നു പറയട്ടെ, അവനെ തനിക് ഇഷ്ടമല്ലെന്ന് അവൾ ഇതുവരെ മൊഴിഞ്ഞതുമില്ല.

അവളോടുള്ള പ്രണയത്തിന്റെ ആർദ്രത ചന്ദ്രു എന്ന മനുഷ്യനെത്തന്നെ മാറ്റിമറിച്ചിരുന്നു. അവന്റെ ദാർഷ്ട്യവും കോപവുമെല്ലാം അവൻ എവിടെയോ ഉപേക്ഷിച്ചു പോന്നിരിക്കുന്നു. എന്നാൽ അവളാകട്ടെ, കൃത്യമായൊരു മറുപടി പോലും നൽകാതെ. തന്റെ മൗനം കൊണ്ട് ചന്ദ്രുവിന്റെ ഹൃദയത്തെ ഒരു പമ്പരം പോലെ കറക്കുകയാണ്. അവളുടെ തീക്ഷണമായ ഭാഷയും വാദങ്ങളും അവനിൽ ഏൽപ്പിക്കുന്ന മുറിവുകൾ അവന്റെ ഹൃദയത്തെ കൂടുതൽ തപനമാക്കുന്നു. പ്രണയത്തിൽ ദഹിപ്പിക്കുന്നു. അവളുടെ ആ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ പോലെ തന്നെ തീക്ഷ്ണമായിരുന്നു അവളുടെ സൗന്ദര്യവും. അവളുടെ അലസമായ മുടിയിഴകളിൽ നിന്നും പടരുന്ന പരിമളം ആ തണുത്ത കാറ്റിൽ അലിഞ്ഞുചേരുമ്പോൾ, പ്രപഞ്ചത്തിന്റെ സകല യുക്തികളും മറന്ന് ചന്ദ്രു പ്രണയത്തിന്റെ അതിരു

കളില്ലാത്ത ലോകത്തേക്ക് വഴിമാറാറുണ്ട്. അവളുടെ ആ തവിട്ടുനിറമുള്ള കണ്ണുകളിലേക്കു നോക്കുമ്പോൾ പ്രപഞ്ചത്തിലെ സകല യുക്തികളും തകർന്നടിയുന്നതായി അവൻ അറിഞ്ഞു. ആ മുഖത്തെ ഏറ്റവും മനോഹരമായ അത്ഭുതം അവളുടെ മൂക്കുത്തിയായിരുന്നു. ഇരുണ്ട ആകാശത്ത് പെട്ടെന്ന് മിന്നിമറയുന്ന ഒരു മിന്നൽപ്പിണർ പോലെ അവന്റെ ചിന്തകളെ ഉണർത്തുന്ന ഒരു ബിന്ദു. അവളുടെ ചുണ്ടുകളിൽ വിരിയുന്ന ആ ചെറിയൊരു പുഞ്ചിരി മതിയായിരുന്നു, അറിവിന്റെ മഹാസമുദ്രമായ ചന്ദ്രുവിനെ ഒരു നിമിഷം കൊണ്ട് നിശബ്ദമാക്കാൻ.

എന്നാൽ എനിക്കൊരു കാര്യം ഉറപ്പായിരുന്നു – ഈ പ്രണയം ചന്ദ്രുവിനെ തകർക്കുകയില്ല, മറിച്ച് കൂടുതൽ ദീപ്തമാക്കുകയാണ് ചെയ്യുന്നത്. അവൾ തീർക്കുന്ന ആ ചുഴിയിൽ അകപ്പെടുമ്പോഴും അവൻ അനുഭവിക്കുന്നത് പ്രണയത്തിന്റെ പരമമായ സ്വാതന്ത്ര്യമായിരുന്നു.... പെയ്യാൻ തുടങ്ങുന്ന ആ പ്രണയമഴയ്ക്ക് സാക്ഷിയായി, അവളുടെ ആ ഒരു വാക്കിനായി അവൻ ഇന്നും ആ നിഴൽ വീണ വരാന്തയിൽ കാത്തുനിൽക്കുന്നു.

ഞാനും ചന്ദ്രുവും ആ കൽവരാന്തയുടെ അതിരിലേക്ക് നടന്നു നീങ്ങി. അന്തരീക്ഷം അത്രമേൽ കനംതൂങ്ങി നിന്നിരുന്നു. വായുവിന് ഒരു കടുത്ത തണുപ്പായിരുന്നു – ശ്വാസമെടുക്കുമ്പോൾ നെഞ്ചിലേക്ക് അരിച്ചുകയറുന്ന, പെയ്യാൻ വെമ്പിനിൽക്കുന്ന മഴയുടെ തണുപ്പ്. പെട്ടെന്നാണ് ആകാശം കരിമ്പാറ പോലെ പൊട്ടിപ്പിളർന്നത്. വൻമരങ്ങളുടെ ഇലച്ചാർത്തുകളെ ഭേദിച്ച്, വലിയ തുള്ളികളായി മഴ ക്യാമ്പസ് മുറ്റത്തേക്ക് ആഞ്ഞുവെട്ടി. വരണ്ടുണങ്ങിക്കിടന്ന കരിങ്കൽ പാളികളിലേക്ക് ആദ്യ തുള്ളികൾ വീണപ്പോൾ ഉയർന്ന മണ്ണിന്റെ സുഗന്ധം വരാന്തയിലാകെ പടർന്നു. നിമിഷനേരം കൊണ്ട് കലാലയം ഒരു തണുത്ത ജലാശയമായി മാറി. കാറ്റിന്റെ വന്യമായ ആഞ്ഞടിക്കലിൽ മഴത്തുള്ളികൾ വരാന്തയുടെ ഉള്ളിലേക്ക് തെറിച്ചുവീണ് ഞങ്ങളുടെ കാലുകളെ നനയ്ക്കുന്നുണ്ടായിരുന്നു. നനയാതിരിക്കാൻ പുസ്തകങ്ങൾ തലയ്ക്കുമേൽ പിടിച്ച്, പുകമറപോലെ പെയ്യുന്ന ആ തണുത്ത തുള്ളികളിൽ നിന്നും ഓടിയൊളിക്കാൻ വിദ്യാർഥികൾ നാലുപാടും ചിതറിയോടി. തണുത്തു വിറച്ച ക്യാമ്പസ് വലിയൊരു ശബ്ദകോലാഹലത്തിലേക്കു വഴിമാറി. ആ കനത്ത പുകമഴയ്ക്കും തണുപ്പിനും ഇടയിലൂടെ, പ്രപഞ്ചത്തിന്റെ സകല കോലാഹാലങ്ങളെയും നിശബ്ദമാക്കികൊണ്ട് ആ ഒരൊറ്റ നോട്ടം എന്റെ ആത്മാവിലേക്ക് പെയ്തിറങ്ങി...

ആ ഒരൊറ്റ നോട്ടത്തിൽ എന്റെ ആത്മാവിൽ അതുവരെ ഉറങ്ങിക്കിടന്ന ഏതോ ഒരു തന്ത്രി ആറ്റു വീഴുന്നതായി ഞാൻ അറിഞ്ഞു. എന്റെ സിരകളിലൂടെ ഒരു കനത്ത മിന്നൽപ്പിണർ പാഞ്ഞുപോയി; ശരീരം മുഴുവൻ പ്രണയത്തിന്റെ ആദ്യ തണുപ്പാൽ ചിലരിട്ടു നിന്ന്. ഹൃദയം അതിന്റെ സാധാരണ താളങ്ങളെല്ലാം മറന്ന്, ആർക്കോ വേണ്ടി ദ്രുതഗതിയിൽ തുടിക്കാൻ തുടങ്ങി. വാക്കുകൾക്കോ യുക്തികൾക്കോ വിശദീകരിക്കാൻ കഴിയാത്ത, ഭൂമിയിലെ ഒരു ഭാഷയിലും എഴുതപ്പെടാത്ത ഒരു വിചിത്ര വികാരം എന്നെ പൂർണ്ണമായും കീഴടക്കുകയായിരുന്നു. ആ നിമിഷം, ആ കനത്ത പുകമഴയ്ക്കപ്പുറം പ്രപഞ്ചത്തിലെ മറ്റെല്ലാം മാഞ്ഞുപോയിരുന്നു; എന്റെ കാഴ്ചയിൽ അവളും അവളുടെ മുഖവും മാത്രമായി ചുരുങ്ങി.

അവളുടെ നെറ്റിത്തടം... അത് വെറുമൊരു കാഴ്ചയല്ലായിരുന്നു, മറിച്ച് പ്രണയത്തിന്റെ വിശുദ്ധ വാക്യങ്ങൾ എഴുതിവെച്ച ഒരു വെളുത്ത കൽപ്പാളി പോലെ പ്രകാശപൂർണ്ണമായിരുന്നു. അവളുടെ മൂക്കിന്റെ ആ തനതായ വശ്യതയും, മഴത്തുള്ളികൾ തൊട്ടുരുമ്മി നിൽക്കുന്ന ആ കവിതൾത്തടങ്ങളും എന്റെ മിഴികളെ തളച്ചിട്ടു. എന്നാൽ എല്ലാറ്റിനുമപ്പുറം, ആ കറുത്ത പവിത്രവരണത്തിനുള്ളിൽ വിരിഞ്ഞ അവളുടെ ആ അധരങ്ങളും, അതിൽ ഒളിഞ്ഞിരുന്ന ആ കുഞ്ഞു പുഞ്ചിരിയുമായിരുന്നു എന്നെ നിശബ്ദനാക്കിയത്. ഒരറബിക് കവിതയിലെ ഏറ്റവും മനോഹരമായ വരി പോലെ മാസ്മരികമായിരുന്നു ആ ചിരി. ആ മുഖം മാത്രം നോക്കി, കാലത്തിന്റെ അതിരുകൾ മറന്ന് എത്രയുഗം വേണമെങ്കിലും നിൽക്കാൻ എനിക്ക് തോന്നി. ഒരു വിപ്ലവകാരി ചരിത്രത്തിന് മുന്നിൽ കീഴടങ്ങുന്നത് പോലെ, ഞാൻ ആ കൽവരാന്തയിലെ ആദ്യ മഴയിൽ അവളുടെ ആ പുഞ്ചിരിക്ക് മുന്നിൽ പൂർണ്ണമായും തോറ്റുകൊടുക്കുകയായിരുന്നു.

അവൾ അതുവരെ ആ കനത്ത മഴയുടെ അതിരിലായിരുന്നു നിന്നിരുന്നത്. ആകാശത്തുനിന്നും പെയ്തിറങ്ങുന്ന വന്യമായ തുള്ളികൾ അവളെ തൊട്ടുരുമ്മി കടന്നുപോകുന്നുണ്ടായിരുന്നു. എന്നാൽ പെട്ടെന്നാണ്, ആ കനത്ത പേമാരിയെ പിന്നിലാക്കികൊണ്ട് അവൾ മുന്നോട്ട് നടന്നത്. മഴ പെയ്യുന്ന ആ നനഞ്ഞ ലോകത്തുനിന്നും, ആകാശത്തിന്റെ കോപത്തിൽ നിന്നും രക്ഷതേടി അവൾ ഞങ്ങൾ നിൽക്കുന്ന വരാന്തയുടെ ആ തണലിന്റെ കാവലിലേക്ക് അടുത്തു വന്നു.

മഴയുടെ തണുപ്പിൽ നിന്നും അവൾ ആ കൽത്തണലിലേക്കു അഭയം തേടിയ ആ നിമിഷം, എന്റെ പ്രണയത്തിന്റെ തീരത്തേക്കാണ് അവൾ നടന്നു കയറിയത്. അവൾ വരാന്തയിലേക്ക് ചുവടുവച്ചപ്പോൾ അവളുടെ മൂടുതട്ടം നിന്നും കാറ്റിൽ പറന്നു വീണ മിസ്ക് ആ വായുവിനെ ഒന്നുകൂടി ആർദ്രമാക്കി. പ്രപഞ്ചത്തിലെ എല്ലാ വിപ്ലവങ്ങളും ആശയങ്ങളും കലഹങ്ങളും ഒരു നിമിഷം കൊണ്ട് അവിടെ അപ്രസക്തമാവുകയായിരുന്നു.

മഴയുടെ വന്യമായ നനവോടെയാണ് അവൾ ആ കൽവരാന്തയുടെ തണലിലേക്ക് ഒരുങ്ങിനിന്നത്. ആകാശത്തിന്റെ കന്നിമഴ അവളുടെ ആ മുഖത്തെ പൂർണ്ണമായും കഴുകിത്തുടച്ചിരുന്നു. ഇതളുകളിൽ പനിനീർത്തുള്ളികൾ തങ്ങിനിൽക്കുന്ന, വനത്തിലെ പോലെ പ്രകൃതിഭംഗിയുണ്ടായിരുന്നു ആ മുഖത്തിന്. ഓരോ മഴത്തുള്ളിയും അവളുടെ കവിളിലൂടെ ഒളിച്ചിറങ്ങുമ്പോൾ അത് പ്രകൃതി അവൾക്ക് ചാർത്തിയ സൗന്ദര്യത്തിന്റെ മുദ്രകളായിരുന്നു. പെട്ടെന്നാണ്, യാതൊരു മുന്നറിയിപ്പുമില്ലാതെ അവൾ തന്റെ തലയുയർത്തി എന്നെ നോക്കിയത്. ചരാചര തമ്പുരാനേ, അവളുടെ ആ കണ്ണുകൾ... ഒരു വേട്ടക്കാരന്റെ തീക്ഷ്ണതയുള്ള, എന്നാൽ വശ്യമായ ഒരുതരം ക്രൂരസൗന്ദര്യമായിരുന്നു ആ മിഴികൾക്ക്! ഇരയെ ഒരൊറ്റ നോട്ടം കൊണ്ട് തളച്ചിടുന്ന വന്യമൃഗ



ത്തിന്റെ വശ്യത.
ഞങ്ങൾ അത്രമേൽ അടുത്തായിരുന്നു നിന്നിരുന്നത്. ആ നനഞ്ഞ വായുവിനെയും തണുത്ത കാറ്റിനെയും സാക്ഷി നിർത്തി, എന്റെ ശ്വാസത്തിന്റെ ചൂട് അവളിലേക്ക് പടരുന്നത്ര അടുത്തായിരുന്നു ഞങ്ങൾ. ആ നിമിഷം, ആ കനത്ത പേമാരിയുടെ പശ്ചാത്തലത്തിൽ അവൾ എന്നെ നോക്കി ഒന്ന് പുഞ്ചിരിച്ചു. അവളുടെ ആ അരുണധരങ്ങളിൽ വിരിഞ്ഞ ചിരി പ്രപഞ്ചത്തിന്റെ സകല യുക്തികളെയും തച്ചുടയ്ക്കുന്നതായിരുന്നു. വാക്കുകൾക്കോ തത്വചിന്തകൾക്കോ വിശദീകരിക്കാൻ കഴിയാത്ത, പ്രപഞ്ചം മുഴുവൻ പെട്ടെന്ന് നിശ്ചലമായിപ്പോയ ഒരു ധന്യനിമിഷം! എന്റെ ഹൃദയത്തിന്റെ എല്ലാ ആദർശക്കോട്ടകളെയും തകർത്തു തരിപ്പണമാക്കാൻ ആ ഒരൊറ്റ നിമിഷത്തെ ചിരി മാത്രം മതിയായിരുന്നു. എന്റെ നെഞ്ചിടിപ്പ് അതിന്റെ സകല താളങ്ങളും തെറ്റിച്ച് ആഞ്ഞുതുടിക്കുന്നത് ഞാൻ അറിഞ്ഞു. പക്ഷെ, കാലം ആ മന്ത്രികനിമിഷത്തെ അധികം നീട്ടികൊടുത്തില്ല. ആൾക്കൂട്ടത്തിന്റെ ബഹളങ്ങൾക്കിടയിൽ നിന്നും, വീട്ടിലേക്ക് മടങ്ങാൻ ആഹ്വാനം ചെയ്തുകൊണ്ട് അവളുടെ കൂട്ടുകാരിയുടെ ഉച്ചത്തിലുള്ള വിളി പെട്ടെന്ന് ആ വരാന്തയിൽ മുഴങ്ങി. 'ആ പേര് അന്തരീക്ഷത്തിന്റെ നനവിലേക്ക് അലിഞ്ഞിറങ്ങിയ നിമിഷം, എന്റെ പ്രപഞ്ചം ഒരു മാത്ര നിശ്ചലമായി.. എന്റെ ഹൃദയമിടിപ്പ് അതിന്റെ താളങ്ങളെല്ലാം മറന്നന്നു.

her name??

നൂറ്റാണ്ടുകളുടെ ആത്മീയ ഗാഭീര്യവും പവിത്രയുടെ സുഗന്ധവും പേറുന്ന ഒരു പുരാതന അറബിക് കാവ്യം പോലെ ആ നാമം വായനാമുറിയിലെ വായുവിൽ അലതല്ലി. മണലാരണ്യത്തിലെ കടുത്ത വേനലിനൊടുവിൽ ഒളിഞ്ഞിരിക്കുന്ന ഒരു മാന്ത്രിക ഒയാസിസ് പോലെ, കേൾക്കുമ്പോൾ തന്നെ ആത്മാവിനെ കുളിരണിയിക്കുന്ന നാമം. പുരാതന മരുഭൂമിയിലെ വെള്ളിനിലാവിനോടും, പ്രകൃതിയുടെ നിഗൂഢമായ വിനയത്തോടും കാവ്യചാര്യന്മാർ ഉപമിച്ച ആ വിശുദ്ധ നാമം, എന്റെ മുന്നിൽ നിന്ന ആ അപൂർവ സൗന്ദര്യത്തെ പ്രപഞ്ചത്തിലെ ഏറ്റവും വലിയ വിസ്മയമാക്കി മാറ്റി. അത്രയും നേരം വാക്കുകൾക്ക് അതീതമായി നിന്ന ആ കൺകുളിർ കാഴ്ചയ്ക്ക് ഒടുവിൽ ആത്മാവുള്ള ഒരു പേര് കൈവന്നിരിക്കുന്നു! ഒരറബിക് ഗസലിന്റെ ഏറ്റവും ഹൃദയഭേദകമായ പല്ലവി പോലെ, ആ നാമം എന്റെ കാതുകളിൽ വന്നു പതിക്കുമ്പോൾ ഞാൻ അവളിലേക്ക് പൂർണ്ണമായും പെയ്തുതീരുകയായിരുന്നു.'
അതോടെ ആ മാസ്മരിക വലയം പൊട്ടിത്തകർന്നു. യാത്രപറഞ്ഞു പിരിയുന്ന ആ അവസാന നിമിഷത്തിലും, എന്നെ തന്റെ പ്രണയത്തിന്റെ നിഗൂഢമായ ചങ്ങലകളിൽ എന്നെന്നേക്കുമായി തളച്ചിട്ടുകൊണ്ട് അവൾ അവസാനമായി ഒരിക്കൽകൂടി എന്നെ നോക്കി വശ്യമായി പുഞ്ചിരിച്ചു. തുടർന്ന് ആ തണുത്ത പുകമഴയുടെ മറവിലേക്ക് അവൾ ഒരു നിഴൽ പോലെ നടന്നു മറഞ്ഞു. അവൾ പോയതോടെ ആ വരാന്തയ്ക്ക് കടുത്ത തണുപ്പേറിയതു പോലെ തോന്നി. അവൾ നടന്നുപോയ ആ വഴിയിലേക്ക് നോക്കി നിൽകുമ്പോൾ, ഞാൻ പ്രണയത്തിന്റെ എത്രമേൽ ആഴമുള്ള, ഒരൊറ്റ നോട്ടം കൊണ്ട് തിരിച്ചുകയറാൻ കഴിയാത്ത ഒരു കയത്തിലേക്കാണ് വഴുതിവീണതെന്ന് എനിക്ക് അപ്പോൾ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.
അന്ന് ആ വരാന്തയിൽ പെയ്ത കന്നിമഴയ്ക്ക് ശേഷം ഇന്നോളം എന്റെ കലാലയ ദിനങ്ങൾ മാഞ്ഞുപോയിട്ടില്ല.
ആശയങ്ങളുടെ കനൽപ്പാതകളിൽ നടന്നിട്ടും, പ്രണയത്തിന്റെ ആർദ്രതയ്ക്ക് മുന്നിൽ തന്റെ സർവ്വ ദാർഷ്ട്യവും വാഴിമാറ്റിവെച്ച്, ആ പെൺകുട്ടിയുടെ ഒരൊറ്റ മറുപടിക്കായി ചന്ദ്രു ഇന്നും ആ കൽത്തൂണുകളിൽ ചാരി ക്ഷമയോടെ കാത്തുനിൽക്കുന്നു. അവന്റെ പ്രണയം രാഷ്ട്രീയത്തിന്റെ അതിർവരമ്പുകൾ ഭേദിച്ച ഒരു സുന്ദര വിപ്ലവമായി ഇപ്പോഴും ജ്വലിച്ചുനിൽക്കുകയാണ്. എന്നാൽ ഞാൻ, ആകാശം ഇരുണ്ടുനിന്ന ആ കന്നിമഴക്കാലത്ത്, അവളുടെ ആ ഒരൊറ്റ നോട്ടത്തിന്റെ നിഗൂഢവലയത്തിൽ കുടുങ്ങി ഇന്നും ആ കൽവരാന്തകളിൽ അലഞ്ഞുതിരിയുകയാണ്...
തന്റെ പ്രണയം ഒരു പമ്പരം പോലെ തന്നെ കറക്കുമ്പോഴും അതിൽ ആനന്ദം കണ്ടെത്തുന്ന ചന്ദ്രുവിന്റെ ആ അഗാധമായ കാത്തിരിപ്പിനും, ഒരു നിമിഷത്തെ നോട്ടം കൊണ്ടും ഒരു നാമം കൊണ്ടും എന്നെന്നേക്കുമായി വേട്ടയാടപ്പെട്ട എന്റെ ഈ കന്നിപ്രണയത്തിനും ആ കലാലയ വരാന്തകൾ എന്നും സാക്ഷിയാണ്. കാലം മായം.. പക്ഷെ ആ കരിങ്കൽ തൂണുകൾക്കിടയിലൂടെ അരിച്ചെത്തുന്ന കാറ്റിന് ഇന്നും ഞങ്ങളുടെ പ്രണയത്തിന്റെ നനവുണ്ട്; പെയ്തുതീരാത്ത ആ പഴയ കലാലയ മഴയുടെ പരിമളം.

# ഒരു ജനാലയ്ക്കപ്പുറം

Shehna S
III BA Ecomaths



ഈ കത്ത് എഴുതുന്നത് 2026-ലാണ്. കോളേജ് ജീവിതത്തിന്റെ അവസാന പടവുകൾ പിന്നിടുന്ന ഒരു സാധാരണ വിദ്യാർത്ഥിയായാണ് ഞാൻ ഇന്ന് നിൽക്കുന്നത്. മുന്നിലുള്ള വഴികൾ വ്യക്തമായിട്ടില്ല. സ്വപ്നങ്ങളുണ്ട്, പ്രതീക്ഷകളുണ്ട്, അതുപോലെ കുറച്ചു ആശങ്കകളുമുണ്ട്.

പത്ത് വർഷങ്ങൾക്കുശേഷം നീ ഈ കത്ത് വായിക്കുമ്പോൾ ജീവിതം എങ്ങനെയായിരിക്കുമെന്ന് എനിക്കറിയില്ല. ഇന്ന് ആഗ്രഹിക്കുന്ന ജോലി നേടിയിട്ടുണ്ടാകുമോ? പഠിക്കാൻ ആഗ്രഹിച്ച സ്ഥലങ്ങളിൽ എത്തിയിട്ടുണ്ടാകുമോ? കണ്ട സ്വപ്നങ്ങളിൽ എത്രയെണ്ണം യാഥാർത്ഥ്യം ആയിട്ടുണ്ടാകും? ഉത്തരം എനിക്കറിയില്ല.

എന്നാൽ ഒരു കാര്യം ഞാൻ പ്രതീക്ഷിക്കുന്നു. ഈ പത്ത് വർഷങ്ങൾക്കിടയിൽ നീ നേടിയ ഏറ്റവും വലിയ വിജയം പദവികളോ പണമോ അല്ല, മറിച്ച് ഒരു നല്ല മനുഷ്യനായി വളർന്നത് ആയിരിക്കണം.

ഇന്ന് കോളേജിലെ ക്ലാസ്സ്മുറികളും, ലൈബ്രറിയും, കാന്റീനും, സുഹൃത്തുക്കളുമായുള്ള ചിരികളും എല്ലാം ജീവിതത്തിന്റെ ഭാഗമാണ്. പക്ഷെ നാളെ ഇവയെല്ലാം ഓർമ്മകളായിരിക്കും. അതുക്കൊണ്ട് 2036-ലെ നീ ഈ ഓർമ്മകളെ ഒരിക്കലും മറക്കരുത്.

2026 എന്ന വർഷം ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സമയമാണ്. പുതിയ സാങ്കേതികവിദ്യകളും കൃത്രിമ ബുദ്ധിയും മനുഷ്യരുടെ ജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. 2036-ൽ ലോകം എത്രത്തോളം മാറിയിട്ടുണ്ടാകുമെന്ന് എനിക്ക് അറിയില്ല. എന്നാൽ എത്ര മാറ്റങ്ങൾ വന്നാലും മനുഷ്യന്റെ മൂല്യങ്ങളും കരുണയും സത്യസന്ധതയും നഷ്ടപ്പെടരുത്.

ജീവിതത്തിൽ വിജയങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിനയത്തോടെ തുടരുക. പരാജയങ്ങൾ നേരിട്ടിട്ടുണ്ടെങ്കിൽ അവയെ പാഠങ്ങളായിക്കാണുക. കാരണം ജീവിതം ഒരിക്കലും നേരായ ഒരു രേഖയല്ല; അത് വളവുകളും തിരിവുകളും നിറഞ്ഞ ഒരു യാത്രയാണ്.

ഇന്ന് ഞാൻ നിനക്കായി കുറച്ച് സ്വപ്നങ്ങൾ എഴുതിവെക്കുന്നു. പഠനം തുടരുക. കുടുംബത്തിന് അഭിമാനമാവുക. സമൂഹത്തിന് ഉപകാരപ്പെടുന്ന ഒരാളാകുക. നിന്റെ കഴിവുകൾ മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കുക. ഇവയിൽ എത്രയെണ്ണം നേടിയെന്ന് അറിയില്ല, പക്ഷെ ശ്രമം ഒരിക്കലും അവസാനിപ്പിക്കരുത്.

പത്ത് വർഷങ്ങൾക്കുശേഷം ഈ കത്ത് വായിക്കുമ്പോൾ, 2026-ലെ എന്നെ ഓർക്കുക. ഭാവിയെക്കുറിച്ച് ആശങ്കകളുണ്ടായിരുന്നെങ്കിലും പ്രതീക്ഷ കൈവിടാത്ത ഒരു വിദ്യാർത്ഥിയായിരുന്നു ഞാൻ. നീ എവിടെയായിരുന്നാലും, എത്ര ഉയരങ്ങളിലെത്തിയാലും, നിന്റെ വേരുകൾ മറക്കരുത്. കാരണം ഒരു വൃക്ഷത്തിന്റെ ശക്തി അതിന്റെ ശാഖകളിലല്ല, അതിന്റെ വേരുകളിലാണ്.

അടുത്ത പത്ത് വർഷങ്ങൾ നിന്നെ നല്ല അനുഭവങ്ങളിലേക്കും മനോഹരമായ മനുഷ്യബന്ധങ്ങളിലേക്കും നയിക്കട്ടെ.

പ്രതീക്ഷയോടെ,

2026-ലെ നീ

# THE FINAL MERCY

AFEEFA N R
III BA English



Born and submerged in hatred,
In hunger for another's wealth
The world forms its own venom,
The subject drinks it deeply
From the hand that feeds it.
In the black lungs of the galaxy,
Beneath the weight of silent stars
Cries tear through the void..
Echoes of centuries to come
Shaped by fear.
By blood flung against the earth
By the shattered breath
Of the loved ones left behind.
Justice flickers, Freedom rusts,
Yet the world flowers still
Not with life
But with graves of innocents.
The world turns and turns
Grinding bone into dust
Until it collapses into itself
Devouring its own shadow and ash
Erasing every story
Saving only in memory
To be spoken if any live to tell the tale
And as all things rot toward an ending
And perhaps the last mercy
For injustice
Is the ruin of Earth itself
A silence is so complete
Even suffering cannot survive it
After all, was it not silence They wanted all along?

# COLLEGE UNION


Raja Sethupathy
Union chairperson


Hafsa N K
Vice chairperson


Muhammed Gazali N
General secretary


Muhammed Farhan s
Arts club secretary


Adil Shanavas
UUC


Akhila R
UUC


Anandhu D Raj
Magazine editor


Hajira Basha
Sports club


Jeevan Krishna R
Sc/ St rep


Mehra Suthana N J
Lady rep


Dilsha Najeem
Lady rep


Arjun Krishna A
1st DC Rep


Nandana A R
2nd DC Rep


Aleena D S
3 rd Dc Rep


Esha Ayub
1st PG Rep


Muhammed Unais N
2nd PG Rep

# EDITORIAL BOARD



Dr. M. J. Sheeba *(Principal)* | Dr. Boby T Edwin *(Vice Principal)* | Dr. Adersh V. K. *(Vice Principal)*| Dr. Firos Khan A *(Staff Advisor)*| Niyas S. M. *(Staff Editor)* | Anandhu D. Raj *(Magazine Editor)* | Dr. E. Najeem / Dr. Shafana Shaffi / Haseena S. / Dr. Thanuja Thaha / Sadique M. R. / Saidali / Nandhu / Muhsin / Ashmi | Vivek V. / Eleena Thomas Oonnoony / Thanzil N. / Arun A. / Amalsha / Aaryan

# Union Inauguration



# Union Programmes




















# College Arts









YOUR OUTFIT CALLED.
IT WANTS JEWELLERY
The finishing touch that makes it all *yours*.
YOUR COLLEGE ID JUST GOT YOU
10% OFF*
SHOW YOUR VALID COLLEGE ID & ENJOY
10% OFF ON ALL ORNAMENTS & ACCESSORIES.
Scan and follow us on Instagram
VEMORA
JEWELLERY CRAFTED FOR EVERY STORY.
Opposite Supreme Bakers & Supermarket, Karicode, Kollam
*Offer applicable to ornaments and accessories only, T&Cs apply.


Tkm Premier League &
Annual Sports



House Of Flavours
O2 CAZA
O2.CAZA


S.N DENTAL CARE
SPECIALITY DENTAL CLINIC
Your Smile Our Priority
" Expert Care for Every Smile "
OUR SERVICES
ALIGNERS
ROOT CANAL TREATMENT
DENTAL IMPLANTS
CROWNS & BRIDGES
SMILE MAKEOVER
CHILD DENTISTRY
TOOTH EXTRACTION
PREVENTIVE DENTAL CARE
Healthy Smiles Happier Lives
S.N DENTAL CARE
SPECIALITY DENTAL CLINIC
NEAR MANIS TEXTILES, MOONAMKUTTY
KOLLAM - 691 006
Clinic Number
7736959794
Dr. Saran B Raj
(Consultant Dentist)
8078127154
BOOK YOUR APPOINTMENT TODAY!
ALL AGE CARE
SAFE & PAINLESS TREATMENT
YOUR TRUST OUR COMMITMENT
HEALTHY SMILES BRIGHTER TOMORROWS


ഓണാശംസകളോടെ...
ദന്താശുപത്രി
SN DENTAL CLINIC
NEAR MANIS TEXTILES, MARKET ROAD
MOONAMKUTTY, KOLLAM
TIMING : 9AM TO 8 PM
CLINIC NO: 7736959794, DR. NO: 8078127154
CHIEF DOCTORS
Dr. Saran B. Raj
(Nims Medicity)
Dr. Reshma R. Nair
(Govt. Dental College, Tvm
NS Co-operative Hospital, Kollam)
OUR DOCTORS
Dr. Vimal
(Maxillo Facial Surgeon
Govt. Dental College, Kottayam)
Dr. Amal Shajahan
(Govt. Dental College Trivandrum)
Dr. Santhosh (Pedo Specialist)
Dr. Arjun
(Pedodontist, Azeezia Medical College)
Dr. Gokul
(Laser & Cosmetic Dentistry)
Dr. Anoop
(Implantologist, HOD. Nims Medicity)
Dr. Arun
(Implantologist Govt. Dental college Kozhikode)
Dr. Ashish
(Root Canal Specialist)
Dr. Shine
(Orthodontist, Aligner Specialist)


KERALA BANK
Kerala State Co-operative Bank
A SCHEDULED BANK
കേരള ബാങ്ക്
സംരംഭക
വായ്പകൾ
KB MSME LOAN
KB മിത്രാ വായ്പ (MSME)
KB സുവിധ (MSME) (40 ലക്ഷം വരെ)
KB സുവിധ പ്ലസ് (MSME) (2 ലക്ഷം വരെ)
കേരള ബാങ്ക്
വ്യാപാർ മിത്ര
MSME TERM LOAN
THE KERALA STATE CO-OPERATIVE BANK LTD
കേരള സംസ്ഥാന സഹകരണ ബാങ്ക്
മലയാളിയുടെ സ്വന്തം ബാങ്ക്
www.kerala.bank.in


VARNIQ
DESIGNS
By R
CUSTOMIZED
EARRINGS
BANGLES
GIFT
HAMPER
RENTAL
JEWELLERY
VARNIQ DESIGNS BY R
TKM Engineering College Road
KARICODE
Ph: 9048142434
Customized With Love • Crafted With Elegance


TKM COLLEGE OF ARTS & SCIENCE
ഹസാര കലാലയ യൂണിയൻ
2025-26








Selected for RDC











PrintMart
Thattarkonam, Kottamkara, Kollam
Printmartklm@gmail.com
PRINT MART
Jersey Company
Cap Print
Flag Print
Head Band Print
T-Shirt Print
Sublimation
Jersey
Uniform
Wednesday Uniform
Track pants
Sashes
T-SHIRT MOCKUP
SCHOOL LEADER
For More Details
Ph: +91 9605 222 333, +91 7025 005 566




ENJOY THE
JOURNEY
TRAVEL MORE, CREATE MEMORIES
NEXGEN
PUTHENVEEDANS CONCERN
TRAVEL HUB
Cheriyela, Kollam
MARRIAGE | PILGRIM | FAMILY TRIPS | SCHOOL / COLLEGE TRIPS
8156935066 | 9188225431 | 9633351423 | 7907267765
24 SEAT • A/C NON A/C • PUSHBACK
19, 32, and 49-seater buses and travellers available for all trips. Contact us Today!
KL 02 CB 0898


ഉലകം ഇങ്ങി
വന്നിരിക്കേ
മിശിഹാവേ...
TINA FANS
MCAS












T.K.M. COLLEGE OF ARTS & SCIENCE
























A 18 Principal











*TKM College of Arts and Science promotes sports excellence through dedicated Athletics and Swimming Sports Hostels, supporting systematic training, academic growth and holistic development. These achievements reflect the collective efforts of students, coaches, faculty and institutional leadership, strengthening the college's sporting identity.*

Scan the QR Code to Explore Our College's Achievements – 2025–26







അന്നും ഇന്നും പ്രമുഖ കമ്പനികളുടെ
ഉത്പന്നങ്ങൾ മാത്രം നിങ്ങളിൽ എത്തിച്ചുകൊണ്ട്
പതിനെട്ടാം വർഷത്തിലേക്ക്
ARUN TRADERS
ELECTRICAL & PLUMBING
Moonamkutti, Kollam (opp: K.J Hospital)
9387310417, 9387310418
ONE STOP SOLUTION
FOR ALL YOUR ELECTRICAL & PLUMBING NEEDS
QUALITY TRUST SERVICE
SINCE 1980
AUTHORISED DEALERS FOR:
DEWTON LED GERMANY
LUKER JV LUKER USA
RR KABEL WIRES & CABLES
Finolex
Crompton
legrand
L&T Electrical & Automation
atomberg
orient electric
HAVELLS
Supreme People who know plastics best
GM SWITCH TO A BETTER WORLD
Parryware always in fashion
M Brand
CERA SANITARYWARE
V-GUARD
Volga PVC PIPES
PHILIPS
POLYCAB WIRES & CABLES
ANCHOR by Panasonic
ZOLOTO VALVES
Kera The Best Pumps
LAKSHMI PUMPS & CABLES
Since 1968 MAHENDRA PUMPS
HYCOUNT
HYCOUNT Count High on Hycount Market Leader Since 1980
ERIK
100% GENUINE PRODUCTS
COMPETITIVE PRICES
TIMELY DELIVERY
EXPERT SUPPORT
Strong Brands... Stronger Connections!
WIRES & CABLES
SWITCHES & ACCESSORIES
PIPES & FITTINGS
PUMPS & MOTORS
LIGHTING SOLUTIONS
Moonamkutti, Kollam (opp: K.J Hospital)
9387310417, 9387310418

# *Digital Echoes of the Soul*

ANAGHA V
I MSc Physics

"No, you are not good enough,
you are not good enough."
The comment box by the horde.
"That is ridiculous." "Stop posting."
"I am so glad I am not you."
"Oh, they are joking," says comfort,
but she wails and whimpers.
"Not good enough,"
"Not good enough."
The echoes.
The chambers echo. The chambers?
A meandering mind.
A labyrinth—would you dare?
A maze—do not be lost!
Stop wandering, stop following the echoes!
Ever so loud. Ever so reverberant.
But where to go?
"Not good enough,"
Voices morph,
"Never be good enough,"
"Never be good enough,"
Voices morph,
"Kill yourself, kill yourself,"
"Die, die."
Voices morph.
Knives look tempting.
Poison—enticing.
Blue Whale. Blue Whale—oh,
what a predator?
Lives at stake, lives taken.
Echoes.
More echoes.
Echoes—louder, clearer.
"Shut it out! Stop it, stop it!"
She wails and whimpers.
But it doesn't.
And she picks up her phone again.
Eyes aghast—horror—widened.
Teary—a flood.
"Hey, that is pretty,"
The comment box.
"Eww." "You're disgusting."
The comment box.
The bipolar comment box.
The bipolar feelings. Bipolar?
Episodes—now she pulls her hair,
with all her might.
Shriek. Scream. Starve. Sick.
The eerily joyous, pompous echoes.
Sonorous, they laugh, they smile.
Loud in empty silence.
Stark amidst the fire.
Drown it all, drown it out.
Help, help!
She drowns herself instead, help!
Voices morph, sights cloud, feelings shroud—
The food on the table goes cold.
Echoes, "Starve. Don't eat, you fat filth."
And mamma whimpers,
Wails, worries, wonders very wryly.
The echoes,
a symphony of echoes,
melancholic music,
dancing alone in the dark.
Meanwhile—
noises; nuisance; now a noose.
The echoes—subtle, subside.
...
The... echoes...?









“Colorful demonstrations and weekend marches are vital but alone are not powerful enough to stop wars. Wars will be stopped only when soldiers refuse to fight, when workers refuse to load weapons onto ships and aircraft, when people boycott the economic outposts of Empire that are strung across the globe. ”

– **Arundhati Roy**,
*Public Power in the Age of Empire*

# പിറക്കാതെ പോയ പ്രണയയുഗം

BAL K RAJ
I MA English

കാലം കനപ്പിച്ച കന്മതിലുകൾക്കുള്ളിൽ
ഞാൻ മറവുചെയ്ത നിന്റെ ഓർമ്മകൾ,
ഏത് അദൃശ്യവിളിയാലാണ്
വീണ്ടുമത് ഉണർന്നത്?

മറവിയുടെ ചാരംമൂടിയ വഴികളിലൂടെ
നീ ഇന്നും എൻ ഓർമ്മകളുടെ
അനശ്വരസ്പന്ദനമായി സഞ്ചരിക്കുമ്പോൾ,
ദൃഢമെന്നു വിശ്വസിച്ചൊരീ ഹൃദയഭിത്തികൾ
നിന്റെ സാന്നിധ്യത്തിന്റെ ഒരൊറ്റ നിഴലിൽ
ഹിമകണങ്ങളെന്നപോൽ ഉരുകിയൊലിക്കുന്നു.

അബോധത്തിന്റെ അഗാധതയിൽ
വേരുകളാഴ്ത്തിയ നിന്റെ സ്നേഹം
കാലത്തിനൊരിക്കലും പിഴുതെറിയാനാകാത്ത
ഒരു നിശ്ശബ്ദവൃക്ഷമായി എന്നിൽ തഴച്ചു വളർന്നിരിക്കുന്നു.

നിന്നെ നഷ്ടപ്പെട്ട ദിനം മുതൽ
എന്റെ ഓരോ പ്രഭാതവും
അസ്തമിക്കാതിരുന്നൊരു സന്ധ്യയുടെ
ദീർഘനിശ്വാസം പേറുന്നു.

ഉണർന്ന ഓർമ്മകളുടെ പൊള്ളലിൽ ഓരോ രാത്രിയും
ഞാൻ വീണ്ടും നിന്നെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

നിന്റെ അഭാവത്തിൽ
അപൂർണ്ണപരിണാമത്തിന് വിധിക്കപ്പെട്ട എന്റെ ആത്മാവ് ഇന്നും
പിറക്കാതെ പോയ
ഒരു പ്രണയയുഗത്തിന്റെ
അവസാന ശിലാഫലകമായി
കാലത്തെ ചുമന്നുനിൽക്കുന്നു.







# നീതി


FATHIMA AFRAH S R
I MA English


ഓരോ സാമ്രാജ്യത്തിനും
ജനാലകളില്ലാത്ത
ഒരു മുറിയുണ്ടാകും.
അവിടെ
വെളിച്ചം കടന്നുവരുന്നത്
നിയമവിരുദ്ധമാണ്.

അടച്ച അലമാരകൾക്കുള്ളിലെ മുദ്രവെച്ച ഫയലുകളുടെ
പുറംചട്ടയിൽ
നീതിയുടെ ചിഹ്നമുണ്ടാകും.
അകത്തെ താളുകളിൽ
അധികാരത്തിന്റെ വിരലടയാളങ്ങളും.

സത്യം
ഒരിക്കലും മരിക്കില്ലെന്ന്
പറയപ്പെടുന്നു.
പക്ഷേ,
അതിനെ വർഷങ്ങളോളം
ഫയലുകളുടെ ഇരുട്ടിൽ
ശ്വാസം മുട്ടിച്ചു കിടത്താമെന്ന്
ചരിത്രം ഇതിനകം തെളിയിച്ചിട്ടുണ്ട്.

അവസാനം, അടച്ചുവെച്ച അലമാരകളെക്കാൾ
ഭയപ്പെടുത്തുന്നത്
അവയുടെ താക്കോൽ
ആരുടെ കൈകളിലാണെന്നതാണ്.

# LOVE IN A VACUUM WORLD

ANAGHA V
I MSc Physics



"Remember, they predicted this in the 90-50s or something," Raju said excitedly, looking at the brand-new flying car his dad gifted him for his 13th birthday. It did not have an immensely powerful motor to visit the neighbouring planets, but it did a great job of lifting off the ground by a couple hundred feet. That was the permissible limit for someone his age. He believes his dad would gift him a full-blown Tesla Starcar-666 for his 18th.

"It's nineteen-fifties, you dumba--beep," the copilot attached to Radha's brain censored the profanity. They looked around Secodomi—the second planet. It is S.D. 176—about a million years from the so-called 19-50s.

They often sit and contemplate what life would have been like. "I wish I was born in the 3000s. Then there is life on Earth, but that was when they began space travel. Of course I love home, but can you imagine? There were those trees

and stuff. It was actually green—like all hues—bright, pastel, dark, yellowish. Alas!" information received: user Radha 73218 likes trees of..... goes the copilot.

Secodomi is a dim haven. It was the only place which fell just right—with the right amount of atmosphere and oxygen and the right circumstances to manufacture a billion gallons of drinking water on the nearby planet. It looks like it was dipped in a grim shade of violet. There's never silence or loneliness here. That's what makes it so appealing. The buildings are buzzing with activity. The sky is always filled with such a sight of flying cars and soaring hoverboards. Sometimes, some rich fella also projects movies on the sky with the latest adsorbent-laser technique which is sold at an ever-so-high cost to be used only once.

"What would you do on Earth?" Raju is puzzled. He cannot ever understand Radha. She is so humble, kind and loving, but even after being friends for 13 years, she is just a bundle of mystery. They were programmed to be friends, Radha says sadly. But why would she be sad about it? Isn't it a wonderful thing to be friends with him? Raju wonders, disconsolate.

I love her, he thinks. I love her so much. His copilot screen fills up with green error codes, running thousands of lines by the second every time he thinks of it. Radha makes fun of him. "You are so stu--beep, your copilot is falling apart trying to keep you alive!"

Raju smiles awkwardly. Little does she know... Little does she know.

*Radha just looked at him in bewilderment. Radha has such beautiful eyes. Her wave of luscious black hair falls down to her chest. Behind it, resting gently on her shoulder like a devil, is the co-pilot screen. Raju almost noticed a few flicking green something.*

"Well, first of all, we get to CHOOSE who we like and who we wanna be friends with," she said.

Here comes again, thought Raju, as green lines filed out.

"Do you not get it? One day, you are going to break the da--beep thing and they'll send you off to Teritia. Besides, you are better off without that anyway. Who knew the situation would be so dire and that humans would have been on the brink of extinction with wars and filled to the brim with hatred? Imagining not even falling in love because we apparently are too dangerous a species without technologically inculcated empathy."

"Love?" Raju almost blurted out, all jostled up. "Ahem... love? What do you mean, love?"

Radha just looked at him in bewilderment. Radha has such beautiful eyes. Her wave of luscious black hair falls down to her chest. Behind it, resting gently on her shoulder like a devil, is the co-pilot screen. Raju almost noticed a few flicking green something. Noticing his glance, she quickly brushed forward some more of her thick, wavy hair to cover the screen.

"What!" she tried to act nonchalant. "Yours is glitching too."

"What do you mean?"
"You know what I mean."

"No... I don't. You're being stu---beep."

"Radha," they sat staring into the depths of each other's souls through their eyes for a moment. Green lines—more green lines—sped furiously through.

"Turn it off."

"Huh?"

"Turn it all fer a second, I will too,"



KOLLAM DISTRICT
KERALA BANK EMPLOYEES
CO-OPERATIVE SOCIETY
KBECS Q1500
LTD.NO:Q.1500
KERALA BANK TOWER, CHINNAKKADA, KOLLAM
Mail ID: kdkbecsltdq1500@gmail.com
കൺസംഷൻ വായ്പ
10 ലക്ഷം രൂപ വരെ
(10.5 % പലിശ നിരക്കിൽ )
GDCS
10 ലക്ഷം രൂപ വരെ
ചേരുന്നതിനുള്ള സൗകര്യം
ലഭ്യമാണ്.
നിക്ഷേപങ്ങൾക്ക്
ആകർഷകരമായ
പലിശ
പ്രസിഡന്റ്
രാജേഷ്.റ്റി
9447896344
സെക്രട്ടറി
ദിലീപ് വിശ്വനാഥ്.ജെ
9447150849

# The Silent Transition

ANAGHA V
I MSc Physics



When I was a child, I remember the warmth of her hand on my forehead, checking for fever.

I remember how she carried me to the hospital when I couldn't walk, how she held me close when I was shivering. She would rush to buy medicines, talk to doctors with worried eyes, and sit beside me all night. Her own body aching, but never once complaining. At that time, I never thought about how much strength it took. But today, life quietly turned the table.

Today, I was the one holding her hand. I was the one taking her to the hospital, asking the questions, listening carefully, keeping strong. I was the one running to the pharmacy again and again, waiting in long queues, I was the one looking at her face, wishing she didn't have to go through this pain. And somewhere in that moment, in between the beeping monitors and the smell of hospital air, I realised that life is a circle.

The same hands that once fed me medicine are now the ones I help steady. The same woman who never let me feel alone in sickness is now relying on me to be her strength.

It's strange, isn't it?

How we grow up thinking our parents are invincible. Until one day, we become the ones protecting them. But I'm not sad. I feel honoured. This is love in its purest form. Not words. Not gifts. Just showing up. Taking care. Standing strong when they can't. Just like they did for us.

That's what life is:

A cycle of care. A return of love. A quiet, beautiful changing of roles.



# BRAVERY DROWNED

ANAGHA V
I MSc Physics

